പുസ്തകം 9 ലക്കം 2
ജനുവരി 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

മാസിക

Eka Thathwa



## ഒന്നും പുതിയതല്ല

## 25 നവംബർ 2018 ഞായറാഴ്ച മറിയുമ്മ ഹാൾ, ജില്ലാ ലൈബ്രറി, പാലക്കാട്





ഏക തത്ത്വയുടെ ഒമ്പതാം വാർഷിക വേദി പ്രശസ്ത കഥാകൃത്ത് ശ്രീ. സുരേഷ് തെക്കീട്ടിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് വാസന്തി ടീച്ചറുടെ കവിതാ സമാഹാരം 'ഹൃദയഗീതങ്ങൾ' അദ്ധ്യാപകനും ചിത്രകാരനും സാഹിത്യകാരനുമായ ശ്രീ. ടി. വി. നാരായണൻ കുട്ടി ശ്രീമതി. മാധവിക്കുട്ടി ടീച്ചർക്ക് നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. യു. ആർ. എഫ്. നാഷണൽ റെക്കോർഡ് ജേതാവും കഥാകൃത്തുമായ ശ്രീ. സുരേഷ് തെക്കീട്ടിലിനെ ഏക തത്ത്വയ്ക്കുവേണ്ടി കോളമിസ്റ്റും എഴുത്തുകാരനുമായ ശ്രീ. ഈശ്വർകുമാർ തരവത്ത് പൊന്നാടയണിയിച്ച് ആദരിച്ചു. പുസ്തകപരിചയം ശ്രീമതി. തുളസി കേരളശ്ശേരി നിർവ്വഹിച്ചു. ശ്രീ. സൈനുദീൻ മുണ്ടക്കയം, ശ്രീ. അശോകൻ രാജീവം ആശംസകളർപ്പിച്ചു. ശ്രീമതി. വാസന്തി മോഹൻ മറുപടി പ്രസംഗം നടത്തി. ബേബി നന്ദനയുടെ പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ശ്രീമതി. കൃഷ്ണ എഴക്കാട് കാവ്യാർച്ചന നടത്തി. ശ്രീ. ഈശ്വർകുമാർ തരവത്ത് സ്വാഗതവും ശ്രീ. ഉണ്ണി വിശ്വനാഥ് നന്ദിയും പ്രകാശിപ്പിച്ചു. ഉച്ച ഭക്ഷണത്തിനുശേഷം വൈകീട്ട് നാലുമണിവരെ സർഗ്ഗസംവാദവും കഥയും കവിതയും ഗാനങ്ങളും നാടൻ പാട്ടുകളുമായി ഏക തത്ത്വ കുടുംബാംഗങ്ങൾ ഒത്തുചേർന്നു. ഇന്ദു മാരാത്ത്, ഗിരിജാ മേനോൻ, ജലജ മേനോൻ, എ. രാധാകൃഷ്ണൻ, എടത്തറ ജയൻ, ബാലകൃഷ്ണൻ, ടി. കെ. ഉണ്ണികൃഷ്ണൻ, രജീഷ് കാളികാവ്, വി. കെ. എം. നായർ തുടങ്ങി പല പ്രമുഖരും പങ്കെടുത്തു.

---

## 8 ഡിസംബർ 2018 ശനിയാഴ്ച വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ

### സർഗ്ഗം സാഹിത്യ സംഗമവേദി പത്താമത് വാർഷികം



ശ്രീ. സുരേഷ് തെക്കീട്ടിലിനെ ആദരിക്കുന്നു.



ശ്രീ. ഉണ്ണി വിശ്വനാഥിന് പ്രത്യേക ജൂറി പുരസ്കാരം

---

## 23 നവംബർ 2018, വെള്ളിയാഴ്ച, ശ്രീ. സത്യസായി സേവാസമിതി, കൊടുവായൂർ, പാലക്കാട്



നാല്പത്തിയഞ്ച് വർഷത്തിലേറെയായി ശ്രീ. സത്യസായി സേവാസമിതി കൊടുവായൂരിന്റെ അമരക്കാരനായി സേവനമനുഷ്ഠിക്കുന്ന എ. രാമകൃഷ്ണൻ മാസ്റ്റർ മുപ്പത്തിമൂന്ന് വർഷം അദ്ധ്യാപകനായിരുന്നു. അദ്ദേഹം സ്വരൂപിച്ച ശ്രീ. സത്യസായി ബാബയുടെ തിരഞ്ഞെടുത്ത 108 മഹത് വചനങ്ങൾ അടങ്ങിയ 'എന്റെ ജീവിതം എന്റെ സന്ദേശം' എന്ന പുസ്തകത്തിന്റെ പ്രകാശനം ഏക തത്ത്വ എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ പ്രൊഫ. ലൈല ശശികുമാറിന് (റിട്ട. എച്ച്. ഒ. ഡി., മ്യൂസിക്) നല്കിക്കൊണ്ട് പ്രകാശനം നിർവ്വഹിക്കുന്നു.





ശ്രീ. സത്യസായി ബാബയുടെ 93ാമത് ജന്മദിനാഘോഷത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ വെച്ച് നാല്പത്തിയഞ്ച് വർഷത്തെ ഹോമിയോ ചികിത്സാരംഗത്ത് നിസ്വാർത്ഥ സേവനമനുഷ്ഠിക്കുന്ന ഡോ. സി. രാമകൃഷ്ണനെ ശ്രീ. ജോൺസണും (റിട്ട. അഗ്രികൾച്ചർ ഉദ്യോഗസ്ഥൻ) തുടർന്ന് ശ്രീ. രാജൻ എത്തനൂരും (റിട്ട. കെ. എസ്. ഇ. ബി. എൻജിനീയർ) സമിതിക്കുവേണ്ടി ആദരിച്ചപ്പോൾ.

₹ 15

# ഏക തത്ത്വ

മാസിക

**പുസ്തകം 9 ലക്കം 2**
**ജനുവരി 2019**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali
**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**
**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**



## ഉള്ളടക്കം

**ഗുരു**
7 - മഹാപാഠം
**ലേഖനം**
8 - പഴഞ്ചൊല്ലുകൾ ഇന്ന് കൂടുതൽ പ്രസക്തമായി വരുന്നു
- എം. എം. മേനോൻ
10 - ഉത്സവങ്ങളും ആഘോഷങ്ങളും
- ഏഴംകുളം മോഹൻകുമാർ
11 - വിചിന്തനം - നല്ലാട്ടിൽ ബാലകൃഷ്ണൻ
13 - ഭാരതത്തിന് അത്‌ലറ്റിക്സിൽ ഒളിമ്പിക്സ് മെഡൽ ?
- എസ്. എസ്. കൈമൾ
22 - വിശ്വാസങ്ങളിലെ സംശയങ്ങൾ - ഇന്ദു മാരാത്ത്
40 - വിശ്വാസം എന്നത് ശക്തിയും രക്ഷയുമാണ്
- ചെറിയാൻ തോട്ടുങ്കൽ
**കഥ**
21 - ദരിദ്രവാസി, പി. ആർ. ഒ. - സുരേഷ് തെക്കീട്ടിൽ
27 - ഫാത്തിമയുടെ കണ്ണീർ - അബ്ദുറബ്ബ്
28 - അനുഭവം ഗുരു - ടി. വി. നാരായണൻ കുട്ടി
31 - കാലചക്രം - സുഗുണ സന്തോഷ്
32 - മരുമകൾ - ടി. ജെ. നായർ
34 - മുള്ളന്റെ മോഹം - ടി. കെ. ഉണ്ണികൃഷ്ണൻ
38 - നന്ദിനി - എം. ഡി. വിശ്വംഭരൻ
41 - പ്രണയ മരീചിക - കൃഷ്ണ എഴക്കാട്
**കവിത**
15 - എന്റേതും നിന്റേതും - സൈനുദീൻ മുണ്ടക്കയം
23 - ഉയിർത്തെഴുന്നേൽപ്പ് - തുളസി കേരളശ്ശേരി
25 - മിനിക്കവിതകൾ - മുരളീധർ കൊല്ലത്ത്
25 - സൗഹൃദം - ഭാരതീ ഹരിദാസ്
29 - കല്പതരു - വിശ്വനാഥൻ
30 - നദികൾ ആകാശം തുന്നുന്നു - സ്റ്റെല്ല മാത്യു
31 - താരകളോട് - വിജയൻ കല്ലട
32 - വീണ്ടും ഒരു അവസരം - ശ്രീജ. ആർ
32 - പരിണയം - മായ ബാലകൃഷ്ണൻ
33 - മിഥ്യാ വിചാരം - പ്രതിഭ അമ്പാടി
35 - മായാത്ത ചിരി - അജയ് ബാലചന്ദ്രൻ
35 - വായന പ്രതികരണങ്ങളും ചിന്തയും
- വാസന്തി മോഹൻ
39 - ബയോവേസ്റ്റ് - റീന പി. ജി.
42 - തക്കേനുക്ക - മുകുന്ദൻ കുറുവട്ടൂർ
**സ്മരണ**
16 - എന്റെ അഭിനയ സ്മരണകൾ - മുക്കം ഭാസി
**യാത്രാവിവരണം**
18 - ദേവഭൂമിയിലെ ദേവദാരുക്കൾ - ഈശ്വർകുമാർ തരവത്ത്
**പൊതുവിജ്ഞാനം**
21 - പൊതുവിജ്ഞാനം - നൗഷാദ് ഖാൻ
**മഹാത്മ**
24 - അച്ഛന്റെ മരണം - ബിന്ദു. കെ
**അനുഭവം**
26 - ഒരു പ്രമാദമായ പെണ്ണ് കേസ് - മാമ്പള്ളം വിജയൻ
30 -വാഗമൺ ഒരു സ്വപ്നതീരം - മനോഹരി സി. ബി.
**പാചകം**
29 - ചായമൻസ ചേർത്ത ചപ്പാത്തി - ജയാചന്ദ്രൻ
**ദൈവനാമത്തിൽ**
42 - ഉറക്കം ഒരു ചെറുമരണം - മുഹമ്മദ് കനി



# ഒന്നും പുതിയതല്ല

**ഇ. ടി. മുരളീധരൻ**

**ദി**നവും മദ്യപിച്ച് വന്ന് ഉപദ്രവിക്കുന്ന അച്ഛൻ ഇന്ന് മിഠായി കാണിച്ച് അടുത്തേക്ക് വിളിച്ചപ്പോൾ അത് കിട്ടാനായി എല്ലാം മറന്ന് അമ്മയേയും കുറ്റം പറഞ്ഞ് അച്ഛന്റെടുത്തേക്ക് ഓടിയടുക്കുന്ന കുട്ടികളെപ്പോലെയാണ് ഇന്നും ജനം. പക്വതയുള്ളവർ നല്ലവണ്ണം വരുംവരായ്കകളെയൊക്കെ മനസ്സിലാക്കിയും ആലോചിച്ചും മാത്രമേ കാര്യങ്ങൾ ചെയ്യുകയുള്ളു, പറയാറുള്ളു. പക്ഷെ നായയ്ക്ക് വേലയുമില്ല ഇരിക്കാനൊട്ടു നേരവുമില്ല എന്നതുപോലെ ഓടി നടക്കുന്ന ജനത്തിനിഷ്ടം വെഗിളി പൂണ്ടുനടക്കുന്ന, ആലോചനയില്ലാതെ പ്രവൃത്തിക്കുന്ന, നേതാവിനെ തന്നെയായിരിക്കും കാരണം അയാൾ നമ്മുടെ മതത്തിൽ പെട്ടവനാണല്ലോ. എന്തായാലും നേതാവിന്റെ പ്രവൃത്തിയെ ശ്രദ്ധിക്കാൻ ഇവനും നേരമില്ലല്ലോ. അതുകൊണ്ടു തന്നെ ഇടയ്ക്കെല്ലാം എട്ടിന്റെ പണി കിട്ടുന്നത് നേതാവിന്റെ പ്രവൃത്തി ദോഷമാണോ എന്നുപോലും ചിന്തിക്കാൻ മെനക്കെടാതെ വീണ്ടും വോട്ടുചെയ്യാൻ ഓടുകയാണ്. വോട്ടു ചെയ്യാനായി ഒരുദിവസത്തെ ലീവ് ലഭിക്കും, വേതനം ലഭിക്കും, ചിലപ്പോൾ മദ്യവും ലഭിക്കും. ഇതൊന്നും ലഭിച്ചില്ലെങ്കിലും വേണ്ടില്ല, നേതാവ് ഒന്നില്ലെങ്കിലും എന്റെ രാഷ്ട്രീയപാർട്ടിയിൽ പെട്ടവനാണല്ലോ, ജാതിക്കാരനാണല്ലോ, മതക്കാരനാണല്ലോ, പോട്ടെ അയാൾ പാർലമെന്റിലേക്ക്, സെക്രട്ടേറിയറ്റിലേക്ക് എന്നു മാത്രമേ സാധാരണക്കാരനായ ഒരുവൻ കരുതുന്നുള്ളു. നേതാവ് അവിടെ ചെന്ന് മതം മാറില്ലെന്നാരറിഞ്ഞു, പാർട്ടി മാറില്ലെന്നാരറിഞ്ഞു, എല്ലാവരുടെ നോട്ടവും നോട്ടിലല്ലേ. രാഷ്ട്രപുരോഗതിയിലും ജനങ്ങളുടെ ഉന്നമനത്തിലുമല്ലല്ലോ അവരുടെ ശ്രദ്ധ.

തമ്മിൽ ഭേദം തൊമ്മൻ എന്ന വിധത്തിൽ അഞ്ചുസംസ്ഥാനങ്ങളിലും ഭരണം മാറി. ഇനി പ്രതീക്ഷയുടെ ദിനങ്ങൾ. കുറച്ചുനാൾ കഴിയുമ്പോൾ പിന്നെ നിരാശയുടെ ദിനങ്ങൾ. പിന്നെയും ഭരണം മാറും. ഇതിങ്ങനേ തുടരും. ഒരു പുണ്യാത്മാവോ മഹാത്മാവോ വരുന്നതുവരെ...

ഇലക്ഷൻ സമയത്ത് കുറഞ്ഞ പെട്രോളിന്റെ വില സാവധാനം ഉയരാൻ തുടങ്ങിയിരിക്കുന്നു. ബാങ്കിങ്ങ് സർവ്വീസുകൾക്ക് 18 ശതമാനം ജി. എസ്. ടി. വരുന്നു. അല്ലെങ്കിലേ ബാങ്കിന്റെ ചൂഷണം സഹിക്കവയ്യ. പോരാത്തതിന് ഗവൺമെന്റിന്റെ ജി. എസ്. ടിയുടെ അധികഭാരവും സാധാരണക്കാരന്റെ ചുമലിലേക്ക്.

വരാനിരിക്കുന്ന വലിയൊരു തിരഞ്ഞെടുപ്പിന് മുമ്പ് ജി. എസ്. ടി. റേറ്റ് വല്ലാതെ താഴ്ത്താനും വഴിയുണ്ട്. വോട്ട് കിട്ടും വരേയേ വോട്ടറെ വേണ്ടു. അതുകഴിഞ്ഞാൽ അയ്യപ്പനെത്തന്നെയായാലും വഴിയിലിട്ടു പോകും. അടുത്ത തിരഞ്ഞെടുപ്പ് വരുമ്പോഴെ ചിന്തിക്കൂ, അയ്യപ്പൻ ഇപ്പോഴുമുണ്ടോ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് പൊക്കിക്കൊണ്ടുവരണം. കൂട്ടത്തിൽ രാമനേയും പോരാത്തതിനിപ്പോൾ റഹ്മാനേയും സുലൈമാനേയും വേണം. കഥയിലെ കഥാപാത്രങ്ങളുടെ ജാതിയും മതവും വരെ അന്വേഷിച്ചിറങ്ങിയിരിക്കയാണ്. ചന്തുമേനോന്റെ ഇന്ദുലേഖ മേനോനാകാനെ വഴിയുള്ളു. പക്ഷെ ശിക്കാരി ശംഭുവിന്റേയും ഡാകിനി അമ്മൂമ്മയുടേയും കുട്ടൂസന്റേയും ചോട്ടാ ഭീമിന്റേയും മാസു പുലാമിയുടേയുമെല്ലാം ജാതിയും മതവും വരെ തിരഞ്ഞുപോകുമോ ആവോ. വർഗ്ഗീയത അത്രയ്ക്കും രൂക്ഷം. ഹനുമാന്റെ ജാതിയും മതവും അന്വേഷിക്കുന്നതിനിടയിൽ ആ കഥാപാത്രം മുസ്ലീമാണെന്നും ദളിതനാണെന്നും അഭിപ്രായം വന്നിട്ടുണ്ട്. പോരെ പുകില് ! എല്ലാം വളരെ അത്യാവശ്യം !

സ്ത്രീകളെ അമ്പലത്തിൽ കയറ്റാനും കയറ്റാതിരിക്കാനും മത്സരം നടക്കുന്നു. അതുപോലെ ഒരുവിഭാഗം ആളുകളെ പള്ളിയിൽ കയറ്റാനും കയറ്റാതിരിക്കാനുമായി തർക്കവും ബഹളവും നടക്കുന്നു. ഇതെല്ലാം ഭക്തിയുടെ ഭാഗമോ ? ഇവരെല്ലാം ഭക്തരോ ? വരരുത്, കയറരുത് എന്ന് പറയുന്നിടത്ത് കയറിച്ചെല്ലുക എന്നതാണോ ഇവരുടെയെല്ലാം ജന്മലക്ഷ്യം ? എങ്കിൽ എങ്ങിനെയെങ്കിലും കയറാനായി ശ്രമിച്ചോളൂ, സാധിക്കും കോടതിവിധിയുണ്ടല്ലോ. അവിടെയെത്തിയിട്ട് എല്ലാം കണ്ടു കഴിയുമ്പോൾ അയ്യോ ഇത്രയ്ക്കേ ഉള്ളോ എന്ന് ചോദിക്കരുത്. അവിടെ പ്രത്യേകിച്ച് നിങ്ങൾക്ക് കാണാനായി ഒന്നുമില്ലെന്ന് അറിയുന്നവരാണ് നിങ്ങളോട് പാടുപെട്ട് കയറിവരേണ്ട എന്ന് പറയുന്നത്. കയറി എല്ലാം മനസ്സിലാക്കിയാൽ പിന്നെ എന്ത് സസ്പെൻസ് (വിശ്വാസം) ? ഈ സസ്പെൻസ് (വിശ്വാസം) വെച്ചാണല്ലോ പലരും ജീവിക്കുന്നത്. അവരിനി എന്തുചെയ്യും ? എന്തായാലും ഇതിലൂടെ ഇരുകൂട്ടർക്കും വിവരം ലഭിക്കും. അറിവ് നേടാനായല്ല പ്രവർത്തിച്ചതെങ്കിലും ഒടുവിൽ അതുമാത്രമാണല്ലോ നമ്മിൽ അവശേഷിക്കുക. ആ തിരിച്ചറിവാണല്ലോ ഇല്ലാതെ പോയത്.

ജീവിതം മടുത്തിട്ട് ആത്മഹത്യയ്ക്ക് മുതിരുംമുമ്പ് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോടുകൂടി ഒന്നിക്കാര്യം ചർച്ച ചെയ്യുക. രക്തസാക്ഷികളെ എല്ലാവർക്കും ആവ

ശ്യമുണ്ട്. എന്തായാലും മരിക്കാൻ തീരുമാനിച്ചു. അതുമൂലം ആർക്കെങ്കിലും ഒരുപകാരമാവട്ടെ. വീട്ടുകാർക്ക് ധനസഹായമോ, ജോലിയോ രാഷ്ട്രീയക്കാർക്ക് ഹർത്താലും സമരവും നടത്തി ശക്തി തെളിയിക്കാനൊരു അവസരവും, മടിയന്മാരായ പൊതുജനത്തിന് ഒരവധി ദിവസവും, എന്താ എല്ലാവരും ഹാപ്പിയല്ലേ? അന്യന്റെ മരണത്തിലും മുതലുണ്ടാക്കാൻ നടക്കുന്നവർക്ക് അന്നന്ന് പണിയെടുത്ത് അന്നം കഴിക്കുന്നവരുടെ ജീവിതത്തെക്കുറിച്ച് എന്തറിയാം. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരുസഹായവും ലഭിക്കില്ലെങ്കിലും വേണ്ടില്ല, ഞങ്ങളെ ഉപദ്രവിക്കാതിരുന്നാൽ മതിയായിരുന്നു. ആത്മഹത്യ ചെയ്യാതെ എങ്ങനെയെങ്കിലും ജീവിച്ചുപോകാമായിരുന്നു എന്നാണ് സാധാരണക്കാരായ അദ്ധ്വാനിച്ച് ജീവിക്കുന്നവർക്ക് പറയാനുള്ളത്. അതിനിടയിലാണ് ഹർത്താലുകളുടെ ഘോഷയാത്ര.

മാങ്ങ വീഴ്ത്താനായി കല്ലെറിയുമ്പോൾ എറിയാവുന്ന ദൂരത്തു ചെന്നുനിന്ന് എറിയണം അല്ലാതെ നൂറുകിലോമീറ്റർ ദൂരേ നിന്ന് എങ്ങോട്ടെങ്കിലും മാവിനെ സങ്കൽപ്പിച്ച് കല്ലെറിഞ്ഞിട്ട് കാര്യമില്ലെന്ന് മാത്രമല്ല പലർക്കും അതൊരു ബുദ്ധിമുട്ടാവുകയും ചെയ്യും. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ നേരിട്ടിടപെട്ട് തീർപ്പുണ്ടാക്കാൻ ശ്രമിക്കുക അല്ലാതെ ഹർത്താലിനാഹ്വാനം ചെയ്ത് വെറുതെയിരുന്നിട്ടെന്തുകാര്യം? ഇങ്ങനെ ഹർത്താലുദിവസം വെറുതെയിരിക്കുന്നവർക്ക് ഹർത്താലെന്തിനായിരുന്നു എന്നുപോലും ചിലപ്പോൾ അറിയില്ല. ജനദ്രോഹപരമായ ഇത്തരം ഹർത്താലുകൾ നിർത്തലാക്കണം. പൊതുജനം ഹർത്താലുകളെ അവഗണിച്ച് മുന്നോട്ടുപോകണം. പുല്ലുവഴിയിലെ ജനങ്ങൾ വർഷങ്ങളായി ഹർത്താലിന്നെതിരാണ്. അതുപോലെ പാലക്കാട് പുതുപ്പള്ളിത്തെരുവിനേയും ഹർത്താൽ ബാധിക്കാറില്ല. ഏക തത്ത്വയുടെ ഓഫീസ് ആ സ്ഥലത്തായിരുന്നു ഏഴ് വർഷക്കാലം എന്നതിൽ അഭിമാനിക്കുന്നു. പുതുപ്പള്ളിത്തെരുവിലെ തൊണ്ണൂറുശതമാനം ആളുകളും മുസ്ലീങ്ങളാണ്. നല്ല മാതൃകകൾ ആര് കാണിച്ചുതന്നാലും അതംഗീകരിക്കണം. അല്ലാതെ അനാവശ്യ കാര്യങ്ങൾക്കല്ല ഐക്യപ്പെടേണ്ടത്. മാനത്ത് ചന്ദ്രനുദിച്ചുയരുന്നത് കണ്ട് പട്ടി കുരച്ചിട്ട് വല്ല കാര്യവുമുണ്ടോ? ഇല്ലല്ലോ അല്ലേ. അതുപോലെ പ്രതികരിക്കാൻ ഇറങ്ങുന്നവർ നേരിട്ട് അതാത് ഭരണസിരാകേന്ദ്രങ്ങളിൽ പോയി പ്രതികരിക്കൂ. അല്ലാതെ സാധാരണക്കാരന്റെ ജീവിതം സ്തംഭിപ്പിക്കുകയല്ല വേണ്ടത്. നാടിന്റെ പുരോഗതിയെ തടസ്സപ്പെടുത്തിയല്ല സമരം ചെയ്യേണ്ടത്. എന്താ അവിടെച്ചെന്ന് നേരിട്ട് കാര്യങ്ങൾ അവതരിപ്പിക്കാൻ പോന്ന ധൈര്യം ഇല്ലെന്നുണ്ടോ ? അതോ ഈ ആവശ്യം ശരിക്കും നോക്കിയാൽ ആവശ്യമില്ലാത്തതാണ് എന്ന് അറിയാവുന്നതുകൊണ്ടാണോ ? നമ്മളാണ് ഭരിക്കുന്നതെങ്കിൽ നമ്മളും ഇത്തരത്തിലുള്ളൊരു നിലപാടേ എടുക്കൂ. അതിനേ കഴിയുകയുള്ളൂ എന്ന് അറിഞ്ഞതുകൊണ്ടാണോ എങ്കിൽ പിന്നെ സമരവും ഹർത്താലും നടത്തുന്നത് എന്തിന്, ആർക്കുവേണ്ടി? നേതാക്കൾക്കുവേണ്ടിയോ ? അവർ മാത്രം വിചാരിച്ചാൽ ഇവിടെ എന്തെങ്കിലും നടക്കുമോ ? നമ്മുടെ പിന്തുണയില്ലാതെ. അതുകൊണ്ട് നന്മയുടെ കൂടെ നിൽക്കൂ, തിന്മയേ എതിർക്കൂ. നമുക്കിടയിൽ വേണ്ട ജാതി മത രാഷ്ട്ര രാഷ്ട്രീയ വേർതിരിവുകൾ.

തിന്മകൾക്കെതിരെ പലപ്പോഴും മനുഷ്യച്ചങ്ങല തീർത്തിട്ടുണ്ട്. സ്ത്രീപുരുഷ സമത്വത്തിനായി തീർക്കുന്ന മനുഷ്യ മതിലും ഒരിക്കലും ഹർത്താലും ബന്ദും പോലെ രാജ്യപുരോഗതിയെ തടസ്സപ്പെടുത്തുന്നില്ല. എന്നിരുന്നാലും നാലുപേർ ഇങ്ങോട്ടോ അങ്ങോട്ടോ പക്ഷം ചേർന്നാൽ ഇരുചേരികളിലും ആശങ്കയായി. ഏതുവിധേനയും ചെറുത്തുനിൽക്കാനായി ഇരുകൂട്ടരും ശ്രമിക്കും. അച്ഛനമ്മമാരുടെ സ്നേഹം കിട്ടാനായി മത്സരിക്കുന്നതുപോലെ ഇവിടെ എല്ലാ രാഷ്ട്രീയ പാർട്ടികളും മത്സരിക്കുകയാണ്. ചിലർ സ്നേഹം പിടിച്ചുവാങ്ങാൻ ശ്രമിക്കും. മറ്റുചിലർ സ്നേഹപൂർവ്വം പ്രവർത്തിച്ചുകൊണ്ടേയിരിക്കും. സ്നേഹപൂർവ്വം അവകാശവാദങ്ങൾ ഒന്നുമില്ലാതെ പ്രവർത്തിക്കുന്നവർക്ക് വേഗം സ്നേഹം തിരിച്ചുകിട്ടും. മറ്റുള്ളവർക്ക് എന്നും സ്നേഹം കിട്ടാനായി പോരാടേണ്ടിവരും.

ശരിക്കും ഓരോ വ്യക്തിയും അവർ ചേർന്ന് രൂപപ്പെടുന്ന കുടുംബമായാലും ശരി സംഘടനകളായാലും ശരി ഭൂരിപക്ഷമാളുകളും യഥാർത്ഥത്തിൽ നന്മയ്ക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. പക്ഷെ പല തിരക്കുകൾ കാരണം അവർ കാര്യങ്ങൾ കണ്ണടച്ച് നേതാക്കളെ ഏൽപ്പിക്കും. അവരിൽ ചില കുബുദ്ധികൾ എല്ലാവർക്കും ചീത്തപ്പേരുണ്ടാക്കി കൊടുക്കുകയും ചെയ്യും. ആ ചീത്തപ്പേര് മാറ്റാൻ വേണ്ടിയെടുക്കുന്ന പുതിയ തീരുമാനങ്ങളെല്ലാം വീണ്ടും വീണ്ടും കുഴപ്പത്തിലേയ്ക്ക് ചെന്നെത്തിക്കും. തെറ്റുപറ്റിയാൽ അത് സമ്മതിച്ചുകൊടുക്കുക എന്നത് കുഞ്ഞുനാൾ മുതൽക്കേ ശീലമില്ലല്ലോ. അത് ഒരു കുറച്ചിലാണല്ലോ അല്ലേ. എങ്ങിനെയെങ്കിലും വാദിച്ച് തെറ്റിനെ ശരിയാക്കാൻ ശ്രമിക്കും. കുറേ പറയുമ്പോൾ, മറുഭാഗം, പോട്ടെ എന്തെങ്കിലുമാകട്ടെ എന്നുകരുതി ക്ഷമിച്ചുകൊടുക്കും. അത് പുതിയ വിവാദങ്ങൾക്ക് തിരികൊളുത്തും.

ആന കൊടുത്താലും ആശ കൊടുക്കരുത് എന്നാണ് പഴമൊഴി. മിലിട്ടറിയിൽ പതിനഞ്ചുവർഷം പണിയെടുത്താൽ പെൻഷനോടുകൂടി വിരമിക്കാം. ജീവിതം സുരക്ഷിതമായി. പക്ഷെ കുറേയേറെ മനുഷ്യർ വളരെ പ്രതീക്ഷയോടെ പതിമൂന്ന് വർഷത്തോളം കെ. എസ്. ആർ. ടി. സിയിൽ ജോലി ചെയ്തു. താത്ക്കാലിക അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചതാണ്. പക്ഷെ ഇതുവരെ അവരെ പിരിച്ചുവിടാതെ തുടരാനനുവദിച്ചു. ഒരു കോടതി ഉത്തരവിനെത്തുടർന്ന് എല്ലാവരേയും ജോലിയിൽ നിന്ന് കാലതാമസം കൂടാതെ ഈയിടെ പിരിച്ചുവിട്ടു. പകരം സംവിധാനങ്ങൾ ഒരുക്കാതെ എടുത്ത നടപടിയിൽ നിരവധി കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ മുടങ്ങി. ജനം വലഞ്ഞു. ആരോട് പരാതി പറയാൻ ? പഴി മുഴുവൻ കോടതിക്ക്. ഇതുതന്നെയാണ് ശബരിമല വിഷയത്തിൽ. എന്തിനാണ് ചില വിധികൾ നടപ്പിലാക്കാൻ ഇത്ര ധൃതി കാട്ടുന്നത്. കോടതിയിലും മനുഷ്യരാണല്ലോ ഉള്ളത്. അവർ നമ്മുടെ രാജ്യക്കാരുമാണല്ലോ. കാര്യങ്ങളവരെ ബോധ്യപ്പെടുത്തി എല്ലാറ്റിനും ഒരു സാവകാശം വാങ്ങാമായിരു

ന്നു. നാലായിരത്തിൽ പരം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. അവരെന്തു ചെയ്യും, എങ്ങനെ ജീവിക്കും ? ഒന്നുകിൽ ഇനിയെങ്കിലും താത്ക്കാലികം എന്ന പേരിൽ ആരേയും ജോലിക്കെടുക്കാതിരിക്കുക. എടുക്കേണ്ടിവന്നാൽ തന്നെ കാലാവധി തീരുമ്പോൾ പറഞ്ഞുവിടുക. അവരെത്തന്നെ ഒരുകാരണവശാലും തുടരാനനുവദിക്കാതിരിക്കുക. അല്ലാതെ വെറുതെ ആശ കൊടുക്കരുത്. കാലാവധി തീർന്ന് പിരിച്ചുവിടാതെ പതിമൂന്നുവർഷം ജോലി തുടർന്നവരെ പിരിച്ചുവിടാമോ ? പരീക്ഷ പാസായി എത്തിയവരേക്കാളും ജോലി പരിചയമുള്ള ഇവരെ സ്ഥിരപ്പെടുത്തിക്കൂടെ ? അല്ലെങ്കിൽ സമയാസമയം പരീക്ഷ നടത്തി ഒഴിവുകൾ കാലതാമസമില്ലാതെ നികത്തേണ്ടതല്ലേ ? എല്ലാ മേഖലയിലും പകുതി വേതനത്തിന് കഠിന ജോലികൾ എല്ലാം ചെയ്യുന്നത് ഇത്തരം ദിവസക്കൂലിക്കാരാണ്, താത്ക്കാലിക ജോലിക്കാരാണ്. ഇനി ഈ പരിപാടി വേണ്ട. ജോലിക്കെടുക്കുകയാണെങ്കിൽ പെർമെനന്റായി എടുക്കുക. അല്ലാതെ തല്ലുമുഴുവൻ ചെണ്ടയ്ക്കും കാശുമുഴുവൻ മാരാർക്കും എന്ന നിലപാട് ശരിയല്ലല്ലോ. അതുപോലെ കാര്യം കഴിഞ്ഞപ്പോൾ ചെണ്ടയെ വഴിയിലുപേക്ഷിക്കുന്നത് നീതിയോ ?

സ്ഥിരമായൊരു ഗവൺമെന്റ് ജോലി കിട്ടിയിട്ടുവേണം ലീവെടുത്ത് വീട്ടിൽ വെറുതെയിരിക്കാൻ എന്നത് ഒരു മോഹമായിരുന്നു ജോലി കിട്ടും വരെ. പക്ഷെ ഇപ്പോൾ പലരും ജോലി കിട്ടിയിട്ട് ലീവെടുക്കാതെ തന്നെ അനധികൃതമായി ഒരേസമയം വേറൊരു പണി കൂടി ചെയ്ത് പണമുണ്ടാക്കുകയാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥർ നടത്തിയ മിന്നൽ പരിശോധനയിൽ നാല്പതോളം ഗവൺമെന്റ് ജോലിക്കാർ പിടിയിലായി എന്ന് വാർത്ത. ജോലി സമയത്ത് അവർ ഓഫീസിൽ കയറി അറ്റന്റൻസ് ബുക്കിൽ അറ്റന്റൻസ് രേഖപ്പെടുത്തി അടുത്തുള്ള പ്രൈവറ്റ് സ്ഥാപനത്തിൽ പഠിപ്പിക്കുകയായിരുന്നത്രെ. സ്ഥാപനം അധികവും അവരവരുടെ ഭാര്യയുടെ പേരിലും. എങ്ങനെയുണ്ട് ? നാല്പതുപേരേ കുടുങ്ങിയുള്ളു. ബാക്കിയുള്ളവരെല്ലാം നമ്മുടെ ആളുകളാ അല്ലേ. അവരെ ഒഴിവാക്കി പിടിപാടില്ലാത്തവനെ പിടിച്ച് വാർത്തയാക്കി. എല്ലാം വെറും അപ്പച്ചന്റെ തമാശ മാത്രം. പിടിക്കപ്പെട്ടവരും അല്ലാത്തവരും എല്ലാം സംരക്ഷിക്കപ്പെടും. ഇതിനുമുമ്പ് കൈക്കൂലി കേസിൽ പിടിച്ച പലരും ഇന്ന് പ്രമോഷനോടുകൂടി പല ഭാഗത്തും സുഖമായി ജീവിക്കുന്നുണ്ട്. ക്രിമിനലുകളെ അടക്കം സംരക്ഷിക്കും പക്ഷെ നിരപരാധികൾ ജയിലിൽ ഉണ്ട തിന്ന് ഇരുപ്പുണ്ട്. അതേസമയം കള്ളന്മാരും കൊള്ളക്കാരും കൊലപാതകികളും ഭരണസിരാകേന്ദ്രങ്ങളിൽ സുഖലോലുപരായി കഴിയുന്നു. എന്തുചെയ്യും ? റാഫേൽ യുദ്ധവിമാന ഇടപാടിലെ കൊലകൊമ്പന്മാരുടെ ജീവിതശൈലിയും പദവിയും നോക്കുക. അതേപ്പറ്റിയൊന്നും മിണ്ടരുത്. ഇനിയൊരു നല്ല മാറ്റം വരാൻ മറ്റുള്ളവരുടെ വേദനകളും കഷ്ടപ്പാടുകളും മനസ്സിലാക്കാൻ കഴിവുള്ള പുതുതലമുറ വരും വരെ നമുക്ക് കാത്തിരിക്കേണ്ടിവരും. യുവനിരയിലാണ് എല്ലാ പ്രതീക്ഷയുമെങ്കിലും വർഗ്ഗീയ ചിന്തകൾ കുട്ടികളിലേക്കും വ്യാപിക്കുന്നു. ഇത് അപകടകരമായ പോക്കാണ്. ഇതിനെ തടഞ്ഞേ പറ്റൂ. അതിനായി എത്രയും പെട്ടെന്നുതന്നെ നന്മ നിറഞ്ഞവർ ഉണർന്ന് പ്രവർത്തിക്കണം.

ഒരു വ്യക്തിയെന്ന നിലയ്ക്കുള്ള കടമകളും കർത്തവ്യങ്ങളും ഭംഗിയായി ചെയ്തുതുടങ്ങുമ്പോൾ കുടുംബവും നന്നായിത്തുടങ്ങും. ഓരോരുത്തരും അത്തരത്തിൽ ജീവിച്ചുമുന്നേറുമ്പോൾ നമ്മുടെ നാടും സാവധാനം നന്നായിത്തുടങ്ങും. അപ്പോൾ പിന്നെ മനുഷ്യചങ്ങലയുടേയും മനുഷ്യമതിലിന്റേയും ആരാധനാലയങ്ങളുടേയും ആരാധനയുടേയും ഹർത്താലുകളുടേയും ബന്ദിന്റേയും എന്തിന് നിരാഹാരസമരത്തിന്റെ വരെ ആവശ്യം ഉണ്ടാകില്ല. ഹർത്താലും ബന്ദും പോരാത്തതിന് വർഗ്ഗീയതയുമായി സമരത്തിലിറങ്ങുന്നത് ശരിക്കും സ്വന്തം കടമയിൽ നിന്നും കർത്തവ്യങ്ങളിൽ നിന്നും ഒളിച്ചോടാൻ വേണ്ടിയും പണിയെടുക്കാതെ പണമുണ്ടാക്കാനായും ചുളിവിൽ അധികാര സ്ഥാനങ്ങൾ നേടാനുമായിരിക്കും എന്നല്ലാതെ മറ്റുള്ളവരുടെ നന്മ അവരുടെ ചിന്തകളിലേ ഉണ്ടാകില്ല. എല്ലാവർക്കും എല്ലാം മനസ്സിലാകുന്നുണ്ട്. ആരാധകർക്കുമാത്രമായി എന്തെങ്കിലും ചെയ്താലും ബുദ്ധിയുള്ളവരുടെ മുന്നിൽ എന്നും അവർ കോമാളി തന്നെ.

അമ്മിക്കല്ലിന്റെ സ്ഥാനത്ത് മിക്സി വന്നു. അര കല്ലും ഉരലും പോയി ഗ്രൈന്റർ വന്നു. കാളവണ്ടിയ്ക്കുപകരം മോട്ടോർ വാഹനങ്ങൾ വന്നു. അതുപോലെ ബന്ദുമാറി പകരം ഹർത്താലുവന്നു. ഈ ഭരണം മാറി അടുത്ത ഭരണം വന്നാലും ശരി ഒന്നും പുതിയതല്ല... പഴയതിന്റെ തുടർച്ച അതുമല്ലെങ്കിൽ പഴയതിന്റെ പുതിയ രൂപം മാത്രം.

നാം പുതുവത്സരപ്പുലരിയിലാണ്. ഫാദേഴ്സ് ഡേ, മദേഴ്സ് ഡേ, ചിൽഡ്രൻസ് ഡേ, തുടങ്ങി എല്ലാം എന്തിനാണ് വെച്ചിരിക്കുന്നതെന്നറിയാതെ ആഘോഷിക്കും. അതുപോലെ പുതുവത്സരപ്പിറവിയും ആഘോഷിക്കും. എങ്ങിനെയാണ് ആഘോഷിക്കുക ? മദ്യക്കുപ്പികൊണ്ട്, മത്സ്യമാംസാദികൾ കൊണ്ട് ഭക്ഷണം പാകം ചെയ്ത് അതുമല്ലെങ്കിൽ ടൂറിനുപോകും, സിനിമയ്ക്കുപോകും, ഷോപ്പിംങ്ങിനുപോകും. ആ ദിവസത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെ ആഘോഷിക്കും. എന്നിട്ട് ആഘോഷങ്ങൾ വരുത്തിവെച്ച വിനയിൽ, സാമ്പത്തികനഷ്ടത്തിൽ കുറേനാൾ ദുഃഖിച്ചിരിക്കും. എല്ലാം മറന്നുകഴിയുമ്പോൾ വീണ്ടും ആഘോഷിക്കാനിറങ്ങും. ഒരു സുഖത്തിന് ഒരു ദുഃഖവുമുണ്ട്.

ഈ പുതുവത്സരദിനത്തിൽ നാം ചെയ്യേണ്ടതെന്താണ് ? ഒരു ഡയറി എടുക്കുക. ഈ വർഷം ചെയ്തുതീർക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഒരു വ്യക്തമായ പ്ലാൻ എഴുതിത്തയ്യാറാക്കുക. ഓരോ ദിവസവും ആ പ്ലാൻ അനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക. ചെയ്തുതീർക്കേണ്ട കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ഒരു ബോധ്യം നമുക്കുണ്ടാവുന്നത് മൂലം അനാവശ്യമായി സമയം കളയാതിരിക്കാനും സമയത്തെ നല്ലവിധം ഉപയോഗിക്കാനും സാധിക്കും അതുവഴി ജീവിതമുന്നേറ്റവും ഉണ്ടാകും തീർച്ച.

# മഹാപാഠം


**ഹി**ന്ദുപുരാണങ്ങൾ പ്രകാരം ഓരോ യുഗവും അവസാനിയ്ക്കുന്നത് പ്രളയം വന്നാണ്. ഒരുപക്ഷെ പുരാണങ്ങളിലെ ഭൂമി, ഭാരതം മാത്രമായിരിക്കും. അതിൽ തന്നെ മനുഷ്യവാസമുള്ള പ്രദേശങ്ങൾ വളരെ കുറവും ഇന്നത്തെപ്പോലെ അണക്കെട്ടുകളൊന്നും കാണില്ല. ജനങ്ങൾക്ക് വീടിന്റെ ഒന്നാം നിലയിലൊ, രണ്ടാം നിലയിലൊ, ഫ്ളാറ്റുകളിലൊ ഒന്നും കയറി രക്ഷപെടലും സാധ്യമല്ലല്ലോ. രക്ഷാപ്രവർത്തനത്തിന് വിമാനങ്ങളോ, ഹെലികോപ്ടറുകളോ ഇല്ല. വിവരം അറിയാനും, അറിയിയ്ക്കാനും ഉള്ള മാധ്യമങ്ങളുമില്ല. അപ്പോൾ പിന്നെ എല്ലാവരും, മൃഗങ്ങളെപ്പോലെ ഗതിയില്ലാതെ മരിക്കും. അതുകൊണ്ടുതന്നെയാണ് പ്രകൃതിയ്ക്കുമുന്നിൽ ഗത്യന്തരമില്ലാതെ അന്ധാളിച്ചുനിന്ന മനുഷ്യൻ ഇത്തരത്തിലുള്ള പ്രകൃതിശക്തികളെ ദൈവമായി ആരാധിയ്ക്കാൻ തുടങ്ങിയത്. അങ്ങിനെ സൂര്യൻ, വായു, അഗ്നി, വരുണൻ മുതലായവ ആരാധനാമൂർത്തികളായി. ആ അവസ്ഥയിൽ നിന്നും അവൻ സാങ്കേതിക വിദ്യകളിൽ വളർന്നുവന്നതുകൊണ്ട് ഇന്ന് പ്രളയം വന്നപ്പോൾ വളരെയേറെ പേരെ രക്ഷിക്കാനായി. കുറച്ചുപേർ നശിച്ചെങ്കിലും ശതമാനം വളരെ കുറവല്ലെ. അതും അരുതാത്തിടങ്ങളിൽ താമസിക്കുന്നവർക്കാണ് ദുരിതം വന്നത്. അതുകൊണ്ടുതന്നെ ഇതിൽ നിന്ന് നമ്മൾ ഒരുപാട് പഠിയ്ക്കേണ്ടതാണ്. വെള്ളപ്പൊക്കത്തിന് മനുഷ്യനെന്നോ, മൃഗമെന്നോ വ്യത്യാസമുണ്ടായില്ല. അവർ ഏത് മതക്കാരനെന്നോ, ജാതിക്കാരനെന്നോ, ബ്രാഹ്മണനെന്നോ, ക്ഷത്രീയനെന്നോ, വൈശ്യനെന്നോ, ശൂദ്രനെന്നോ, പണക്കാരനെന്നോ, ദരിദ്രനെന്നോ, പണ്ഡിതനെന്നോ പാമരനെന്നോ, പുരോഹിതനെന്നോ, മുല്ലയെന്നോ, പൂജാരിയെന്നോ വ്യത്യാസമുണ്ടായില്ല. കഞ്ഞി കുടിയ്ക്കാത്തവർ, കഞ്ഞിയ്ക്ക് കാത്തിരുന്നു, ദിവസവും വസ്ത്രം മാറുന്നവൻ ഒരേവസ്ത്രം ദിവസങ്ങളോളം ഉപയോഗിച്ചു. ഭക്ഷണത്തിന്റെ വിലയറിഞ്ഞു. വെള്ളത്തിന്റെ വിലയുമറിഞ്ഞു. വസ്ത്രത്തിന്റെ വിലയറിഞ്ഞു. അങ്ങിനെ പലതിന്റേയും വിലയറിഞ്ഞു. മീൻ നാറുന്നവർ എന്നുപറഞ്ഞു തൊടാതെ മാറ്റി നിർത്തിയവന്റെ വിലയറിഞ്ഞു. കാറും, ലോറിയുമൊന്നും ഉണ്ടായാലും ചില സമയത്ത് ഉപയോഗപ്പെടില്ല എന്നുമറിഞ്ഞു. എന്നിട്ടും വല്ല മാറ്റവുമുണ്ടാവും എന്നുഞാൻ കരുതുന്നില്ല. കാരണം നമ്മൾ ഇതെല്ലാം പെട്ടെന്നു മറക്കും. വീണ്ടും പഴയ രീതിയിലെത്തും. പാടം നികത്തി വീടുവെക്കും. മല കൈയ്യേറി വീടുവെക്കും. പുഴ കൈയ്യേറി കെട്ടിടം വെക്കും, കോൺക്രീറ്റ് കാടുകൾ വളർത്തും, പ്ലാസ്റ്റിക് കൊണ്ട് പരിസരം നശിപ്പിയ്ക്കും. അല്ലെങ്കിൽ ഇച്ഛാശക്തിയുള്ള ഭരണകൂടം വേണം. എന്താണ് വികസനം എന്ന തിരിച്ചറിവുവേണം. 60° ചെരിഞ്ഞ ഭൂമിയിൽ വീട് വെയ്ക്കാൻ സമ്മതിയ്ക്കരുത്. തീരദേശങ്ങളിൽ വീടുവെക്കാൻ സമ്മതിയ്ക്കരുത്. നെൽപാടങ്ങൾ നികത്തി കെട്ടിടങ്ങൾ വെയ്ക്കാൻ അനുവദിക്കരുത്. വീടുനിർമ്മാണത്തിന് കോൺക്രീറ്റ് അനുവദിയ്ക്കരുത്. മലയോരങ്ങളിലും തീര പ്രദേശങ്ങളിലും വീടുനിർമ്മാണത്തിന് അനുയോജ്യമായ സാമഗ്രികൾ മാത്രം (ഓട്, ഷീറ്റുകൾ) അനുവദിയ്ക്കുക. എങ്കിൽ അപകടങ്ങളിലെ നാശനഷ്ടങ്ങൾ കുറയ്ക്കാം. വീടുകളുടെ വലിപ്പത്തിൽ നിയന്ത്രണമേർപ്പെടുത്തണം. വീട് നിർമ്മാണങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കണം. റസിഡൻഷ്യൽ ഏരിയകൾ മാർക്കീത് അഗ്രഹാരങ്ങളെപ്പോലെയാകണം ഗൃഹസമുച്ഛയങ്ങൾ. ഇവ ജനങ്ങളിൽ കൂട്ടായ്മയും സഹായ മനോഭാവവും സംഘശക്തിയും വർദ്ധിപ്പിയ്ക്കും. ബാക്കിയുള്ള സ്ഥലങ്ങൾ കൃഷിയിടങ്ങളായി ഉപയോഗിക്കണം. പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിയ്ക്കണം. ഇത് പ്രകൃതിയിൽ ഉണ്ടാക്കുന്ന ദോഷം നമ്മുടെ ചിന്തയ്ക്കതീതമാണ്. നദീതട, നീർത്തട, അരുവി സംരക്ഷണ നിയമങ്ങൾ കർശനമായി നടപ്പാക്കണം.

അടുത്തത് കേരളത്തിന്റെ പുനർനിർമ്മാണമാണ്. അതിനുള്ള വിഭവ സമാഹരണത്തിന് ഭിക്ഷ തേടി പോകേണ്ട ആവശ്യമൊന്നും ഇല്ല. വളരെ കുറവുള്ള ഭൂനികുതി ഒരേക്കറിന് 100 ക. എങ്കിലും ആക്കിയാൽ ഏതാണ്ട് 4000 കോടി രൂപ കിട്ടും. 5000 ചതുരശ്ര അടിയിൽ അധികം വലുപ്പമുള്ള വീടുകൾ, കോടികൾ അറ്റാദായമുള്ളവർ, വൻ വരുമാനമുള്ള സിനിമക്കാർ, വ്യവസായികൾ എന്നിവർക്കൊക്കെ പ്രത്യേക നികുതികൾ ഏർപ്പെടുത്തണം. കേരളത്തിന്റെ കാടും, മലയും, കായലുമൊക്കെ 99 വർഷത്തിനും, 999 വർഷത്തിനുമൊക്കെ ലീസിനു കൊടുത്തിട്ടില്ലേ ? ഇവരിൽ നിന്നൊക്കെ വൻതുകകൾ വാങ്ങണം. കാരണം ഇവരൊക്കെ ഇവരായത് കേരളത്തിന്റെ മണ്ണും, മരവും, മണലും, വെള്ളവും, കേരളത്തിലെ മനുഷ്യരും കാരണമാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ ജനങ്ങളോട് അവർക്ക് ഉത്തരവാദിത്വമുണ്ട്. പക്ഷെ ഇതൊന്നും നടക്കില്ല. കാരണം നമുക്ക് ഭയമാണ് സത്യം പറയാൻ, നടപ്പാക്കാൻ...? പക്ഷെ നമ്മുടെ കുട്ടികൾ അനുഭവിയ്ക്കേണ്ടിവരും.

**അറിയിപ്പ്**
രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.
**എഡിറ്റർ**

# പഴഞ്ചൊല്ലുകൾ

## ഇന്നു കൂടുതൽ പ്രസക്തമായി വരുന്നു !



എം. എം. മേനോൻ
0491 6451469, 0491 2572939

**പ**ണ്ടുകാലത്ത് ചിന്തകൾ അവരുടെ സൂക്ഷനിരീക്ഷണവും ദൂരദർശിതയും ഉപയോഗിച്ചറിഞ്ഞു അറിയിച്ച 'പഴഞ്ചൊല്ലുകൾ', സരള ജീവിത രീതി കൈക്കൊണ്ടു ശാശ്വത സുഖസമാധാനം നേടാൻ വഴികാട്ടികളായിരുന്നു. ജനങ്ങൾക്ക് ഒഴിവു സമയം ധാരാളം ഉണ്ടായിരുന്നു. മറിച്ച് ഇന്ന്, പ്രഗതിയുടെ പേരിൽ, ആധുനിക ഭൗതികതയുടേയും ഉപഭോക്താസംസ്കാരത്തിന്റേയും പുതുപുതു കണ്ടുപിടിത്തങ്ങൾ/ആവിഷ്കാരങ്ങൾ എന്നിവയുടേയും കാരണം, (അനാവശ്യ!) ആവശ്യങ്ങളും ആർത്തിയും അതിനാൽ സ്വാർത്ഥപരതയും വർദ്ധിച്ചുകൊണ്ടുവരുന്നു. മനുഷ്യശ്രദ്ധ ആത്മീയ ദിശയിൽ നിന്നകന്നു, അത്യാകർഷകവും ഉടൻ ഫലിക്കുന്നതും ഭ്രമിപ്പിക്കുന്നതുമായ ആധുനിക ഭൗതിക ദിശയിലോട്ടു മാറിവന്നിരിക്കുന്നു. എല്ലാവർക്കും തിരക്കുതന്നെ. ഈ മാറ്റം നമ്മളേവരേയും - പ്രത്യേകിച്ച് സമുദായത്തിന്റെ നട്ടെല്ലായ മധ്യവർഗ്ഗത്തേയും യുവാക്കളേയും - വഴിതെറ്റിച്ച് പൂർണ്ണരൂപത്തിൽ വ്യത്യസ്തരാക്കി ശ്വാസം മുട്ടിച്ചുവരുന്നതു നാം അറിയുന്നില്ല. മൗലിക മാനവമൂല്യങ്ങളുടെ (സത്യം, ധർമ്മം, സഹകരണം, സരളത, അഹിംസ മുതലായവയുടെ) ആധാരത്തിൽ ഒരുന്നത ജീവിതലക്ഷ്യത്തെ രൂപീകരിച്ചു. ശാശ്വത സുഖസമാധാനം അടയുവാൻ ശ്രമിക്കുന്നതിനുപകരം, നാം മാസ്മരിക ആകർഷണവും പക്ഷെ ക്ഷണികവുമായ നേട്ടങ്ങൾക്കായി അലഞ്ഞു, നിരാശയും മനസ്താപവും ഉണ്ടാക്കിക്കൊണ്ടുവരുന്നു. കൂറപ്രാന്തുപോലെയുള്ള ഇന്നത്തെ പരക്കം പാച്ചിലിൽ നിന്നു ഒന്നകന്നു, കണ്ണുകൾക്കുനേരേ മുന്നിൽ ഹിമാലയം പോലെ നിൽക്കുന്ന ഭാവി ദുരന്തത്തെക്കുറിച്ച് ചിന്തിക്കാനോ പരിശോധിക്കാനോ ആർക്കും മനസ്സില്ല. 'പൂച്ച കണ്ണടച്ചു പാൽ കുടിക്കുന്നു' (വിഘ്നങ്ങളേയോ അപകടങ്ങളേയോ കാണാതിരിക്കാൻ എന്നു നമ്മുടെ ഊഹം/നിർണ്ണയ പ്രകാരം!!) എന്ന ചൊല്ലുപോലെ ഈ ഭയങ്കര ഭാവി വിനാശത്തിൽ നിന്നു ഒഴിഞ്ഞുമാറാൻ നമ്മൾ കണ്ണുചിമ്മിയോ അല്ലെങ്കിൽ വ്രതമോ അമ്പലത്തിൽ വഴിപാടോ മറ്റോ എടുത്തു/കൊടുത്തു, അതേ വിനാശകര വഴിയിൽ ('വെപ്രാളത്തിൽ', വേഗത വേണമെങ്കിൽ കുറച്ചു കൂട്ടി !) തുടർന്നു, ആയുസ്സു പോക്കുന്നത് വിവേകമില്ലായ്മയെയല്ലെ തെളിയിക്കുന്നത് ? മറിച്ചു, സ്വന്തം തിരഞ്ഞെടുത്ത നാമധേയമോ ? 'Homo Sapiens - വിവേക ജീവി' !! ഇന്നത്തെ ചില കളി മത്സരങ്ങളിലെന്നപോലെ മനുഷ്യജീവിതത്തിൽ 'കൂടുതൽ സമയമോ' (Extra Time), രണ്ടാം ഊഴമോ (Second Innings) ഇല്ലെന്നുള്ളതു ഓർക്കാതെ, പ്രതിവിധികൾ ഉടൻ എടുക്കാതെ നമുക്ക് രക്ഷയുണ്ടോ ?

അതിഭയാനകമായ ഇന്നത്തെ നമ്മുടെ സ്ഥിതി സൂചിപ്പിക്കുന്നത് ആധുനിക പ്രഗതി പുരോഗതിയല്ല, അധോഗതിയാണെന്നു സ്വല്പം ഒന്നു മാറി പരിശോധിക്കാതെ വേറെ വഴിയുണ്ടോ ? ഇതിനു സഹായമായി ചില പഴഞ്ചൊല്ലുകളെ എടുക്കാം... 'ജാമ്പവാന്റെ കാലത്തെ പഴഞ്ചൊല്ലുകൾ' എന്നു പുച്ഛിച്ചു തള്ളിവിടാതെ ഇവയുടെ പ്രാസംഗികത തിരിച്ചറിയുന്നത് ഭാവിയെ വിനാശത്തിൽ നിന്ന് രക്ഷിക്കാൻ സഹായിക്കാം !

'ഇക്കര നിക്കുമ്പോളക്കര പച്ച്' (The grass is greenar on the other side), 'മുറ്റത്തെ മുല്ലക്ക് മണമില്ല', Familiarity breeds contempt. (അടുത്ത പെരുമാറ്റം ചിലപ്പോൾ പുച്ഛമുളവാക്കുന്നു). A Bird in the hand is better than two in the bush. (കൈയ്യിലെ ഒരു പറവ മരക്കൊമ്പിലെ രണ്ടുപക്ഷികളിലും ഭേദമാണ്.)

മേൽ കൊടുത്ത തീർപ്പുകളും ചൊല്ലുകളും എടുത്തുകാട്ടുന്നത് വ്യാപകമായി/തീവ്രമായി വരുന്ന അതൃപ്തിയേയും മനസ്താപത്തേയും അല്ലെ ? Beauty is in the eyes of the beholder (ഭംഗിയെന്നുള്ളത് കാണുന്നവരുടെ കാഴ്ച/മനോകല്പനയിലാണ്.) വടക്കെ ഇന്ത്യയിലെ പ്രസിദ്ധ പ്രണയ കഥ 'ലൈലാ-മജ്നു' സൂചിപ്പിക്കുന്നത് ലൈല ത്രിലോക സുന്ദരി ആണെന്നല്ല - 'മജ്നുവിൻ കാഴ്ചയിലൂടെ ലൈല' എന്ന വാസ്തവത്തെയാണ് !

Count your blessings (കൈയ്യിലുള്ളതിനെ അറിഞ്ഞു മനസ്സിലാക്കി തൃപ്തിപ്പെടുക) എന്നുള്ള ചൊല്ലു, അതൃപ്തി/അരക്ഷിതത്വം എന്ന മാറാവ്യാധിക്കുള്ള കൈകണ്ട ഒറ്റമൂലിയാണ് ! മറിച്ചു ഇന്ന് Needs growing on feed become greed, (അനാവശ്യ !) ആവശ്യങ്ങളെ ഊട്ടി ഊട്ടി, ശമിക്കാത്ത ആർത്തിയായി മാറ്റുന്നത്, നമ്മൾ തന്നെയല്ലെ ? പെട്രോൾ പാർന്നു തീ കെടുത്താൻ കഴിയുമോ ? (സാങ്കേതിക വിജ്ഞാനത്തിൽ Technology അന്ധവിശ്വാസമുള്ള ചിലർ

ഇതും സാധ്യമാണെന്നു/സാധ്യമാകുമെന്നു വാദിക്കും, ഒരുപക്ഷെ !) ഇവിടെ എന്റെ ഒൻപത് വയസ്സായ പേരമകൾ (വിദേശത്തിൽ ജനിച്ചു വളർന്ന) ആത്മാർത്ഥതയോടെ ഇംഗ്ലീഷിൽ എടുത്തു പറഞ്ഞതു കൊടുക്കട്ടെ. 'ഈ മുത്തച്ഛനു സാങ്കേതിക വിജ്ഞാനത്തിൽ തീരെ വിശ്വാസമില്ല.' അവിടെയുണ്ടായിരുന്ന അഞ്ചുപേരിൽ Scientist/Engineer/വൈജ്ഞാനികൻ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളു ! അത്യന്തം നിരാശാജനകമെന്നു പറയട്ടെ... ഇന്ന് മുതിർന്നവരും വിദ്യാഭ്യാസ സമ്പന്നരിൽ അധികപേരും ഭാവിവിനാശത്തെ തടുക്കാൻ സാങ്കേതിക വിജ്ഞാനത്തിനു കഴിയുമെന്നു അന്ധമായി വിശ്വസിച്ച്, തേവരുടെ ആന, സർക്കാരിന്റെ തടി, വലിയെടാ വലി...' എന്നും പറഞ്ഞ് ഭാവി വിനാശത്തിലോട്ടു കുതിച്ചുപായുന്നു.

പഴഞ്ചൊല്ലുകളുടെ ഇന്നുകാലത്തെ പ്രസക്തി എന്ന വിഷയത്തിൽ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ഓർമ്മ വന്നത് 60 വർഷങ്ങൾക്കു മുമ്പ് 'പട്ടാള പരിശീലന വിദ്യാപീഠത്തിൽ (Indian Military Academy) കളിയായി കാര്യം പറഞ്ഞുതന്നതിനെയാണ്. Maj. K. S. Menon എന്ന അധ്യാപകൻ (കരിമ്പറ്റ ശങ്കരമേനോൻ - പരേതൻ - Brigadier ആയി പട്ടാള വിദ്യാഭ്യാസ വിഭാഗത്തിന്റെ (Army Education Corps) Director ആയ സേവാ നിവൃത്തൻ), ദൂരദർശിതയാൽ ഭവിഷ്യവാണി എന്ന പോലെ പറഞ്ഞതിനെ ഇവിടെ കൊടുക്കട്ടെ. ക്രിസ്തുമത വിശ്വാസികൾക്ക് ബൈബിളിൽ കൊടുത്ത 'പത്തു ദിവ്യാജ്ഞകൾ' (The Ten Commandments) എന്നറിയാതിരിക്കില്ല. മതഭേദമില്ലാതെ മനുഷ്യരെല്ലാവരാലും സ്വീകരിക്കപ്പെട്ട് ആചരിക്കപ്പെടേണ്ട ഈ നിർദ്ദേശങ്ങളിൽ ചിലത് ഇവിടെ കൊടുക്കുന്നു. 'മാതാപിതാക്കന്മാരെ മാനിക്കുക. നരഹത്യ, മോഷണം, പര പുരുഷൻ/സ്ത്രീയുമായി ലൈംഗികബന്ധം, അയൽവാസിയുടെ ഭാര്യ, സ്വത്ത് എന്നിവയിൽ മോഹവും, അയൽവാസിക്കെതിരെ കള്ളസാക്ഷ്യം എന്നിവയേയും പൂർണ്ണമായി ഒഴിവാക്കുക'. എന്നാൽ, പരക്കെ ആർത്തിയും സ്വാർത്ഥപരതയും വർദ്ധിച്ചുകൊണ്ടുവരുന്ന ഇന്നുകാലത്തേക്ക്, ഏറ്റവും മുഖ്യവും ഉചിതവുമായ (കാല്പനിക !) 'പതിനൊന്നാം ദിവ്യാജ്ഞയെ' അദ്ദേഹം എടുത്തു കാട്ടി ! അതാണ് 'പിടിപെടാതിരിക്കാൻ സൂക്ഷിക്കുക!!' അതായത്, മനസ്സാക്ഷി എന്നതിനെ തീരെയില്ലാതാക്കി, മൗലിക മാനവ മൂല്യങ്ങളെ പാടെ അവഗണിച്ചു, ദുഷ്കർമ്മങ്ങളും ദുർവിചാരങ്ങളും വർദ്ധിച്ചുവരുന്ന ഇന്ന്, പിടിപെട്ടവനല്ലെ കുറ്റവാളികളായി കരുതപ്പെടുന്നത് ? ആധുനിക യുഗത്തിൽ, കണ്ടാമൃഗത്തിന്റെ (Rhinoceros) തൊലി പോലെ അഭേദ്യമായ കട്ടിത്തൊലിയുള്ള ചില (വക്രീകൃത!) രാഷ്ട്രീയക്കാർക്ക്, പിടിപെട്ടാലും ശിക്ഷിക്കപ്പെട്ടാലും തന്നെ ഒരു മനക്ലേശവും കാണുന്നില്ലെന്നത് അത്യധികം ചിന്താജനകമായി വരുന്നത് കാണാൻ, അദ്ദേഹം ജീവിച്ചിരുന്നില്ലെന്നത് മഹാഭാഗ്യം !!

ഇന്ന് ദൃശ്യ ശ്രവണ മാധ്യമങ്ങളിലൂടെ അനിയന്ത്രിത, അത്യാകർഷക പരസ്യങ്ങളും ഒരുവശത്ത് (അനാവശ്യ!) ആവശ്യങ്ങളുടെ വർദ്ധനക്ക് കാരണമായിരിക്കുന്നു. മറുവശത്ത് അണുകുടുംബവും പണത്തിനായി ജോലിചെയ്യുന്ന അമ്മമാരും സ്ത്രീകളും കുട്ടികൾക്ക് അത്യാവശ്യമായ സദുപദേശങ്ങളും മാർഗ്ഗദർശനവും ഇല്ലാതാക്കിയിരിക്കുന്നു. ഗുണകര പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കാൻ പ്രചോദനവും ഇല്ല. ഇതുകാരണം പൊതുവെ ഇല്ലായ്മ/പോരായ്മ എന്നുള്ള തോന്നലും അതിനാൽ ഒരുതരം അരക്ഷിതത്വവും മനസ്സിൽ അലട്ടൽ ഉണ്ടാക്കിവരുന്നു. ഇതിന് സാന്ത്വനമായി/ശമനമായി, keeping up with the Jone's - അയലത്തെ 'ജോൺസ്'മാരുമായി കിടപിടിക്കാനുള്ള ശ്രമം അധികമായിരിക്കുകയാണ്.

മനുഷ്യമനസ്സിനെ അടക്കി നിയന്ത്രിക്കാൻ പ്രചോദനമില്ലാത്ത കാരണം, പൊങ്ങച്ച പ്രദർശനവും തുടക്കത്തിൽ ചെറുചെറു അസത്യങ്ങളും പിന്നീട് അത് സാധാരണമായും വരുന്നു. ഇതിനാൽ മനസ്സിലെ അരക്ഷിതത്വം കൂടുകയല്ലാതെ കുറയുന്നില്ല ! 'You can fool all people for sometime, some people all the time, but not all the people all the time' (എല്ലാവരേയും ചില സമയവും ചിലരെ എല്ലാ സമയവും പക്ഷെ എല്ലാവരേയും എല്ലാ സമയത്തും കബളിപ്പിക്കാൻ കഴിയുകയില്ല !) എത്ര തന്നെ ശ്രമിച്ചാലും നമ്മളെത്തന്നെ വാസ്തവത്തിൽ കബളിപ്പിക്കാൻ അസാധ്യമല്ലെ ? ഇത്തരമുള്ള വ്യർത്ഥ ശ്രമത്തിന്റെ വിപരീത ഫലം, നമ്മൾ പല കാരണങ്ങളാലും ക്ഷീണിച്ചിരിക്കുമ്പോൾ (അശക്തനായിരിക്കുമ്പോൾ !), ആണ് നമ്മെ ബാധിച്ച് അത്യധികം കുഴക്കുക എന്നുള്ള സത്യം സ്പഷ്ടമാക്കാൻ ശാന്തമായി കുറച്ചു ചിന്തിക്കേണ്ട ആവശ്യമുണ്ട്. അല്ലാത്ത പക്ഷം നമ്മൾ 'പുല്ലോട്ടിപ്പട്ടി പ്രതികരണം' ചെയ്യാൻ നിർബന്ധിതരാവുന്നു ! (പുല്ലോട്ടി - പുൽതൊട്ടി)

പണ്ട് കൃഷിപ്രധാനമായ നാട്ടും പുറങ്ങളിൽ വീടുകളിൽ പശുവും അതിനായി തൊഴുത്തും പുൽതൊട്ടിയും സാധാരണമായിരുന്നു. അതുപോലെത്തന്നെ പട്ടിയും ഉണ്ടായിരുന്നു. മഴക്കാലത്ത്, പ്രത്യേകിച്ച് പ്രസവത്തിനുശേഷം ചൂടിനായി പുൽതൊട്ടിയിലെ വയ്ക്കോലിൽ പട്ടി സ്ഥലം പിടിക്കുന്നതും അപൂർവ്വമല്ല. 'പുല്ലോട്ടിയിലെ' പട്ടി, പുല്ലു തിന്നില്ലെങ്കിലും കുരച്ചു കുരച്ചു പശുവിനെ പുല്ലു തിന്നാൻ സമ്മതിക്കുകയില്ല. ഇന്ന് പ്രവൃദ്ധമായി വരുന്ന 'ആർത്തി'യെ പൂരിപ്പിക്കാൻ സാധിക്കാതെ, 'മനസ്സു മുട്ടി', നാം നമ്മളറിയാതെ തന്നെ 'പുല്ലോട്ടിപ്പട്ടി പ്രതികരണം' ചെയ്തുവരുന്നു എന്നുള്ളതു അത്ര എളുപ്പത്തിൽ നമ്മൾ സമ്മതിക്കാറില്ല !


നമ്മൾ വലിച്ചുകൂട്ടുന്ന 'സുവിധാ സാമഗ്രികൾ' കൂടെത്തന്നെ പ്രത്യേക പ്രശ്നങ്ങളും സൃഷ്ടിക്കുന്നുവെന്ന്, 'വാൽ മുറിഞ്ഞ കുറുക്കനെ'പ്പോലെ, സംഭവങ്ങൾക്ക് ശേഷമല്ലെ നാം അറിയുന്നത് ? അനാവശ്യ ശീലങ്ങൾ, കഴിക്കാനാവാതെ നിർബന്ധങ്ങളായി മാറി വരുന്നത് 'പുലിവാൽ പിടിച്ച ശേഷമല്ലെ' നാം അറിയുന്നത് ? ആത്മീയ മേഖലയിലെ ആപ്തവാക്യം 'കർമ്മങ്ങളെ കർമ്മഫലത്തിൽ നിന്നു ഒഴിവാക്കാൻ സാധ്യ

മല്ല' എന്നുള്ളതിന്, നൂറുകൂട്ടം ഇത്തരം ചെറു തെളിവുകൾ കണ്ടിട്ടും, നാം പഠിക്കാൻ വിട്ടുപോകുന്നത് ദൗർഭാഗ്യമല്ലെ ? സരള ജീവിതരീതിയല്ലെ ശാശ്വത സുഖസമാധാനത്തിന്റെ ആധാരം ? സീമിത പ്രകൃതി സ്വത്തുള്ള ഈ ഭൂമിയിൽ ജനസംഖ്യയുടെ നിയന്ത്രിച്ചു കുറയ്ക്കലും, അതിലും എത്രയോ മുഖ്യം, അനാവശ്യ ആവശ്യങ്ങളുടെ ഉൻമൂലനവും ഇല്ലാതെ ശാശ്വത സുഖ ശാന്തി അസാധ്യമല്ലെ?

ഇവിടെ ഗീതയിലെ രണ്ടു ശ്ലോകങ്ങൾ പരിശോധിക്കുന്നത് സഹായകമായിരിക്കും. (പഴഞ്ചൊല്ലുകളുടെ ലേഖനത്തിൽ ഭഗവദ് ഗീതയോ ?? ഒരു നിമിഷം ക്ഷമിക്കുക !) അധ്യായം IV ശ്ലോകം 12 ആണ് 'കാംക്ഷത: കർമ്മണാം സിദ്ധിം, യജ്ഞ ഇഹ ദേവതാ:, ക്ഷിപ്രം ഹി മാനുഷേ ലോകേ സിദ്ധിർഭവതി കർമ്മജാ' (പലതര ഇഷ്ടസാധ്യത്തിനായി ദൈവങ്ങളെ പൂജിക്കുന്നു - താമസിയാതെ ഇവ സഫലമാവുകയും ചെയ്യുന്നു.) എന്നാൽ അർജ്ജുനനായി കൊടുത്ത പ്രധാന ഉപദേശമാണ് ഗീത അധ്യായം II ശ്ലോകം 41ലെ 'വ്യവസായികാത്മികാ ബുദ്ധിരേകേഹ കുരുനന്ദന, ബഹുശാഖാ ഹ്യനന്താശ്ച ബുദ്ധയോ അവ്യവസായിനാം'. (ഉന്നത ലക്ഷ്യത്തെ അടയണമെങ്കിൽ ബുദ്ധി/ശ്രമത്തെ കേന്ദ്രീകരിച്ച്/ഏകീകരിച്ചില്ലെങ്കിൽ പലവിധത്തിൽ ചിന്നിച്ചിതറി പോകും) ഇന്നത്തെ ദൃശ്യ-ശ്രവണ മാധ്യമങ്ങളിലെ അത്യാകർഷകപരസ്യങ്ങൾ നേരെ മറിച്ച്, ശ്രദ്ധയെ ചിന്നിച്ചിതറി വ്യതിചലിപ്പിക്കുകയല്ലെ ചെയ്യുന്നത് ? ഇത്തരം പരസ്യങ്ങൾ ബഹിരാകാശത്തു നിന്നല്ല വരുന്നത്. നമ്മൾ തന്നെയല്ലെ നിർമ്മിക്കുന്നത് ? നമ്മളെത്തന്നെയല്ലെ കുഴക്കുന്നത് ? വഴിതെറ്റിക്കുന്ന ആധുനിക അത്യാകർഷക പരസ്യങ്ങൾ 'മധുരിച്ചിട്ട് തുപ്പാനും വയ്യ, കയ്ച്ചിട്ട് ഇറക്കാനും വയ്യ' എന്നല്ലെ പൊതു അനുഭവം ? പരിണിതഫലമോ? അനാവശ്യ ഉത്പാദനം/ വ്യയം, പ്രദൂഷണത്തിൽ വർദ്ധന, അപൂർവ്വ/പുനരുദ്ധരിക്കാനാകാത്ത പ്രാകത സമ്പത്തുകളുടെ വിനാശം...

# ഉത്സവങ്ങളും ആഘോഷങ്ങളും

ഏഴംകുളം മോഹൻകുമാർ
9447743242



ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും നാടാണ് കേരളം. ആഘോഷങ്ങളും ആചാരങ്ങളും ഏതൊരു പ്രദേശത്തിന്റേയും സാംസ്കാരിക ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. മതങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ ആഘോഷങ്ങൾ അനവധിയാണ്. എന്നാൽ ആചാരങ്ങൾ മതം, ദേശം എന്നിവയുമായി ഇഴുകിച്ചേർന്നതാണ്. അതിനാൽ ഒരു ആചാരം തന്നെ ദേശത്തിനനുസരിച്ച് വ്യത്യസ്തരീതിയിൽ ആഘോഷിക്കുന്നുണ്ട്. ഓണമായാലും വിഷുവായാലും ദീപാവലിയായാലും, ക്രിസ്തുമസ്, ഈദ് ഉൽഫിത്തർ എന്നിവയായാലും തെക്കും വടക്കും തമ്മിൽ പ്രകടമായ വ്യതിയാനങ്ങൾ ആഘോഷങ്ങളിൽ കാണാറുണ്ട്.

ആഘോഷങ്ങൾ സാംസ്കാരികമായി മാത്രമല്ല പൈതൃകത്തിന്റേയും വെളിപ്പെടുത്തലായാണ് നിലകൊള്ളുന്നത്. ദേശീയ ഉത്സവങ്ങൾക്കും മതപരമായ ആഘോഷങ്ങൾക്കുമൊപ്പം ഗ്രാമീണ ഉത്സവങ്ങളുമുണ്ട്. എല്ലാം ഏതെങ്കിലും തരത്തിൽ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതായത് മിക്ക കർമ്മങ്ങളും പ്രകൃതി, ഈശ്വരൻ ഇവയുടെ സ്വാധീനത്തിൽപ്പെട്ടിരിക്കുന്നു എന്നർത്ഥം.

ആഘോഷങ്ങൾക്ക് കാലവുമായുള്ള ബന്ധം പ്രധാനഘടകമാണ്. വസന്തകാലാഗമനം കുറിക്കുന്നതാണ് വിഷുവെങ്കിൽ ഓണം കാർഷിക വൃത്തിയുടെ ബന്ധം വെളിപ്പെടുത്തുന്നു. ആദ്യത്തേത് വിളവിറക്കുത്സവമാണെങ്കിൽ രണ്ടാമത്തേത് വിളവെടുപ്പുത്സവമാണ്. ഒരു കാലഘട്ടത്തിന്റെ ഓർമ്മകൾ ഗൃഹാതുരമായി നിലകൊള്ളുകയാണിവിടെ. ആഘോഷങ്ങൾക്കു പിന്നിലെല്ലാം ഐതിഹ്യമോ ചരിത്രപരമോ ആയ കഥകൾ ഉണ്ടാകും.


ക്രിസ്ത്യൻ വിഭാഗത്തിന്റെ മതപരമായ ആഘോഷങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ക്രിസ്തുമസ്സിന് എല്ലാ വിഭാഗക്കാരും പങ്കുചേരുന്നു. നക്ഷത്രവിളക്കുകൾ തൂക്കുകയും ക്രിസ്തുമസ് ട്രീ അലങ്കരിക്കുകയും മറ്റും ചിലയിടങ്ങളിൽ കൂട്ടായി ചെയ്യാറുണ്ട്. ലോകമെമ്പാടുമുള്ള മുസ്ലീങ്ങൾ ആഘോഷിക്കുന്ന ചെറിയ പെരുന്നാളായ ഈദ് ഉൽ ഫിത്തർ പരിശുദ്ധിയുടെ പ്രതീകമായി നിലകൊള്ളുന്നു.

ഉത്സവങ്ങളും ആഘോഷങ്ങളുമെല്ലാം വൈകാരിക പരിണാമങ്ങളുടെ ചരിത്രരേഖകളാണ്. മാനവ പരിവർത്തനത്തിനുള്ള മുഖ്യപങ്കും ഇത്തരം ആഘോഷങ്ങളും മറ്റു കലകളും വഹിക്കുന്നുണ്ട്. മഹത്തായ സന്ദേശങ്ങൾ ഇവ പ്രദാനം ചെയ്യുന്നു. വർത്തമാനകാലത്തിനപ്പുറം പിന്നിട്ട കാലത്തിന്റെ ഓർമ്മകളും ആഘോഷങ്ങളിലൂടെ നാം അയവിറക്കുന്നു. നന്മകൾ പലതും പിൻവാങ്ങിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഒരു ഒത്തുചേരൽ, കൂട്ടായ പ്രവർത്തനം, ആത്മസംതൃപ്തി, സ്നേഹം പങ്കുവെയ്ക്കൽ, ആത്മീയമായ ഉണർവ്വ് ഇവയെല്ലാം ആഘോഷങ്ങളിലൂടെ കരഗതമാകുന്നുണ്ട്. ഗ്രാമനന്മയും കാർഷികവൃത്തിയും മറന്നുകൊണ്ടുള്ള ആഘോഷങ്ങളാണ് സമീപകാലത്തുനടമാടുന്നത്. ആഘോഷാവസരങ്ങളിലെ വിഭവസമൃദ്ധി കാണുമ്പോൾ നമ്മൾ ഓർക്കേണ്ട ഒന്നുണ്ട്. ഈ മണ്ണിലെ വിളവുകൊണ്ടല്ല നാം സമൃദ്ധമായി ഉണ്ണുന്നത്. പലരേയും ആശ്രയിക്കേണ്ടിവരുന്നു. എങ്കിലും ഉത്സവങ്ങളും ആഘോഷങ്ങളും നമുക്ക് ആഹ്ലാദം നൽകുന്നു. അത് എന്നും സത്യമായി നില കൊള്ളുകയും ചെയ്യും.

# വിചിന്തനം

**നല്ലാട്ടിൽ ബാലകൃഷ്ണൻ**
**04923 268283, 09446530964**

**ആ**കെ ജനസംഖ്യയുടെ 80% ഗ്രാമങ്ങളിൽ വസിക്കുന്ന, അടിസ്ഥാനപരമായി ഒരു കർഷകജനത അധിവസിക്കുന്ന രാജ്യമാണ് ഇന്ത്യ. അതുകൊണ്ടുതന്നെ രാജ്യത്തിന്റെ വികസനം തുടങ്ങേണ്ടത് പ്രാദേശിക മേഖലകളിൽ നിന്നുമാണ്. ഈ രീതിയിലുള്ള വികസനം മാത്രമേ ഇന്ത്യൻ ജനതയുടെ കാര്യക്ഷമവും, പ്രത്യക്ഷവുമായ പുരോഗതിക്ക് ഉതകൂ. അതിനുപകരം നാം ഊന്നൽ കൊടുക്കുന്നത് മെട്രോ നഗരങ്ങളിലെ പരിസരമലിനീകരണത്തിനു കാരണമാകുന്ന വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിനാണ്. ശരിയായ ശുചിത്വവും, കുടിവെള്ളവും ശുദ്ധവായുവും, മായം ചേരാത്ത ഭക്ഷണവും, പരിസ്ഥിതി സൗഹൃദ ഗതാഗത സൗകര്യങ്ങളും, താമസസ്ഥലങ്ങളും ഇങ്ങനെയുള്ള സർവ്വ പ്രധാനമായ ജീവിത സൗകര്യങ്ങളും ഇല്ലാത്തവയാണ് മിക്ക നഗരങ്ങളും. ഇവയെല്ലാമുള്ള ഗ്രാമത്തിലെ ജനതയാവട്ടെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടി ദേശാന്തരഗമനം നടത്തി അനാരോഗ്യകരമായ ജീവിതശൈലി പിന്തുടരുന്നു. സ്വർഗ്ഗതുല്യമായ ഗ്രാമജീവിതം ഉപേക്ഷിച്ച് നഗരങ്ങളിലെ നരകജീവിതം കാംക്ഷിക്കുന്നു. ഇതിനുപ്രധാന കാരണം, നമ്മുടെ ഗ്രാമങ്ങളുടെ വികസനത്തിനു വേണ്ടത്ര ശ്രദ്ധ നല്കാത്ത രാഷ്ട്രീയ സമീപനമാണ്. നഗരത്തിൽ വർദ്ധിച്ചുവരുന്ന വ്യവസായവത്ക്കരണം ഭക്ഷണം, വായു, ഗതാഗതം എന്നിങ്ങനെ എല്ലാ വ്യവസ്ഥിതികളേയും തകിടം മറിക്കുകയും ചെയ്യുന്നു.



ഇതിൽ നിന്നും ഒരു തിരിച്ചുപോക്ക് അത്യാവശ്യമായിരിക്കുന്നു. സ്വജീവിതം വിട്ട് നഗരങ്ങളിൽ കുടിയേറിപ്പാർക്കുന്ന ഗ്രാമജനതയെ സ്വസ്ഥാനങ്ങളിലേക്ക് ആകർഷിക്കേണ്ടിയിരിക്കുന്നു. കോടിക്കണക്കിന് രൂപ കടം വാങ്ങി നാം നഗരങ്ങളിൽ വ്യവസായശാലകൾ പടുത്തുയർത്തിയപ്പോൾ ജനസംഖ്യയുടെ 80% വരുന്ന ഗ്രാമവാസികളെ കണക്കിലെടുത്തില്ല. അവരുടെ സ്വസ്ഥജീവിതത്തിന്റെ വിലയാണ് നഗരത്തിലെ പ്രമാണിവർഗ്ഗം നികുതി കൊടുക്കാതേയും, നിയമം ലംഘിച്ചും അനുഭവിക്കുന്നത്.

മറ്റൊരു പ്രധാനമേഖലയാണ് വിദ്യാഭ്യാസം. സമഗ്രമായ വിദ്യാഭ്യാസം ശരിതെറ്റുകൾ മനുഷ്യരെ പഠിപ്പിക്കുന്നു. തങ്ങളുടെ ജീവിതം പന്താടുന്ന ഇടനില ദല്ലാളുമാരെ അകറ്റിനിർത്തി രാഷ്ട്രീയ മുതലെടുപ്പിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിൽ വിദ്യാഭ്യാസത്തിനു നല്ലൊരു പങ്കുണ്ട്.

ജനപ്പെരുപ്പം നമ്മുടെ രാജ്യത്തിന്റെ ശാപമാണ്. എല്ലാ വികസന പ്രവർത്തനങ്ങളേയും ദുർബ്ബലപ്പെടുത്തുന്ന ഒന്നാണ് ജനപ്പെരുപ്പം. നാം രണ്ട് നമുക്ക് രണ്ട് എന്ന മുദ്രാവാക്യം പ്രാബല്യത്തിൽ വരുത്തുന്ന നിയമനിർമ്മാണം നടത്താൻ ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തി വേണ്ടതാണ്.

70 വർഷങ്ങളോളമായി ഇന്ത്യയിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളെ പുറകോട്ടുവലിക്കുന്നതാണ് ജനപ്പെരുപ്പം. വോട്ടുബാങ്കുകളെ പ്രീണിപ്പിക്കുന്നതിനായി രാഷ്ട്രപുരോഗതിക്ക് തുരങ്കൽ വയ്ക്കുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ കൂട്ടുനിന്നുകൂടാ. ഇതിനായി ഉരുക്കുപോലുള്ള നിശ്ചയദാർഢ്യമുള്ള ഒരു സർദാർ വല്ലഭായ് പട്ടേൽ ഇനിയും ജന്മമെടുക്കേണ്ടിയിരിക്കുന്നു. ജാതി-വർഗ്ഗ-ഭാഷാടിസ്ഥാനത്തിൽ വിഭജിക്കുന്നതിനുപകരം ഭൂമിശാസ്ത്രപരമായി രാജ്യത്തെ വിഭജിക്കേണ്ടതാണ്.

കച്ചവടച്ചരക്കുകളായി മാറിയ രാഷ്ട്രീയക്കാർ കാരണം ഇന്നത്തെ ജനായത്ത ഭരണത്തിന് അതിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യത്തിൽ രാജ്യത്തിന് ഏറ്റവും അനുയോജ്യം രാഷ്ട്രപതിഭരണമാണ്. പത്രമാദ്ധ്യമങ്ങൾക്ക് രാഷ്ട്ര നിർമ്മാണത്തിൽ ഒരു പ്രധാന പങ്കുണ്ട്. രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി ഒരു തികഞ്ഞ രാഷ്ട്രതന്ത്രജ്ഞൻ കൂടിയാകണം. തൂക്കുപാർലമെന്റിനുപകരം സുസ്ഥിരമായ അഞ്ചുവർഷത്തെ ഭരണം ഇതിനാൽ സാദ്ധ്യമാകും. അമേരിക്കപോലുള്ള രാജ്യങ്ങളിൽ കഴിവുറ്റ ഭരണാധികാരി രണ്ടാം വട്ടവും തെരഞ്ഞെടുക്കപ്പെടുകയും, ഗൂഢലക്ഷ്യങ്ങൾ ഉള്ള അഴിമതിക്കാർ കുറ്റം ചുമത്തപ്പെട്ട് ചുമതലകളിൽ നിന്നും മാറ്റി നിർത്തപ്പെടുകയും ചെയ്ത ചരിത്രമുണ്ട്. ഉദാ. വാട്ടർ ഗേറ്റ് വിവാദവും പ്രസിഡന്റ് നിക്സണും.

വായുവില്ലെങ്കിൽ മരണം ആസന്നമെങ്കിൽ മലിനവായു മരണം തത്ക്ഷണമാക്കും. ജലദൗർലഭ്യവും, മനുഷ്യരാശിയുടെ നാശത്തിലേക്ക് നയിക്കും. പരേതനായ മുൻ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ശ്രീ. എൻ. ടി. രാമറാവു ബ്രഹ്മപുത്ര- കാവേരി നദികളെ ബന്ധിപ്പിക്കുവാനുള്ള പദ്ധതി തുടങ്ങിവെച്ചെങ്കിലും നട

പ്പിലാക്കാനായില്ല. ആസ്സാമിൽ വെള്ളപ്പൊക്കവും, 44 നദികളുള്ള കേരളത്തിൽ വരൾച്ചയും എന്നത് വലിയൊരു വിരോധാഭാസമാണ്.

ബീഹാറിൽ ചില പ്രദേശങ്ങളിൽ വരൾച്ച, ചിലയിടങ്ങളിൽ വെള്ളപ്പൊക്കവും കണ്ടുവരുന്നു. ദുരന്തനിവാരണത്തിനായി ചിലവിടുന്ന കോടികളേക്കാൾ ലാഭകരം ഇങ്ങനെയുള്ള ഭൂപ്രദേശങ്ങളെ ഒരു കനാൽ വഴി കൂട്ടിയിണക്കുന്നതാണ്.

20 നോടുകൂടി നമ്മുടെ രാജ്യം രൂക്ഷമായ ജലദൗർലഭ്യവും, വൈദ്യുതിക്ഷാമവും നേരിടുമെന്നാണ് പത്ര റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഈ രൂക്ഷ പ്രശ്നം പരിഹരിക്കുന്നതിനായി കിഴക്കൻ മേഖലകളിലെ ബ്രഹ്മപുത്ര പോലുള്ള നദികളെ തെക്കുപടിഞ്ഞാറൻ വരൾച്ചാബാധിതപ്രദേശങ്ങളുമായി ബന്ധിപ്പിക്കാനുള്ള കനാലുകൾ നിർമ്മിക്കേണ്ടതാണ്. 2010ൽ ഡൽഹി നിവാസികൾക്ക് ഒരു തുള്ളി കുടിവെള്ളമുണ്ടാവില്ലെന്ന് 1999ൽ തന്നെ ഡൽഹി മുഖ്യമന്ത്രി മുന്നറിയിപ്പ് നല്കിയിട്ടുണ്ടായിരുന്നു. രാജ്യത്തെ പല ഭാഗങ്ങളേയും ബന്ധിപ്പിക്കുവാൻ അതിവേഗ പാതകൾ നിർമ്മിക്കുന്ന കേന്ദ്ര സർക്കാരിന് അതിനരികിലൂടെ ഒരു കനാൽ കൂടി നിർമ്മിക്കാനായാൽ പുരാണങ്ങളിൽ പരാമർശിക്കുന്ന ഭൂമിയിലേക്ക് ഗംഗയെ കൊണ്ടുവന്ന ഭഗീരഥ പ്രയത്നത്തിന് തുല്യമാകുമത്.

ഒരു അധികാരിയുടെ മേൽനോട്ടത്തിൽ ഈ പ്രവർത്തനം നടപ്പിലാക്കാനായാൽ അത് കൂടുതൽ ഫലപ്രദമാകും. പല മേഖലകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാർ ഒരുമിച്ച് ഭഗീരഥ കമ്മീഷൻ എന്ന പേരിൽ ഒരു കൂട്ടായ്മ രൂപീകരിച്ച് എല്ലാ പ്രവർത്തനങ്ങളേയും ഏകോപിപ്പിച്ചാൽ ലോകത്തെ ആദ്യത്തെ ഏറ്റവും വലിയ വിവിധോദ്ദേശ പദ്ധതിയാവും അത്. കൂടാതെ രാജ്യം നേരിടുന്ന തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം കൂടിയാവും ഈ ബൃഹദ് പദ്ധതി.

കേന്ദ്ര ജലസേചന മന്ത്രിയായിരുന്ന യശഃശരീരനായ ശ്രീ. കെ. എൽ. റാവു. വിഭാവനം ചെയ്ത രാജ്യത്തെ പ്രധാന നദികളെ പരസ്പരം ബന്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 1980ലെ ദേശീയ പദ്ധതി ഫലപ്രാപ്തിയിലെത്താതെ അലമാരിയിൽ സുഷുപ്തിയിലാണ്. ഇപ്പോൾ നിർവ്വഹണഘട്ടത്തിലുള്ള ദേശീയപാതാ പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് പ്രായോഗികത ഉറപ്പുവരുത്തി ആസൂത്രണം ചെയ്ത് പദ്ധതിയെ ഗൗരവതരമായി ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചുകൊണ്ടിരിക്കുകയാണ്. സമാനമായ രീതിയിലുള്ള മൺപണികൾ ഉള്ള പദ്ധതികളായ ദേശീയപാത പദ്ധതിയും, നദിസംയോജന കനാൽ പദ്ധതിയും തോളോടുതോൾ ചേർന്നുകൊണ്ട് ഫലപ്രദമായി നടപ്പിലാക്കുവാൻ സാദ്ധ്യമാണ്. രാഷ്ട്രീയ ഇച്ഛാശക്തിയും, വിവിധ സ്ഥാപനങ്ങളുടെ ധനസഹായവും മാത്രം ഉണ്ടെങ്കിൽ ഈ പദ്ധതിക്ക് തുടക്കം കുറിക്കാവുന്നതാണ്. ഈ ബൃഹദ് പദ്ധതിക്ക് വമ്പിച്ച ധനസമാഹരണം ആവശ്യമാണ് എങ്കിലും പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മാത്രം ധനസഹായം ഉറപ്പാക്കി പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഈ പദ്ധതി നിർവ്വഹണ ഘട്ടത്തിലെത്തുന്നതുമുതൽ ലഭിക്കുന്ന വരുമാനം കൊണ്ടുതന്നെ പദ്ധതിക്ക് വേണ്ട ഭാവിയിലെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നതാണ്.

രാഷ്ട്രീയ ലാഭത്തിന് ജനപിന്തുണ നേടുന്നതിന് വേണ്ടിയും, രാഷ്ട്രീയ നേതാക്കളാൽ സൃഷ്ടിക്കപ്പെടുന്ന, പരിമിതമായ, ചെറിയ പദ്ധതികൾ ഈ രാഷ്ട്രത്തിന്റെ വലിയ ആവശ്യങ്ങൾ നിറവേറ്റാതെ പാഴ്ചെലവായി മാറുന്ന സാഹചര്യത്തിൽ, മേൽ പദ്ധതി നടപ്പിലാക്കുന്നതോടെ ഈ രാജ്യം ദൈവത്തിന്റെ സ്വന്തം രാജ്യം എന്ന സ്ഥാനം തന്നെ കൈവരിക്കുന്നതാണ്.

അഴിമതി, സ്വജന പക്ഷപാതം, നീതി നിഷേധം, ജാതിയുടെ പേരിലുള്ള കലഹം, മതസ്പർദ്ധ, വർഗ്ഗീയത എന്നിവ തുടച്ചുമാറ്റുന്ന കാര്യങ്ങളിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ട മേഖലയാണ്. സമത്വം എന്നത് എല്ലാവരും ഉച്ചരിക്കേണ്ട മന്ത്രമാണ്. രാജ്യത്തെ നിയമം എല്ലാവർക്കും ഒരുപോലെ ബാധകമായതും പാലിക്കേണ്ടതുമാണ്. സ്ത്രീകളുടേയും-കുട്ടികളുടേയും താത്പര്യം സംരക്ഷിക്കപ്പെടേണ്ടതാണ്. അവശ്യസാധനങ്ങളുടെ ശരിയായ കൃത്യസമയത്തുള്ള വിതരണം ഉറപ്പ് വരുത്തേണ്ടതാണ്.

അധികാര ദുഷ്പ്രഭുത്വം, ഭൂമി തട്ടിയെടുക്കൽ, പിടിച്ചുപറി, കൊള്ള, മാനഭംഗം, കൊലപാതകം എന്നീ കുറ്റകൃത്യങ്ങളെ കർശനമായി അടിച്ചമർത്തേണ്ടതുണ്ട്. നിയമപാലകർക്കും, ജനസേവകർക്കും മെച്ചപ്പെട്ട വേതനം ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതും, അവർക്കും, കുടുംബത്തിനും മതിയായ വിദ്യാഭ്യാസവും, പാർപ്പിട, ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുമാണ്. അതുവഴി അവർ സ്വാധീനങ്ങൾക്ക് വിധേയരാകുന്നില്ല എന്ന് ഉറപ്പാക്കാൻ കഴിയുന്നതാണ്. ചെറിയ കുറ്റകൃത്യങ്ങൾക്കും കഠിനശിക്ഷ നല്കുക വഴി മാത്രമേ കുറ്റകൃത്യങ്ങൾ കുറക്കുവാൻ കഴിയുകയുള്ളു.

ദീനാനുകമ്പ വീടുകളിൽ നിന്നും ആരംഭിയ്ക്കേണ്ടതാണ്. നിയമപാലകർ ഇത് അവരുടെ അധികാര പരിധിയിൽ പരിപാലിക്കേണ്ടതുമാണ്. അതുവഴി മറ്റുള്ളവർക്കും ഇത് മാതൃകയായി തീരുന്നതാണ്. വിക്രമാദിത്യ ചക്രവർത്തിയുടെ ഭരണകാലം പ്രാവർത്തികമാക്കേണ്ടതാണ്.

നമ്മുടെ നദീതടങ്ങളിലെ അവസാന മണൽത്തരിയും മണൽ മാഫിയ അപഹരിക്കുമ്പോൾ നദികൾ അതിവേഗം കടലിലേക്ക് ഒഴുകിയെത്തുന്നു. ചെറു മണൽത്തരിയും ചെറു വെള്ളത്തുള്ളികളും ചേർന്നാണ് അപാരമായ സാഗരത്തേയും സുന്ദരമായ ഭൂമിയേയും സൃഷ്ടിക്കുന്നത്.

വിഭവങ്ങളുടെ സമൃദ്ധിയിൽ നാം ആർക്കും പുറകിലല്ല. വിഭവങ്ങളുടെ ശരിയായ വിനിയോഗത്തിലും, ദൈവത്തിന്റെ ഈ സ്വന്തം നാട്ടിൽ ശരിയായ ജീവിതം രൂപീകരിക്കുന്നതിനുമാണ് നാം ഊന്നൽ നല്കേണ്ടത്.

# ഭാരതത്തിന് അത്‌ലറ്റിക്സിൽ ഒളിമ്പിക്സ് മെഡൽ !?



**എസ്. എസ്. കൈമൾ**
**9446294817**

**ക**ഴിഞ്ഞ മാസം ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ നടന്ന 58ാമത് ദേശീയ ഓപ്പൺ അത്‌ലറ്റിക്സ് മീറ്റിലെ ലോംഗ് ജമ്പിൽ 8.20 മീറ്റർ ചാടിയ പാലക്കാട്ടുകാരനായ മുരളി ശങ്കർ ദേശീയ റെക്കോർഡ് തിരുത്തുകയും തന്റെ ഒളിമ്പിക്സ് മെഡൽ സാധ്യത ഓർമ്മിപ്പിക്കുകയും ചെയ്തു. പിതാവും പരിശീലകനുമായ എസ്. മുരളിയെന്ന മുൻ സാഫ് ഗെയിംസ് വെള്ളി മെഡൽ ജേതാവും, സാഫ് ഗെയിംസിലെ സ്വർണ്ണജേത്രിയായ അമ്മ കെ. എസ്. ബിജിമോളും, അത്‌ലറ്റിക്സ് ഫെഡറേഷന് മാനസാന്തരം വരുത്തും വിധം പ്രോത്സാഹനപ്രദവും അഭിനന്ദനീയവുമായ ഇതുവരെയില്ലാത്ത ഒരു മാതൃക സൃഷ്ടിക്കാൻ ഭാഗ്യമുള്ളവരായി എന്നത് ഒളിമ്പിക്സ് മെഡലിനോട് ഇന്ത്യയെ വളരെ ചേർത്തുനിർത്തുകയാണ്. ശങ്കർ കൈവരിച്ചുകൊണ്ടിരിയ്ക്കുന്ന പതിവ് വാർഷികപുരോഗതി അടുത്ത വർഷം കൂടി കൈവരിയ്ക്കാൻ കഴിഞ്ഞാൽ, ഇപ്പോൾ കേവലം പത്തൊമ്പതുകാരൻ മാത്രമായ ശ്രീ. ശങ്കറിന് 2020ൽ അതൊരു ഒളിമ്പിക്സ് മെഡൽ ദൂരമായിത്തീരും. കഴിഞ്ഞ മാർച്ചിൽ പാട്യാലയിൽ ശ്രീ. ശങ്കർ ചാടിയ 7.99 മീറ്ററിൽ നിന്നും 21 സെന്റിമീറ്ററിന്റെ പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞ ശ്രീ. ശങ്കറിന്റെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വാർഷിക ശരാശരി വർദ്ധന 25 സെന്റീമീറ്ററിലധികമാകയാൽ, ടോക്യോ ഒളിമ്പിക്സിന് അവശേഷിക്കുന്ന ഒന്നരവർഷത്തിനിടയിൽ ഏറ്റവും കുറഞ്ഞത് 35 മുതൽ 45 സെന്റീമീറ്റർ വരെയുള്ള വർദ്ധന കൈവരിയ്ക്കാൻ കഴിയേണ്ടതാണ്. എങ്കിൽ 8.55 മുതൽ 8.65 മീറ്റർ വരെ ശങ്കറിന് ലഭിയ്ക്കാവുന്നതാണ്. 8. 40ൽ കൂടുതൽ ചാടിയിട്ടുള്ളവർക്കാർക്കും ഒളിമ്പിക്സ് മെഡൽ കിട്ടാതിരുന്നിട്ടില്ല. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഭാരതത്തിന് കിട്ടാതായ കപ്പിനും ചുണ്ടിനുമിടയിൽ തട്ടിത്തൂവിപ്പോയ അത്‌ലറ്റിക്സിലെ ഒളിമ്പിക്സ് മെഡൽ നേടുന്ന ഭാഗ്യവാനാകുന്ന ആദ്യഭാരതീയൻ ഈ പാലക്കാട്ടുകാരനായിരിക്കട്ടെയെന്ന് നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം.

ഭുവനേശ്വറിലെ മീറ്റിൽ 8.11 മീറ്ററിന്റെ മറ്റൊരു ചാട്ടവും, 8.30 മീറ്ററോളം വരുന്ന നേരിയ ഫൗൾ ചാട്ടവും ശങ്കറിന്റെ സാധ്യതയെ കൂടുതൽ വിശ്വസനീയവും പ്രത്യാശാഭരിതവുമാക്കുന്നുണ്ട്.

ഇനി അല്പം വിമർശനാത്മകമായ വിലയിരുത്തലും ചില പ്രായോഗിക നിർദ്ദേശങ്ങളും ഈ സന്ദർഭത്തിൽ പ്രസക്തമാണെന്നു തോന്നുന്നു. ഏതാനും മാസങ്ങൾക്കുമുമ്പ് ശങ്കറിന് അഭിമുഖീകരിയ്ക്കേണ്ടിവന്ന ശസ്ത്രക്രിയയും അനുബന്ധവൈഷമ്യങ്ങളും വഴി നഷ്ടമായ ആരോഗ്യവും, കായികക്ഷമതയും ആറ് ഏഴ് കിലോ ശാരീരിക ഭാരനഷ്ടവും കഴിഞ്ഞ് പൂർണ്ണ റിക്കവറി കൈവരിയ്ക്കും മുമ്പു ചാടിയ പ്രത്യാശാഭരിതമായ ഈ പെർഫോമൻസ് ഇനിയും ഏറെ മികച്ചതാക്കാൻ, സാധ്യതകളുള്ള ചില സാങ്കേതിക പ്രശ്നങ്ങൾ കൂടി പരിഹരിയ്ക്കാൻ കഴിഞ്ഞാൽ ശങ്കറിനെ ടോക്യോ ഒളിമ്പിക്സിന്റെ ഏറ്റവും ശ്രദ്ധേയ താരമാക്കാൻ കഴിയും. ആ പ്രശ്നങ്ങളും പരിഹാരവുമാണിനി എഴുതുന്നത്. പിതാവും പരിശീലകനുമായ ശ്രീ. മുരളിയും മറ്റുള്ള അഭ്യുദയകാംക്ഷികളും ഇക്കാര്യം പരിഗണിയ്ക്കുമെന്ന പ്രത്യാശയോടുകൂടിയാണിതെഴുതുന്നത്.

1) ദീർഘകാലത്തെ പരിശീലന-മത്സര-ആഘാതങ്ങളിൽ നിന്ന് സമ്പൂർണ്ണ റിക്കവറി കിട്ടാൻ എത്രയും വേഗം ഒരു ആയുർവേദചികിത്സയ്ക്ക് ശങ്കർ വിധേയനാകണം. പ്രസ്തുത ചികിത്സയും അതിന്റെ അനുബന്ധ പഥ്യാചരണമായ നല്ലിരിപ്പും കഴിഞ്ഞ് അനുക്രമകായിക പരിശീലനത്തിനാവശ്യമായ കാലയളവും കൂടി പരിഗണിയ്ക്കുമ്പോൾ ടോക്യോ ഒളിമ്പിക്സിന് അവശേഷിക്കുന്ന ഒന്നര വർഷം വളരെ നിർണ്ണായകമാണ്. അതുകൊണ്ട് നിർദ്ദിഷ്ട ആയുർവേദ ചികിത്സയ്ക്ക് ഇനി ഒട്ടും വൈകരുത്. സപ്തധാതുശോഷണ പരിഹാരത്തിനുവേണ്ടിയാണ് ഈ നിർദ്ദേശം. കായിക പരിശീലനമത്സരപരമ്പരയിലൂടെ സ്വാഭാവികമായും സംഭവിച്ച സപ്തധാതുശോഷണത്തിന്റെ പരിഹാരത്തിന് ആയുർവേദ ചികിത്സ വഴിയുള്ള അപാര സാധ്യത ശങ്കർ മാത്രമല്ല എല്ലാ പ്രമുഖ കായിക താരങ്ങളും മനസ്സിലാക്കുകയും ആചരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. അധികൃതർ ഈ നിർദ്ദേശം സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. എങ്കിലേ ഒളിമ്പിക്സ് മെഡലുകൾ നേടാനുള്ളവർ ഉണ്ടാകുകയുള്ളു. അങ്ങനെ ചെയ്താൽ തുടർന്നുള്ള നാലഞ്ചുകൊല്ലത്തേയ്ക്ക് നല്ല അഭിവൃദ്ധിയുണ്ടാകുകയും പരിക്കുകൾ ഉണ്ടാവാതിരിക്കുകയും ചെയ്യും.


2) കോണ്ട്രാസ്റ്റുബാത്ത് എന്ന കുളി ചികിത്സയുടെ പരിണിതഫലം ശങ്കർ

മുൻകൂട്ടി ഉറപ്പുവരുത്തണം. ഇത് ഉത്തേജക മരുന്നുപോലെ ഫലപ്രദവും ദോഷരഹിതവും നിയമാനുസൃതവുമാകയാൽ ഇതിന്റെ വിസ്മയ ഫലം കൈവരിയ്ക്കാൻ അനുഭവ ബോധ്യം വരുത്തണം. കോൺട്രാസ്റ്റു ബാത്തിനെക്കുറിച്ചുമാത്രം പിന്നീടെഴുതാം.

3) സൂപ്പർ കോമ്പൻസേഷൻ എന്ന ജൈവശാസ്ത്രപ്രതിഭാസവും ബയോറിഥവും പ്രയോജനപ്പെടുത്തണം. ഈ വിഷയവും പിന്നീട് വിശദീകരിയ്ക്കാം.

പരിശീലനത്തോത് ക്രമേണ ഉയർത്തി, പാരമ്യതയിലെത്തിയ ശേഷം പരിശീലനത്തോത് ക്രമേണ കുറച്ചു കുറച്ചു കൊണ്ടുവന്ന് പ്രധാന മത്സരത്തിനുമുമ്പ് 5 മുതൽ 10 ദിവസം വരെ സമ്പൂർണ്ണവിശ്രമം എന്ന ചര്യ അനുഷ്ഠിച്ചാൽ സൂപ്പർ കോമ്പൻസേഷൻ എന്ന ജൈവശാസ്ത്ര പ്രതിഭാസസാഫല്യം കൈവരിയ്ക്കാൻ കഴിയും. സമ്പൂർണ്ണ വിശ്രമവേള 5 മുതൽ 10 എന്നതിലും കൂടുതലാക്കാൻ പോലും സാധിയ്ക്കും വിധം പരിശീലനരീതിയെ ക്രമീകരിയ്ക്കാൻ കഴിയും. അതുവഴി പുരോഗതിയും ആനുപാതികമായി ഉയരും. അതുകൊണ്ടുതന്നെ പരിശീലനം പരീക്ഷണാത്മകവും ഗവേഷണോന്മുഖവുമാക്കേണ്ടതിന്റെ പ്രസക്തിയും ഇവിടെ ചിന്തിയ്ക്കേണ്ട വിഷയമാകുകയാണ്.

4) ചാട്ടങ്ങൾക്കിടയിലെ ഹൃസ്വവാമപ്പുകൾ, മത്സരത്തിനുമുമ്പു ചെയ്യാറുള്ള പതിവുവാമപ്പിനേക്കാൾ, പെർഫോമൻസിന്റെ നിർണ്ണായകമായ അഭിവൃദ്ധിയെ ഉറപ്പുവരുത്തും. ഓരോ ചാട്ടം കഴിയുമ്പോഴും അടുത്ത ചാട്ടത്തിനുള്ള സവിശേഷ തയ്യാറെടുപ്പിന്റെ മർമ്മം ആ ഇടവേളയിൽ ചെയ്യുന്ന പ്രത്യേകമായ ഹൃസ്വവാമപ്പുകളാണ്. ശാരീരികമായ താപനില ഒരു കാരണവശാലും താഴാനിടയാക്കരുതെന്നല്ല; ബോഡീടെ സ്ട്രച്ചറിനെ ഓരോ ചാട്ടത്തിനും മുമ്പേ ഉയർത്താൻ കഴിഞ്ഞാലെ അഭിലഷണീയമായ ദൂരം ചാടാൻ കഴിയൂ. അതുകൊണ്ട് ഇൻബിറ്റ്വീൻ വാമപ്പ് സശ്രദ്ധം അനുഷ്ഠിയ്ക്കണം.



**മുരളി ശങ്കർ**

5) 'ഡുഓർഡൈ' എന്ന ചാവേർ ശൈലിയാണ് സ്വീകരിയ്ക്കേണ്ടത്. പ്രഥമശ്രമത്തിൽത്തന്നെ അന്തിമ മത്സരപ്പട്ടികയിലെത്തുക എന്ന ലക്ഷ്യം കൈവരിച്ചുകഴിഞ്ഞാൽ, പിന്നീടുള്ള ഓരോ ചാട്ടവും യുദ്ധസമാനം - ചാവേർ ശൈലിയായിരിയ്ക്കണം. ഒന്നുകിൽ ആജീവനാന്ത മികവ് ദൂരം ചാടുകയോ അല്ലെങ്കിൽ ആ വരിഷ്ട ഉദ്യമത്തിൽ ഫൗളായിപ്പോവുകയോ സംഭവിയ്ക്കും. അല്ലാതെ ഒരേ ദൂരം ആവർത്തിയ്ക്കുന്ന ചാട്ടങ്ങൾ ചാടരുത്. ഓരോ തുടർച്ചാട്ടവും ഏറ്റവും മികച്ചതാക്കാനായിരിക്കണം സർവ്വാത്മശ്രമം. അതിന്റെ സന്നാഹപ്രവർത്തനങ്ങളാണ്, ഇൻബിറ്റ്വീൻ വാമപ്പും ചാവേർ ശൈലിയും ഒക്കെ. അന്തിമ ലിസ്റ്റിലേയ്ക്ക് യോഗ്യത നേടിക്കഴിഞ്ഞാൽ, റൺവേയുടെ നീളം രണ്ടു സ്റ്റ്രൈഡ് വർദ്ധിപ്പിച്ച് 'ഡുഓർഡൈ' ചെയ്യണം. ആ രീതിയിൽ രണ്ട് ചാട്ടം കഴിഞ്ഞാൽ, വീണ്ടും രണ്ട് സ്റ്റ്രൈഡുകൂടി റൺവേ ദൂരം വർദ്ധിപ്പിച്ച് ആത്യന്തിക - ആജീവനാന്തദൂരം കൈവരിയ്ക്കാനുള്ള സാഹസികശ്രമവും ശ്രേഷ്ഠഭാവിയ്ക്കുള്ള നിർണ്ണായക നിഷ്ഠകളായിരിയ്ക്കും. യോഗ്യതാദൂരം പ്രഥമശ്രമത്തിൽത്തന്നെ കൈവരിയ്ക്കാൻ 15 സ്റ്റ്രൈഡ് റൺവേയേ വേണ്ടൂ. അതിനായി, പക്ഷെ, മനസ്സിനെ കണ്ടീഷൻ ചെയ്തുറപ്പുവരുത്തണം. തുടർന്ന് 17ഉം അവസാനം 19 സ്റ്റ്രൈഡും റൺവേ മാതൃകാപരമായിത്തീരും. അതിനുധൈര്യമില്ലാത്തവർ 17 സ്റ്റ്രൈഡ് റൺവേയിലൂടെ പ്രഥമചാട്ടത്തിനുപയോഗിച്ച ശേഷം 19, 21 സ്റ്റ്രൈഡുകളുള്ള തുടർച്ചാട്ട റൺവേകളെ സ്വീകരിക്കാം.

ഇതുവരെ വിശദീകരിച്ച 5 നിർദ്ദേശങ്ങളേക്കാൾ പ്രാധാന്യമുള്ള ഒരു നിർദ്ദേശമാണവസാനമായി പറയാൻ പോകുന്നത്. ഇത് പറയുന്നതിനുവേണ്ടിയാണ് ഈ ലേഖനം എഴുതുന്നതുപോലും. അതിപ്രധാനമാണിനിയുള്ള നിർദ്ദേശം എന്നർത്ഥം.

6) അനുക്രമ റൺവേ എന്ന ശൈലിയുടെ മഹത്വം മനസ്സിലാക്കണം; ഒപ്പം റൺവേയുടെ ദൂരം എത്രയായിരിയ്ക്കണമെന്ന അവബോധവും.

7) ബഹുഭൂരിപക്ഷം ദൂരച്ചാട്ടക്കാരും അപ്രോച്ച് റണ്ണിൽ, സ്പ്രിന്റ് സ്റ്റാർട്ട് ശൈലിയാണ് സ്വീകരിച്ചുകാണുന്നത്. ഇത് അടിസ്ഥാനപരമായ തെറ്റാണ്. പ്രത്യേകിച്ചും റൺവേയുടെ നീളം കൂടുതലാണെങ്കിൽ. ഇത്, ട്രിപ്പിൾ ജമ്പിൽ കൂടുതൽ പ്രസക്തമാണ്.

'വിന്റ് സ്പ്രിന്റ്' രീതിയിലുള്ള അനുക്രമ റൺവേ മാത്രമേ ഉത്തമദൂരം ചാടാൻ സഹായിയ്ക്കൂ. അതുകൊണ്ട്, സ്പ്രിന്റ് റണ്ണപ്പ് ശൈലി നിർബന്ധമായും ഉപേക്ഷിയ്ക്കണം. പകരം അനുക്രമ റൺവേയെ ഉപാസിയ്ക്കണം. റണ്ണപ്പുദൂരം 15 സ്റ്റ്രൈഡ് എന്ന അടിസ്ഥാന ദൂരവും, തുടർന്ന് രണ്ടു സ്റ്റ്രൈഡ് വീതം വർദ്ധിപ്പിച്ച് ചാവേർ ശൈലിയിൽ ചാടുന്ന രീതിയുമാണ് ചിട്ടപ്പെടുത്തേണ്ടത്. ഈ നിർദ്ദേശം, എല്ലാ ദൂരച്ചാട്ടക്കാരും അവരുടെ പരിശീലകരും സ്വയം പരീക്ഷിച്ചാൽ ബോധ്യപ്പെടും.

ടോക്യോ ഒളിമ്പിക്സിനു ശേഷം ട്രിപ്പിൾ ജമ്പിലേയ്ക്ക് കൂടി ശ്രദ്ധ വെച്ചാൽ ശങ്കറിന് ഒളിമ്പിക്സ് ഡബ്ബിളിനു സാധ്യതയുണ്ട്. പാരീസിലെ - 2024ലെ - ഒളിമ്പിക്സിൽ ശങ്കറിന്റെ ഡബിൾ സാധ്യത ഉറപ്പുവരുത്താൻ, 110മീറ്റർ ഹർഡിലെ പ്രാക്ടീസുസഹായിയ്ക്കും. 100 മീറ്റർ സ്പ്രിന്റും, 110 മീറ്റർ ഹർഡിലും, ഡിക്കാത് ലോണും ഒക്കെ പ്രധാന മത്സര ഇനമെന്ന നിലയിൽ ചെയ്യുന്നതിനുപകരം സപ്ലിമെന്ററി ഇവന്റുകളായിക്കണക്കാക്കി പരിശീലിച്ചാൽ അതെല്ലാം ആത്യന്തികമായ ദൂരച്ചാട്ട ഡബിൾ മെഡൽ നേട്ടത്തിനുസഹായിയ്ക്കും. നല്ല റിക്കവറിയ്ക്ക് യോഗാസങ്കേതങ്ങളും പേശികളുടെ സ്

ഫോടനാത്മക ചലനങ്ങൾക്ക് കളരിയിലെ മെയ്പ്പയറ്റുസങ്കേതങ്ങളും ഉത്തമമായ സാധനാക്രമങ്ങളായിരിയ്ക്കും. തേൻ ഉത്തമഗുണഫലം നൽകും. പതിവായില്ലെങ്കിലും, മത്സരകാലത്ത് ഒന്നരമാസം മുമ്പേ നല്ല ചെറുതേൻ തുല്യഅളവിൽ കൂടുതൽ, സാധാരണ വെള്ളത്തിൽ നാരങ്ങാനീരും ചേർത്ത് കഴിച്ചാൽ ഉത്തമഫലം ലഭിയ്ക്കും. ഇതിനോടനുബന്ധിച്ച് ചില അതിപ്രധാനനിർദ്ദേശങ്ങൾ കൂടി ചേർത്തുകൊള്ളട്ടെ. ഈ നിർദ്ദേശങ്ങളെ ദേശീയ കായിക നയമായി സ്വീകരിയ്ക്കാൻ ബന്ധപ്പെട്ടവരും. മാധ്യമങ്ങളും മുൻകൈയ്യെടുത്തേ മതിയാകൂ.

1) ശ്രീ. ശങ്കർ 20 വയസ്സിൽ താഴെയുള്ളവരിൽ 8.20 മീറ്റർ ചാടിയതോടെ ലോക ഒന്നാം റാങ്കുകാരനാണ്. സ്വന്തം പിതാവാണ് പരിശീലകൻ. അദ്ദേഹവും ശ്രീമതിയും സാഫ് ഗെയിംസ് മെഡൽ ജേതാക്കളാണ്. പാലക്കാട്ട് യാക്കര കളത്തിൽ വീട്ടിൽ നിരവധി കായികതാരങ്ങളുണ്ട്. ലോക റാങ്കുനേടിയ ശങ്കറിനെ സ്വന്തം താല്പര്യത്തിനുള്ള പരിശീലനം തുടരാനനുവദിച്ചാൽ, ഇന്ത്യ ഇതുവരെ നേടിയിട്ടില്ലാത്ത അത്‌ലറ്റിക്സ് മെഡൽ (മെഡലുകൾ) ടോക്യോ ഒളിബിക്സ് മുതൽ ഭാരതത്തിനു സ്വന്തമാകും. മറിച്ച് അതനുവദിച്ചില്ലെങ്കിൽ... കപ്പിനും ചുണ്ടിനുമിടയിൽ വെച്ച് 1948 മുതൽ ഭാരതത്തിന് അത്‌ലറ്റിക്സിൽ മെഡലുകൾ ഏറെ നഷ്ടപ്പെട്ടിട്ടുണ്ട്. അധികൃതരുടെമാത്രം പിഴവുകൊണ്ടാണിതുവരെ ആ നഷ്ടം ആവർത്തിയ്ക്കപ്പെട്ടത്. ഇനി അതുണ്ടാകാതിരിയ്ക്കാൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും സ്പോർട്സ് മന്ത്രിയും മറ്റ് മന്ത്രിമാരും എം. എൽ. എ.മാരും എം. പി. മാരും സദയം ഇടപെടണം.

2) ശങ്കറിനെ മാത്രമല്ല, എല്ലാ അത്‌ലറ്റുകളേയും അവർക്കിഷ്ടമുള്ള പരിശീലകരുടെ കൂടെ പരിശീലിയ്ക്കാൻ അനുവദിയ്ക്കണം.

3) ദേശീയ ക്യാമ്പുകളിലെ ആനുകൂല്യങ്ങൾ ഇവർക്കും ഇവരുടെ പരിശീലകർക്കും കൊടുക്കണം.

4) ഇഷ്ടമുള്ള റിക്കവറി ചികിത്സയ്ക്ക് അനുവദിയ്ക്കണം. അതിനുള്ള ചിലവുകൾ ഗവൺമെന്റ് വഹിയ്ക്കണം. ചികിത്സയും ഭിഷഗ്വരനും അത്‌ലറ്റുകളുടെ ഇഷ്ടത്തിനായിരിക്കണം.


5) അന്തർദേശീയമത്സര പരിചയത്തിനായി സൗകര്യം ചെയ്തുകൊടുക്കണം.

6) യോഗയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തണം.

7) കളരിപ്പയറ്റുപോലുള്ള തദ്ദേശീയ കായികപരിശീലന സങ്കേതങ്ങളെ പ്രയോജനപ്പെടുത്തണം.

ഈ നിർദ്ദേശങ്ങൾ അനന്ത സാധ്യതകൾക്കുള്ള വെളിച്ചമാകട്ടെ. ലോകോത്തര പരിശീലകനായ ശ്രീ. ഗോപി ചന്ദിന്റെ പി. വി. സിന്ധു ലോക ഒന്നാം നമ്പർ താരമായി. ഇന്ത്യൻ പരിശീലകർക്കാകമാനം നവോന്മേഷവും അഭിമാനവുമുയർത്തി. നമ്മുടെ പരിശീലകർ അധമരാണെന്നും നമ്മുടെ താരങ്ങളുടെ ജീനുകൾ അധമമാണെന്നും പറഞ്ഞവരേ... ഇനി നിങ്ങൾ എന്തുപറയും ? തിരുത്തൂ, ഇതുവരെയുള്ള തെറ്റുകൾ - കാലം മാപ്പ് തരട്ടെ.

■ കവിത




സൈനുദീൻ മുണ്ടക്കയം
9947253006


# എന്റേതും നിന്റേതും

നിന്റെ വേദനയെന്റേതുമാകുമ്പോൾ
നമ്മുടെ വേദനയായി ഭവിക്കുന്നു.
അപ്പരിണാമമോ ദുഃഖം കുറച്ചിടും,
താങ്ങുവോരുണ്ടേൽ തളർച്ചയും മാറിടും.

എന്തുമേതുമെനിക്കെന്ന ചിന്തയാൽ
സ്വന്തബന്ധങ്ങളറ്റുപോകുന്നിതാ;
സ്വാർത്ഥരായുള്ളോർക്കു ശാന്തിയില്ലെങ്കിലാ-
സത്യം മറച്ചുപിടിക്കുന്നിതേവരും.

സംയമിയാകുവാനില്ലിന്നൊരുവനും,
സംശയമാണിന്നെന്തിന്നുമേതിനും;
സംയോജനത്തിന്റെ പാത വിട്ടിട്ടതാ-
സംഘട്ടനത്തിന്നൊരുങ്ങിയിറങ്ങുന്നു.

വിട്ടുകൊടുക്കാതെ വാശിവൈരാഗ്യത്താൽ
വിത്തവും കെട്ടിപ്പിടിച്ചങ്ങുവാഴുന്നു;
കൊണ്ടുപോകുവാനാകുമോ, സമ്പത്ത്-
കണ്ണടച്ചാൽപ്പിന്നെയാറടി മണ്ണുതാൻ.


സ്വന്തമെന്ന പദത്തിന്റെയർത്ഥവും
എന്തുവേഗം മറക്കുന്നു മാനവൻ;
ബന്ധുരമാകുമീ ജീവിതയാത്രയിൽ
ബന്ധങ്ങളെച്ചൊല്ലിയെന്തിനീതർക്കവും.

സുന്ദരമാണെന്നൊരിക്കൽ നിനച്ചത്
അസുന്ദരമെന്ന് പിൽക്കാലം തോന്നിലും
സന്ധിചെയ്തു മടങ്ങുക തന്നെയാ-
ണന്ത്യനാളിങ്ങടുക്കേ സുഖകരം.


**Subscribe**
Eka Thathwa Malayalam Magazine
Single copy - Rs. 15/-
Subscription for one year - Rs. 170/-
For three years - Rs. 500/-

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :**
ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

Send Money Order to :
Editor, Eka Thathwa,
A-9, New Civil Nagar,
Behind Civil Station,
Palakkad - 678001



## എന്റെ അഭിനയ സ്മരണകൾ



മുക്കം ഭാസി
9846138693

ഭാഗം 24

# ജയിയ്ക്കാനായ് ജനിച്ചവന്റെ പടത്തിലൊരു റോൾ

**തോ**റ്റാലും തോൽക്കാത്തവനാണ് മൊയ്തീൻ. എത്രയോ തവണ മൊയ്തീൻ സാങ്കേതികമായി തോറ്റിട്ടുണ്ട്. പക്ഷെ ആ തോൽവിയെയെല്ലാം ഉഗ്രൻ വിജയമാക്കി മാറ്റാൻ മൊയ്തീന് കഴിഞ്ഞു. പൂച്ചയെപ്പോലെയാണ് അവൻ. എങ്ങനെയെറിഞ്ഞാലും നാലുകാലിൽ വീഴും. ജയിയ്ക്കാനായ് ജനിച്ചവനാണ് താനെന്നായിരുന്നു മൂപ്പരുടെ ഭാവം.

മൊയ്തീന്റെ പ്രണയം ഒരു പരാജയമല്ലെ എന്ന് ചോദിയ്ക്കുന്നവരുണ്ട്. പ്രണയത്തെ കല്യാണച്ചരടിൽ കെട്ടുന്ന സാധാരണക്കാരന്റെ ചോദ്യമാണത്. പ്രണയത്തിന്റെ മറ്റൊരു വശമാണ് മൊയ്തീന്റെ മാലോകരുടെ മുമ്പിൽ തുറന്നുകാണിച്ചത്. ജീവിതം മുഴുവൻ പ്രണയം ആസ്വദിയ്ക്കുക. ആ ആസ്വാദ്യതയിൽ പ്രണയിനിയും പങ്കുചേരുക. പ്രണയത്തെ ഒരു കൊടും കാറ്റാക്കി ഉയർത്തി സമൂഹത്തിലെ അനാചാരങ്ങളുടെ കരിയിലകളെ ആകാശത്തോളം പറപ്പിച്ചുരസിച്ചു കൊണ്ടിരിയ്ക്കുക.

തന്റെ പ്രണയത്തെ മരണാനന്തരം ലോകമറിയുന്ന ഒരു പ്രണയകാവ്യമാക്കിയില്ലെ 'എന്ന് നിന്റെ മൊയ്തീനിലൂടെ' ! ലക്ഷങ്ങൾ ആരാധനയോടെ നെഞ്ചേറ്റി നടക്കുന്ന ആ ചലച്ചിത്രകാവ്യം ഉള്ളിടത്തോളം കാലം മൊയ്തീനുമരണമുണ്ടോ ? ബാപ്പു നടുറോഡിൽ കുത്തിമലർത്തി ചോര ചിന്തിയത് തന്റെ നിണമാണെന്നുപോലും ആ പിതാവ് മറന്നു. രക്താഭിഷിക്തനായി എന്റെ മടിയിൽ തലവെച്ച് ജീപ്പിൽ ആശുപത്രിയിലേയ്ക്ക് കുതിയ്ക്കുമ്പോൾ എന്റെ മൂക്കിൽ തള്ളിക്കയറിയ ആ രക്തഗന്ധം ഇന്നും അവിടെ തന്നെയുള്ളതായി എനിയ്ക്കനുഭവപ്പെടുന്നു.

ആസന്നമരണനായി പിടയുമ്പോഴും വഴി നീളെ ആ രാഷ്ട്രീയക്കാരന്റെ ദൗത്യം 'ബാപ്പയാണ് തന്നെ കുത്തിയ' തെന്നറിയിയ്ക്കലായിരുന്നു - പരസ്യപ്പെടുത്തലായിരുന്നു ! ആ രഹസ്യം പരസ്യമാക്കി ബാപ്പയെ ഭീതിയുടെ മുൾമുനയിൽ നിർത്തി ഏതാനും നാൾ 'പകിട കളിച്ച്' ഈ 'ഓമനപുത്രൻ' കോടതിയിൽ മൊഴി മാറ്റി പറഞ്ഞപ്പോൾ ഞെട്ടിയത് നീതിപീഠവും ബാപ്പയും ലോകരുമായിരുന്നു. അവിടെയും ജയിച്ചത് ഈ ഓമനപുത്രനല്ലെ ?

ഇരുവഞ്ഞി പുഴയുടെ അഗാധകയത്തിൽ ജലസമാധിയടഞ്ഞപ്പോഴും തന്റെ കൂടെ തോണിയിലുണ്ടായിരുന്ന അപകടത്തിൽ പെട്ട ചിലരെ രക്ഷിച്ചുകൊണ്ടല്ലെ ആ ധീരൻ മരണത്തിനു കീഴടങ്ങിയത് ! മരണത്തെ പോലും തോൽപ്പിച്ചില്ലെ ഈ നന്മ നിറഞ്ഞ ധിക്കാരി !

ഇല്ല സുഹൃത്തേ, ഇല്ല. നിനക്ക് മരണമില്ല. നീ അമരനാണ്. പിന്നെയാണോ ഒരു സിനിമയുടെ പേരിൽ പരാജിതനായി പിൻമാറുന്നത് ? കോടമ്പാക്കത്ത് സ്ഥിരതാമസക്കാരനായി മാറിയ കോഴിക്കോട്ടുകാരൻ 'ലിസ ബേബി'യെ കണ്ട് ഒരു സിനിമ കഥ രൂപപ്പെടുത്തി 'നിത്യ ഫിലിംസി'ന്റെ ബാനറിൽ പുറത്തിറക്കാൻ തീരുമാനിച്ചു. പടത്തിന് 'അഭിനയം' എന്ന പേരും നൽകി. ജയൻ നായകനും വിധുബാല നായികയും മറ്റ് അറിയപ്പെടുന്ന ആർട്ടിസ്റ്റുകൾ ഫിലോമിന, പ്രതാപ ചന്ദ്രൻ, അബു സർക്കാർ, അമ്പലപ്പുഴ രാജമ്മ, ജോസ്, വള്ളത്തോൾ ഉണ്ണികൃഷ്ണൻ, രവി, പപ്പൻ, ഹമീദ് തുടങ്ങിയവരുടെ കൂട്ടത്തിൽ ഈയുള്ളവനും.

'അഭിനയം' ഒരു നാടകന

ടിയുടെ കഥയാണ്. സ്കൂളിൽ പഠിയ്ക്കുമ്പോൾ തന്നെ ഒരു കൊച്ചു കലാകാരിയെ കണ്ടെത്തിയ അധ്യാപകനായ ശങ്കുണ്ണി മാഷ് അവളിലുള്ള അഭിനയപാടവത്തെ പ്രോത്സാഹിപ്പിച്ച് അവളെ ഒരു വലിയ നടിയാക്കി മാറ്റി. ധാരാളം പുരസ്കാരങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞെങ്കിലും സാമ്പത്തികമായി ഒരു നേട്ടവും ഉണ്ടാക്കാൻ കഴിഞ്ഞില്ല. പല കലാസമിതികളും വിളിച്ചുകൊണ്ടുപോവുമെങ്കിലും കാര്യമായി ഒന്നും നൽകാതെ അവർ ഞൊണ്ടി ന്യായങ്ങൾ പറഞ്ഞ് പിരിച്ചുവിടും.

അമ്മയും അനിയത്തിയും അടങ്ങുന്ന ഒരു കൊച്ചു കുടുംബമാണ് നടിയുടേത്. ഇതിനിടയിൽ അനിയത്തി ഒരു യുവാവുമായി പ്രണയത്തിലായി. കാമുകൻ അവളെ വഞ്ചിച്ച് മറ്റൊരു വിവാഹം കഴിച്ചു. ഈ വഞ്ചന സഹിയ്ക്കാനാവാതെ അനിയത്തി റെയിലിന് തലവെച്ച് ജീവിതം അവസാനിപ്പിച്ചു. അതോടെ അമ്മയ്ക്ക് ബുദ്ധിഭ്രമവും പിടിപെട്ടു. ഇത്തരമൊരു ദുഃസ്ഥിതിയിൽ ജീവിയ്ക്കേണ്ടിവന്ന നടി പലപ്പോഴും ആത്മഹത്യയ്ക്ക് തുനിഞ്ഞെങ്കിലും സ്നേഹനിധിയായ ശങ്കുണ്ണിമാഷ് അവളെ പലതും പറഞ്ഞു പിന്തിരിപ്പിച്ചു.

ഇത്തരുണത്തിലാണ് യുവാവായ ഒരു ബാങ്ക് മാനേജർ വരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ മരിച്ചുപോയി. രണ്ടു വയസ്സായ ഒരു മോളുണ്ട് അദ്ദേഹത്തിന്. അവൾ ഭാര്യയുടെ മാതാപിതാക്കളുടെ സംരക്ഷണയിലാണ്. മാനേജറായ യുവാവിന് അവളെ പിരിഞ്ഞിരിയ്ക്കാൻ വയ്യ. ഭാര്യ വീട്ടിൽ താമസിക്കാനും അയാൾ തയ്യാറല്ല. പുനർവിവാഹത്തിന് താൽപ്പര്യവുമില്ല. പുനർവിവാഹം ചെയ്താലേ ഭാര്യ വീട്ടുകാർ മകളെ വിട്ടു നൽക്കുകയുള്ളു. പ്രതിസന്ധിയിലായ ബാങ്ക് മാനേജർ ഒരുവഴി കണ്ടുപിടിച്ചു. ഒരു രണ്ടുമൂന്നുമാസത്തേയ്ക്ക് ഭാര്യയായി അഭിനയിക്കാൻ ഒരാളെ വേണം. അതിനായി 'നടിയെ' സമീപിച്ചു.

നടി ആദ്യം വിസമ്മതിച്ചെങ്കിലും അദ്ദേഹം വാഗ്ദാനം ചെയ്ത വലിയ തുകയിൽ അവൾ വീണുപോയി. തൽക്കാലം മാനേജരുടെ ഭാര്യയായി അഭിനയിക്കാൻ കരാറ് നൽകി. ബാങ്ക് മാനേജർ നടിയേയും കൂട്ടി ഭാര്യ വീട്ടിൽ ചെന്ന് താൻ രജിസ്റ്റർ മാര്യേജ് ചെയ്ത പെണ്ണാണിവൾ എന്ന് ബോധ്യപ്പെടുത്തി മകളേയും കൂട്ടി സ്വന്തം വീട്ടിലേയ്ക്ക് പോയി. നടിയാവട്ടെ സ്വന്തം മാതാവിനെ വിശ്വസ്തയായ അയൽക്കാരിയെ ഏൽപ്പിച്ചാണ് പുതിയ 'ഉദ്യോഗ' ത്തിനുപോകുന്നത്.

കുഞ്ഞിന് നടിയെ വല്ലാതെ ഇഷ്ടമായി. സ്വന്തം അമ്മയാണെന്ന് തന്നെ കുട്ടി കരുതി. മാനേജരുടെ വീട്ടിൽ അമ്മയായി അഭിനയിക്കുന്നതിൽ കവിഞ്ഞ് മറ്റൊരു ബന്ധവും അവർ തമ്മിലുണ്ടായില്ല. നിശ്ചിത കാലാവധി കഴിഞ്ഞപ്പോൾ മാനേജർ അവൾക്ക് കരാറുറപ്പിച്ചതിലധികം തുക നൽകി പിരിച്ചയച്ചു. അപ്പോഴേയ്ക്കും കുഞ്ഞും നടിയും തമ്മിൽ അഭേദ്യമായ ഒരു സ്നേഹബന്ധം സ്ഥാപിതമായി കഴിഞ്ഞിരുന്നു.

ഹൃദയവേദനയോടെ നടി വീണ്ടും 'മൂഷിക സ്ത്രീയായി. അസഹനീയമായ ഈ വേർപാട് നടിയുടെ ഹൃദയം കീറിമുറിച്ചു. ജീവിയ്ക്കാൻ താൽപ്പര്യമില്ലാതായി. ഒടുവിൽ... ഒടുവിൽ... അവൾ വിഷം കഴിച്ചു ആത്മഹത്യ ചെയ്യാൻ തന്നെ തീരുമാനിച്ചു. അകത്ത് നിന്ന് അമ്മ എന്തൊക്കെയോ വിളിച്ചുപറയുന്നു. അതൊന്നും അവൾ ഗൗനിച്ചില്ല. വിഷക്കുപ്പി കൈയിലെടുത്ത് വായിലൊഴിച്ചു... അപ്പോഴേയ്ക്കും ബാങ്ക് മാനേജരുടെ മകൾ അമ്മയെ കാണാതെ നിരന്തരം കരഞ്ഞുകൊണ്ടിരിക്കുന്നു. ഒരുവിധത്തിലും കുട്ടിയെ സമാധാനിപ്പിയ്ക്കാനാവാതെ മാനേജർ കുഴങ്ങുന്നു. ഒടുവിൽ ഗത്യന്തരമില്ലാതെ കുട്ടിയേയും കൊണ്ട് മാനേജർ നടിയുടെ വീട്ടിലെത്തുന്നു. അപ്പോഴേയ്ക്കും നടിയുടെ അമ്മ പുറത്തേയ്ക്കോടി അടുത്തുകൂടി പോകുന്ന വണ്ടിയ്ക്ക് തലവെയ്ക്കുന്നു. അർദ്ധപ്രജ്ഞയായ നടി ഇതൊന്നും ഗൗനിക്കുന്നില്ല.

മരണത്തിലേയ്ക്ക് ആണ്ടിറങ്ങുന്ന നടിയുടെ കൈകളിലേയ്ക്ക് കുഞ്ഞിനെ ഏൽപ്പിക്കുന്ന മാനേജർ കാണുന്നത് കുഞ്ഞിനെ ഏറ്റുവാങ്ങി മറിഞ്ഞുവീഴുന്ന നടിയേയാണ്. ഇത് സിനിമ കഥയുടെ ചുരുക്കം. ബാങ്ക് മാനേജറായി ജയനും നടിയായി വിധുബാലയും വേഷം പകർന്നു. ജയൻ കത്തിനിൽക്കുന്ന സമയമായിരുന്നു അത്. പ്രൊഫസർ ഭാഗ്യനാഥിന്റെ മകളും മധു അമ്പാട്ടിന്റെ സഹോദരിയും അഭ്യസ്തവിദ്യയുമായ വിധുബാല സിനിമാപ്രേമികളുടെ ആരാധനാപാത്രമായിരുന്നു അക്കാലത്ത്.

നടിയുടെ അഭ്യുദയകാംക്ഷിയും അധ്യാപകനുമായ ശങ്കുണ്ണി മാഷുടെ റോൾ ആണ് ഞാൻ കൈകാര്യം ചെയ്തത്. ആറിലധികം സീനുകളിൽ ഞാൻ പ്രത്യക്ഷപ്പെട്ടു. മുക്കം, R. E. C., മദ്രാസ്സ് എന്നിവിടങ്ങളിലായിരുന്നു ഷൂട്ടിങ്ങ്. മദ്രാസ്സിൽ രണ്ടുദിവസം ഞാൻ കറങ്ങി. ഞാനാദ്യമായി മദ്രാസ് കാണുകയായിരുന്നു. ഈ സിനിമയിലൂടെ ജയനുമായി പരിചയപ്പെടാനും സംസാരിയ്ക്കാനും അവസരം ലഭിച്ചു. സിനിമയുടെ മുക്കാൽ ഭാഗം ഷൂട്ടിങ്ങ് തീർന്നപ്പോൾ 'കോളിളക്കം' എന്ന ഷൂട്ടിങ്ങ് വേളയിൽ ജയൻ ഒരു ഹെലികോപ്റ്റർ അപകടത്തിൽ മരിച്ചു. ഒരഭിനയപ്രതിഭയുടെ അസ്തമനം !

അഭിനയം പിന്നെ പൂർത്തീകരിച്ചത് ഒരു ബാങ്കുദ്യോഗസ്ഥനായ തിരുവല്ലക്കാരൻ ബാബു എന്നൊരാളെ വെച്ചായിരുന്നു. ജയന്റെ ശബ്ദം ഡബ്ബ് ചെയ്തത് ആലപ്പി അഷറഫും. അന്നൊക്കെ ഒരു ഹിപ്പി സ്റ്റൈലായിരുന്നു ചെറുപ്പക്കാർക്ക്. ഞാനും അങ്ങനെ തന്നെയായിരുന്നു. പടം ഷൂട്ടിങ്ങ് പൂർത്തിയായപ്പോൾ ആർട്ട് ഡയറക്ടർ രാധാകൃഷ്ണൻ മൊയ്തീനോട് പറഞ്ഞത്രെ – "എടോ നിന്റെ മാഷ് കലക്കി."

ഷൂട്ടിങ്ങ് കഴിഞ്ഞപ്പോൾ ബേബി സാർ ഒരു കവർ എന്റെ പോക്കറ്റിൽ തിരുകി. ഞാനത് നിഷേധിച്ചെങ്കിലും അദ്ദേഹം സമ്മതിച്ചില്ല. ട്രെയിനിൽ വെച്ച് ഞാനത് തുറന്നു നോക്കി. 300 രൂപയുണ്ടായിരുന്നു. എന്റെ സിനിമാ അഭിനയത്തിന് ആദ്യമായി എനിയ്ക്ക് ലഭിയ്ക്കുന്ന തുക ! ഇന്നാണെങ്കിൽ അതിന്റെ വില എത്രയായിരിക്കും ?

(തുടരും)

# ദേവഭൂമിയിലെ ദേവദാരുക്കൾ






**ഈശ്വർകുമാർ തരവത്ത്**
**9946655277**


# കേദാരത്തേക്ക്

**യ**മുനോത്രി യാത്ര പോലെത്തന്നെ ഞങ്ങളിൽ ചിലർ കുതിരപ്പുറത്തും മറ്റുള്ളവർ ഊന്നുവടികളുടെ സഹായത്തോടെ നടന്നും കയറിത്തുടങ്ങി. പ്രായമായവരും സ്ത്രീകളുമായി പലരും കാൽനടയായി തന്നെ കയറുന്നുണ്ട്. ശാരീരിക പരിമിതികളുണ്ടെങ്കിലും ഒരുതരം മാനസിക തന്റേടത്തോടെ ഞാനും ഊന്നുവടിയെത്തന്നെ ആശ്രയിച്ചു. തന്റേടമുള്ളവരെല്ലാം ധിക്കാരികളാവില്ലല്ലോ. കഴിവിലൊരു വിശ്വാസം. അത്രതന്നെ. ഒരാൾ എങ്ങനെ വിശ്വസിക്കുന്നു എന്നതിനെ ആശ്രയിച്ചാവുമത്രെ അയാളുടെ നിലവാരവും നിലനിൽപ്പും ! ഒരു സാഹസത്തിനും പ്രേരിപ്പിക്കാത്ത ചില സങ്കേതങ്ങളാണ് അബലരേയും അസ്വസ്ഥരേയും സൃഷ്ടിക്കുക. പത്തടിയോളം വീതിയുള്ള നടപ്പാതയോടുചേർന്ന്, ഇടതൂർന്ന കാട്. ഇവിടെ പലപ്പോഴും മലയിടിച്ചിൽ പതിവുള്ളതാണെത്രെ! വഴിയരികിൽ ഇടക്കിടെ കെട്ടിമറച്ച ചായ്പുകളിൽ ചായക്കടകൾ - ചായയും ബോണ്ട പോലത്തെ ഒരുതരം പലഹാരവും വിൽപ്പനയ്ക്കുണ്ട്. അപൂർവ്വമായി ചിലയിടങ്ങളിൽ 'ചൂടുള്ള പാലും' കണ്ടു. പരിചയക്കുറവും, ഉൽക്കണ്ഠയും, കാലാവസ്ഥയും ചിലരെ മാനസികമായി തളർത്തിയിരിക്കുന്നതായി തോന്നി. ഭാരം കൂടിയ കാൽവെപ്പുകളുമായി ഞങ്ങൾ കയറ്റം കയറിക്കൊണ്ടിരുന്നു.

കയറുന്ന പോലെത്തന്നെ, വിദേശികളടക്കമുള്ള മടക്കയാത്രക്കാർ ഇറങ്ങുന്നുമുണ്ട്. കയറുന്ന പലരും, ആകാംക്ഷയോടെ, മുകളിലെ കാര്യങ്ങൾ ചോദിച്ചറിയാൻ ശ്രമിക്കുന്നു. ശാരീരിക അവശതകൾ അലട്ടുമ്പോഴും വിവരിക്കാനാവാത്ത ഒരു മാനസിക അനുഭൂതി ഈ യാത്രയിൽ അനുഭവിക്കുന്നതായി എനിക്കുതോന്നി. സുഖലോലുപതയോടു ചേർന്ന് മാത്രം ജീവിക്കാനുള്ള ഒരു പ്രേരണയും ദൂരങ്ങളിലേയ്ക്കും ഉയരങ്ങളിലേയ്ക്കുമുള്ള സഞ്ചാരങ്ങൾക്ക് ഗുണകരമാകില്ല. ഈ യാത്രയിലെ ആദ്യത്തെ വിശ്രമത്താവളം റാംബാറയാണ്. വനഭൂമികളും, താഴ്വരകളും, വെള്ളച്ചാട്ടങ്ങളും നിറഞ്ഞ ഇവിടം, കാഴ്ചയിൽ സ്വർഗ്ഗാനുഭൂതി പ്രദാനം ചെയ്യും. ഇവിടെ ഒന്നു രണ്ടു ചെറിയ കെട്ടിടങ്ങളും, നാലഞ്ചു ടെന്റുകളും കണ്ടു. വൈകി എത്തുന്നവർക്ക് ഇവിടെ രാത്രി തങ്ങാം.

ഒരു പാറയിൽ ഇരുന്നു ചൂടു കാപ്പി കുടിച്ചു. പ്രകൃതിഭംഗി ആസ്വദിച്ചു. കിതപ്പടങ്ങിയപ്പോൾ നടത്തം തുടർന്നു. നടത്തത്തിന് വേഗത കുറഞ്ഞു കുറഞ്ഞുവരുന്നുണ്ട്. കേദാരത്തിന് മൂന്നു കി. മീറ്റർ പിന്നിലായി ഗുരുർചട്ടി എന്ന രണ്ടാമത്തെ ഇടത്താവളം. ഇവിടെ വൻമരങ്ങൾക്കുപകരം ചെറിയ കാട്ടുചെടികളും, വള്ളികളും, പൊന്തകളും, ചെറിയ പാറക്കൂട്ടങ്ങളുമാണ് കാണുന്നത്.

വെളുത്ത മഞ്ഞുതുള്ളികൾക്കിടയിലൂടെ കേദാരത്തിനുചുറ്റുമുള്ള കൊടുമുടികൾ വ്യക്തമായി കാണാം. ശബരിമലയിലെ ശരണം വിളികൾ പോലെ 'ജയ് കേദാർനാഥ്', 'ശംഭോമഹാദേവ', ഓം നമഃ ശിവായ വിളികൾ ഉച്ചത്തിൽ ഉയർന്ന്, ഹിമവൽസാനുക്കളിൽ വിലയം പ്രാപിക്കുന്നു. അകലെ കേൾക്കുന്ന മണിയൊച്ചകൾ, ആകാംക്ഷകൾ കുറച്ചുകൊണ്ടിരുന്നു. ഒരു ആത്മസാക്ഷാത്കാരം പോലെ, ഞങ്ങൾ കേദാരഭൂവിലെത്തി. ക്ഷേത്രവും പരിസരവും ദീപപ്രഭയിൽ കുളിച്ചു നിൽക്കുന്നു. പടിഞ്ഞാറ് ചുവന്ന സൂര്യൻ താണുതുടങ്ങിയിരുന്നു.

* * * * *

ക്ഷേത്ര സമീപത്തുനിന്ന് അല്പം മാറി, നിരവധി പുല്ലുമേഞ്ഞ ആശ്രമങ്ങളും ധർമ്മശാലകളും. ഞങ്ങൾ തിരഞ്ഞെടുത്ത ഒരാശ്രമത്തിൽ സാധനങ്ങളെല്ലാംവെച്ച് കൈകാലുകളും മുഖവും കഴുകി ദീപാരാധന തൊഴാൻ നടയിലേക്കുപോയി. ധരിച്ച കമ്പിളിക്കുപ്പായങ്ങൾ തണുപ്പിനെ തടുക്കാൻ പോരെന്ന് തോന്നി. ആശ്രമത്തിൽ നിന്ന് ക്ഷേത്രത്തിലേക്ക് കുറച്ചുനടക്കണം. അമ്പലനടയിലെത്തുമ്പോൾ, ആരതി നടക്കുന്നു - ചുറ്റും തെളിഞ്ഞ നെയ്വിളക്കുകൾ, ശിവസ്തുതികളും മണിനാദങ്ങളും ഒരുക്കിയ ആത്മീയാന്തരീക്ഷം ! തൊഴുകൈയോടെ, ജ്യോതിർലിംഗത്തിലേക്ക് നോക്കി കുറേ സമയം നിന്നു. ദർശന നിറവിലെ നൈർമല്യ നിമിഷങ്ങൾ ! ഈശ്വരന് ഇടം തേടിയല്ല ആരാധനാലയങ്ങൾ നിർമ്മിക്കപ്പെടുന്നത്. അതിന്റെ അന്വേഷകർക്ക് ഒരു ഇടം വേണ്ടതിനാലാണ്. കേട്ടുമാത്രമറിഞ്ഞ കേദാരപരിസരത്ത് കുറേ സമയം ചുറ്റിനടന്ന് ആശ്രമത്തിലേക്ക് മടങ്ങി. ഹിമവൽസാനുവിൽ ഇരുട്ട് പരന്നിരുന്നു.

* * * * *

സമുദ്രനിരപ്പിൽ നിന്ന് 3585

മീറ്റർ ഉയരത്തിൽ മേരു-സുമേരു മലനിരകൾക്കിടയിലാണ് കേദാരം - ഈ മലയിടുക്കുകളിൽ നിന്ന് മന്ദാകിനി ഉത്ഭവിക്കുന്നു - നീലിമയാർന്ന മന്ദാകിനി തീരത്തെ ആശ്രമങ്ങളിലും, ധർമ്മശാലകളിലും അനവധി തപസ്വികൾ താമസിച്ചുവരുന്നുണ്ട്. മലനിരകളെ അതിരാക്കി കരിങ്കല്ലിൽ പണിത ഈ ക്ഷേത്രം പാണ്ഡവരാൽ ഉണ്ടാക്കപ്പെട്ടതെന്ന് പുരാണങ്ങൾ.

കരിങ്കൽ പാളികൾ മുറിച്ചെടുത്ത് ദീർഘചതുരാകൃതിയിൽ ഉണ്ടാക്കിയെടുത്ത മണ്ഡപത്തിനു മുകളിലാണ് ക്ഷേത്രം നിൽക്കുന്നത്. മേൽകൂര ഒരു പരന്ന മഹാശിലയും ! ഇവിടെ കാണുന്ന ഗർഭഗൃഹത്തിനും മണ്ഡപത്തിനും നടുവിൽ കാളയുടെ ‘പൂഞ്ഞ’ പ്രതിഷ്ഠിച്ചിരിക്കുന്നു. നന്ദികേശ്വരന്റെ പൂർണ്ണരൂപം കൊത്തിയ ഒരു ശിൽപവും കാണാം. ചുവരുകളിലും പ്രദക്ഷിണ വഴികളിലും പാണ്ഡവരുടേയും പാഞ്ചാലിയുടേയും പ്രതിമകളുടെ ആലേഖനങ്ങളുമുണ്ട്.

ശങ്കരാചാര്യരുടെ കാലം തൊട്ടുതന്നെ, ഇവിടുത്തെ പ്രധാന പൂജാരി കർണ്ണാടകത്തിലെ ശൈവ വിഭാഗത്തിൽപ്പെട്ട ഒരാളായിരുന്നു വത്രെ! പരികർമ്മികൾ ഗുപ്തകാശിയിൽ നിന്നുള്ള പാണ്ഡകളും. ഋതുഭേദങ്ങൾക്കനുസൃതമായി, ദീപാവലി കഴിഞ്ഞാൽ നടയടച്ച് പൂജാരിയടക്കമുള്ളവർ മലയിറങ്ങും. മഞ്ഞുകാലം കഴിഞ്ഞ് മഹാശിവരാത്രി ദിവസം വീണ്ടും നടതുറന്ന് പൂജാദികൾ ആരംഭിക്കും. ഇടക്കുള്ള മാസങ്ങൾ ഇവിടെ മഞ്ഞുമൂടി വിജനമായി കിടക്കും.

കേദാർനാഥിന്റെ സമീപപ്രദേശങ്ങളിലായി ഭൈരോനാഥ് ക്ഷേത്രം, മന്ദാകിനി ഉത്ഭവിക്കുന്ന ചോരാബാരി തടാകം, ബാസുകിഗംഗ നദീതടം, മഹാഭാരതത്തിൽ പറയുന്ന മഹാപാന്ത്, ശങ്കരാചാര്യരുടെ സമാധിസ്ഥലം എന്നീ തീർത്ഥാടന കേന്ദ്രങ്ങളുമുണ്ട്. സമുദ്രനിരപ്പിൽ നിന്ന് 3680 മീറ്റർ ഉയരത്തിലുള്ള തുംഗനാഥും വനമദ്ധ്യത്തിലെ രുദ്രനാഥും, ഗുഹാമുഖത്ത് പാറയിൽ കൊത്തിയുണ്ടാക്കിയ കൽപേശ്വറും 3490 മീറ്റർ ഉയരത്തിലുള്ള മദ്ധ്യമഹേശ്വറും, കേദാർനാഥും ചേർന്ന ‘പഞ്ചകേദാർ’ എന്ന പേരിൽ വിളിക്കപ്പെട്ടുവരുന്നു.

കേദാറിനു സമീപം കുറെ തീർത്ഥഘട്ടങ്ങളുമുണ്ട്. ബ്രാഹ്മണി, പാലി ലിപികളിൽ രേഖപ്പെടുത്തിയ ചില ശിലാ ലിഖിതങ്ങൾ കേദാർ ക്ഷേത്ര ചുവരുകളിൽ കാണുന്നെങ്കിലും ഇവയുടെ ശരിയായ അർത്ഥം ചരിത്രഗവേഷകർക്ക് ഇതുവരേയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വിചിത്രമായി നിൽക്കുന്നു. 12ാം ദശകത്തിനുമുമ്പ് ത്രിഭുവൻ നാരായണൻ എന്ന മാൾവ രാജാവാണ് ഈ ക്ഷേത്രം നിർമ്മിച്ചതെന്ന് കേൾക്കുന്നെങ്കിലും വ്യക്തമായ തെളിവുകളൊന്നും ഇതുവരെയില്ല. ഈ അവ്യക്തതകൾക്കിടയിലും പാണ്ഡവരാണ് നിർമ്മിച്ചതെന്ന് പ്രദേശവാസികൾ വിശ്വസിക്കുന്നു.

കിഴക്കോട്ടഭിമുഖമായി നിൽക്കുന്ന ക്ഷേത്രത്തിൽ രാവിലെയും വൈകുന്നേരവുമാണ് പൂജകൾ. ജ്യോതിർലിംഗത്തിൽ ഗംഗാജലധാര അവിരാമം നടന്നുകൊണ്ടിരിക്കും. വെള്ളവും നെയ്യും ഉപയോഗിച്ചുള്ള പ്രഭാത പൂജക്ക് ‘നിർവ്വാൺ ദർശൻ’ എന്നുപറയും. കൂടാതെ മഹാഭിഷേക്, രുദ്രാഭിഷേക് തുടങ്ങിയവയും പ്രത്യേക അഭിഷേകങ്ങളായി ഉണ്ട്. പ്രണവ-പഞ്ചാക്ഷരി മന്ത്രങ്ങളാലും ശിവസ്തുതികളാലും ആ സമയങ്ങളിൽ ക്ഷേത്ര പരിസരം ദിഗംബനം കൊള്ളുന്നു. പൂക്കളാലും ആടയാഭരണങ്ങളാലും അലങ്കൃതമായ സായാഹ്നപൂജക്ക് ‘ശൃംഗാർ ദർശൻ’ എന്നുപറയുന്നു. ഭാരതത്തിലെ പന്ത്രണ്ടു ജ്യോതിർലിംഗങ്ങളിലൊന്നായി ഇതിനെ കണക്കാക്കപ്പെടുന്നു. അരൂപിയും അന്തര്യാമിയുമായ പ്രപഞ്ച തേജസ്സിന്റെ സർവ്വോത്കൃഷ്ടമായ ഊർജ്ജത്തെ, പ്രകൃതിക്കും സൃഷ്ടിയ്ക്കുമിടയ്ക്കുള്ള ശാസ്ത്രീയ സൂചനാപ്രതീകമായും, ഊർജ്ജത്തിന്റെ ഉയിർത്തെഴുന്നേല്പ്പായും ശൈവഗാമികൾ ജ്യോതിലിംഗത്തിൽ കാണുന്നു. പ്രപഞ്ചസത്യം, നാമ-രൂപ-വ്യക്തിത്വങ്ങൾക്കതീതമായതിനാൽ, അതിനെ ഉൾക്കൊണ്ടുതന്നെ ധ്യാനിക്കാനും മാനിക്കാനുമുള്ള ഒരു പ്രതീകമായും അവരതിനെ വിലയിരുത്തുന്നു.

* * * * *

ഉദയത്തിനുമുമ്പ് തന്നെ എഴുന്നേറ്റു. മാമലകളും താഴ്‌വരകളും ഉറക്കം വിട്ട് ഉണരുന്നതേയുള്ളൂ. മന്ദാകിനിയിലെ വെള്ളത്തിൽ കുളിച്ചാൽ മരവിച്ചുപോകുമെന്നതുകൊണ്ട്, ആശ്രമത്തിൽ കിട്ടിയ ചൂടുവെള്ളത്തിൽ കുളിച്ചു. ആശ്രമത്തിൽ നിന്നുകിട്ടിയ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഞങ്ങളുടെ പരിപാടികൾ ക്രമീകരിച്ചിരുന്നത്.

‘നിർമ്മാൺ ദർശൻ’ തൊഴണമെന്ന നിർബന്ധ ബുദ്ധിയോടെ ക്ഷേത്രനടയിലെത്തി. അഭിഷേകങ്ങൾ കൺനിറയെ കണ്ടു. അവിടെ അലയടിക്കുന്ന ആത്മീയോർജ്ജം അനുഭവിച്ചറിഞ്ഞു. ഗൗരീ പ്രതിഷ്ഠയിലും തൊഴുതു നമസ്കരിച്ചു. ശങ്കരാചാര്യ സമാധിയിൽ പോകാതെ മടങ്ങാൻ മനസ് വരില്ല. മഹാസമാധിക്കുചുറ്റും കിളികൾ കളകളാരവങ്ങൾ പൊഴിക്കുന്നു. ചുറ്റും കാട്ടുപൂക്കൾ കമ്പളം വിരിച്ചുനിൽക്കുന്നു. അകലെ കേദാരഗോപുരത്തിലെ നൂപുര ധ്വനികൾ.

തെക്ക് കാലടിയിൽ നിന്ന് കാൽനടയായി കൊടുമുടികൾ താണ്ടി അദ്വൈത ദർശനത്തിന്റെ സർവ്വജ്ഞപീഠം കയറിയ ആ സന്യാസി ശ്രേഷ്ഠന്റെ സമാധിയിൽ പൂക്കളിട്ട് തലകുനിച്ചു. അന്ധവിശ്വാസങ്ങളേയും, അറിവില്ലായ്മയേയും അകറ്റി നിർത്തി, നിർമ്മലവും നിശ്ചലവുമായി മനസ്സിലെ ശുദ്ധബോധത്തെ ഉയർത്താൻ അദ്ദേഹത്തിന്റെ അദ്വൈത ദർശനങ്ങൾക്കായി ! ആ പുണ്യാത്മാവിന്റെ ഭൗതീകത്വം അലിഞ്ഞുചേർന്ന മണ്ണിൽ നമസ്കരിച്ച് ആശ്രമത്തിലേക്ക് മടങ്ങി. കാലത്തിനപ്പുറം സഞ്ചരിക്കാൻ കർമ്മശേഷിയുള്ളവർക്കേ യുഗപുരുഷന്മാരാകാൻ ആകൂ. അസ്ഥി തുളയ്ക്കുന്ന തണുപ്പ് !

ആശ്രമത്തിലെ ആവി പറക്കുന്ന ഭക്ഷണവും വിശ്രമവും മനസ്സിനും ശരീരത്തിനും ഊർജ്ജമേകി. മടക്കയാത്രക്ക് മനസ്സൊരുങ്ങുമ്പോഴും വേർതിരിവുകളില്ലാത്ത ഈ മലനിരകളും നദിയൊഴുക്കുകളും മഞ്ഞുതുള്ളികളും, ഉള്ളിൽ ഉയർന്ന്, ഉള്ളിൽ ഒഴുകി, ഉള്ളിലേക്കു പെ

യ്തിറങ്ങുന്ന ഒരു പരിക്രമ പ്രക്രിയയായി മാറിക്കഴിഞ്ഞിരുന്നു !! ഒരു തവണ കൂടി ആ പുണ്യഭൂമിയെ നോക്കി, കുതിരക്കാരുടെ താവളത്തിലേക്കടിവെച്ചിറങ്ങി. അപ്പോഴും താഴ്വരക്ക് താഴെ മന്ദാകിനി ശാന്തമായി ഒഴുകിക്കൊണ്ടിരുന്നു.

* * * * *

ഇടത്താവളങ്ങളിൽ, നിന്നും ഇരുന്നും മടക്കയാത്ര തുടർന്നു... യമുനോത്രിയിലെ പോലെ ഇവിടെയും കയറ്റത്തേക്കാൾ കഷ്ടം ഇറക്കം തന്നെ. വളവുകൾ താണ്ടി, 14 കി. മീറ്റർ താഴെ ഗൗരീകുണ്ഡിലെത്തുമ്പോഴേക്കും എല്ലാവരും നല്ല പോലെ ക്ഷീണിച്ചു. ഭൂരിപക്ഷ അഭിപ്രായം മാനിച്ച് തപ്തകുണ്ഡിലെ ഉഷ്ണജല പ്രവാഹത്തിൽ കുളിച്ചുകയറാൻ തീരുമാനിച്ചു. ഗന്ധകപാറകളിൽ നിന്നൊഴുകിവരുന്ന വെള്ളം, കുഴലുകളിലൂടെ തൊട്ടികളിൽ നിറച്ചാണ് ഉപയോഗിക്കുന്നത്. താഴേക്കിറങ്ങാൻ പടവുകളുണ്ട്. കൊടും തണുപ്പിൽ ഈ ചൂടുവെള്ള കുളി ഒരു അനുഭവം തന്നെയായിരുന്നു. കുളി കഴിഞ്ഞതോടെ യാത്രാക്ഷീണത്തിന് നല്ല ആശ്വാസം കിട്ടി.

ഗുപ്തകാശിയിലെത്തുമ്പോൾ രാത്രിയായി. വഴിയിൽ ചെറിയ മലയിടിച്ചിലുകൾ കണ്ടെങ്കിലും, യാത്രക്ക് തടസ്സങ്ങളൊന്നും ഉണ്ടായില്ല. രാത്രി അവിടെ തങ്ങി പുലർച്ചെ കർണപ്രയാഗ് വഴി ശങ്കരാചാര്യർ സ്ഥാപിച്ച അളകനന്ദയുടെ തീരത്തെ ജോഷിമഠിലേക്കാണ് പോകേണ്ടത്. ക്ഷീണിതരെങ്കിലും എല്ലാ മുഖങ്ങളിലും സംതൃപ്തിയുടെ ദീപ്ത ഭാവങ്ങൾ കാണാനുണ്ടായിരുന്നു. ആഗ്രഹങ്ങൾ തീവ്രമെങ്കിൽ അതിജീവനമാർഗ്ഗങ്ങളും കണ്ടെത്തും. അല്ലെങ്കിൽ അതിൽ നിന്നൊളിച്ചോടാനുള്ള കാര്യകാരണങ്ങളും !!

അത്താഴത്തിനുശേഷം, എല്ലാവരും നേരത്തെതന്നെ കമ്പിളിക്കുള്ളിൽ കയറി. മലകൾക്കപ്പുറത്തെ മണിയൊച്ചകളും, മന്ദാകിനിയുടെ മന്ത്രധ്വനികളും ഞങ്ങളെ മടക്കിവിളിച്ചുകൊണ്ടിരുന്നു. ഇരുട്ടും തോറും തണുപ്പു കൂടിക്കൊണ്ടേയിരുന്നു.

***കർണ്ണന്റെ കദനകഥ***

സൂര്യോദയത്തിനുമുമ്പുതന്നെ പ്രഭാതകർമ്മങ്ങളും കാപ്പികുടിയും കഴിഞ്ഞ് യാത്രക്ക് തയ്യാറായി. മഞ്ഞിൽ പുതച്ചുനിൽക്കുന്ന പരിസരം. കയറിവരുമ്പോൾ പിന്നിട്ട 'കുണ്ഡ്', അഗസ്ത്യമുനി, രുദ്രപ്രയാഗ് എന്നീ സ്ഥലങ്ങൾ വഴി കർണപ്രയാഗിലേക്ക് പോകുന്നു. മഞ്ഞുപരന്ന മലശിഖരങ്ങൾ കുറേശ്ശെ തെളിയാൻ തുടങ്ങിയിട്ടുണ്ട്. കുറേദൂരം പോയ ശേഷം ഒരു ചെറിയ കവലയിൽ നിർത്തി പ്രാതൽ കഴിച്ചു. മരച്ചുവടുകളിലും, ചായപ്പീടികകളിലും കമ്പിളി പുതച്ച നാട്ടുകാർ വർത്തമാനം പറഞ്ഞിരിക്കുന്നു. കൃഷിയും, ചെമ്മരിയാടുമേക്കലുമാണ് ഇവരുടെ പ്രധാന ജോലി.

പരിസ്ഥിതിയെക്കുറിച്ചൊന്നുമധികമറിയില്ലെങ്കിലും, വനനശീകരണത്തിൽ പൊതുവെ ഉൽക്കണ്ഠാകുലരാണെന്ന്, ചായക്കിടയിലെ വർത്തമാനങ്ങളിൽ തോന്നി. പത്തിരുപത് കിലോമീറ്റർ യാത്രക്കൊടുവിൽ ഐതിഹാസിക ഭൂമിയായ കർണപ്രയാഗിലെത്തി.


* * * * *

തണുപ്പുണ്ടെങ്കിലും തെളിഞ്ഞ അന്തരീക്ഷം ഹൃദ്യമായിരുന്നു. സമുദ്രനിരപ്പിൽ നിന്ന് 795 മീറ്റർ ഉയരമുള്ള ഇവിടെവെച്ചാണ് അളകനന്ദയും പിണ്ടാറും സംഗമിക്കുന്നത്. വനനിബിഡമാണ് ഈ നദീതീരങ്ങൾ. ഈ തീരത്ത് കർണ്ണന്റെ പേരിലൊരു ക്ഷേത്രം കണ്ടു. നിർഭാഗ്യവാനും നിർദോഷിയുമായ കർണ്ണൻ ഇവിടെയാണത്രെ സൂര്യപ്രീതിക്കായി വർഷങ്ങളോളം തപസ്സുചെയ്തത്. കണിശതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്തവരിൽ അധികം പേരും ഒന്നും ചെയ്യാൻ കഴിയാതെ പോയവരോ, ചെയ്തുതുടങ്ങിയ കാര്യങ്ങൾ പാതിവഴിയിൽ അവസാനിപ്പിക്കേണ്ടിവന്നവരോ ആയി കാണാം. വേണ്ടസമയത്ത് ഉചിതമായ രീതിയിൽ ചെയ്യാനും പ്രതികരിക്കാനുമുള്ള ശേഷിയാണ് ഒരാളുടെ വിവേകം. ഒരിക്കലും അതാരുടേയും മുന്നിൽ പണയം വെയ്ക്കരുത്. കർണ്ണന്റെ വീഴ്ച്ചകളിലൊന്നാണത്. സമ്പത്തായാലും സമ്മർദ്ദമായാലും സത്യനിഷ്ഠയായാലും വേണ്ട അളവിൽ മാത്രമേ പാടൂ. സ്വന്തം മൂല്യമറിയാത്തവർ മറ്റുള്ളവരുടെ മൂല്യബോധങ്ങൾക്ക് പിറകെ സഞ്ചരിക്കും. സ്വജീവിതത്തിന് വിലയിടാനുള്ള അവകാശം മറ്റാർക്കും തീറെഴുതിക്കൊടുക്കരുത്.

നീലാകാശത്തിനുകീഴെ, ഹിമവൽസാനുക്കളിലെ തണുത്ത കാറ്റേറ്റുനിൽക്കുമ്പോഴും കർണ്ണന്റെ കദനകഥ ഒരു ഉൾനീറ്റലോടെ ഉള്ളിൽ തെളിഞ്ഞുവന്നുകൊണ്ടിരുന്നു. സംഗമതീരത്തെ പഞ്ചാരമണൽപ്പരപ്പിൽ പലനിറത്തിലും ആകൃതിയിലുമുള്ള കല്ലുകൾ ചിതറിക്കിടക്കുന്നു. കണ്വാശ്രമം ഈ നദിക്കരയിലായിരുന്നത്രെ. മരവുരി അണിഞ്ഞ കണ്വമഹർഷിയും, അമ്പും വില്ലുമായി നായാടുന്ന ദുഷ്യന്തനും, ദർഭ മുന കാലിൽ കൊണ്ടെന്ന ഭാവേന വ്രീളാ വിവശയായി തിരിഞ്ഞുനോക്കുന്ന ശകുന്തളയും, നദിയിൽ കണ്ണാടി നോക്കുന്ന മാൻപേടകളും ഈ താഴ്വരയിലെവിടെയൊക്കെയോ ഉണ്ടെന്ന് എനിക്ക് തോന്നി. സ്വാമി വിവേകാനന്ദൻ നീണ്ടൊരു കാലം ധ്യാനത്തിനായി ഈ പവിത്രഭൂമിയിൽ ചിലവഴിച്ചിട്ടുണ്ടത്രെ. ഈശ്വരാനുഭവവും പ്രാർത്ഥനാനുഭവവും തികച്ചും വ്യത്യസ്തവും വ്യക്തിപരവുമാണെന്ന വിശ്വാസത്തോടെ സംഗമ സമൃദ്ധിയിൽ നിന്ന് കൈക്കുമ്പിളിൽ കോരിയെടുത്ത വെള്ളം ലോകാ സമസ്ത സുഖിനോ ഭവന്തു എന്ന പ്രാർത്ഥനയോടെ ഞാൻ തർപ്പണം ചെയ്തു. ഉച്ചരിക്കുന്ന വാക്കിലെ ഉണ്മയല്ലാതെ മറ്റെന്താണ് ദൈവം പ്രതീക്ഷിക്കുക. ഇവിടെനിന്ന് ഋഷികേശ്- ബദരീനാഥ് ദേശീയ പാതവഴി 128 കി. മീറ്റർ ദൂരമുണ്ട് ജോഷിമഠിലേക്ക് - മലയിടിച്ചിൽ ഭീഷണിയുണ്ടെങ്കിലും, നൈനിത്താൾ, അൽമോറ ഭാഗങ്ങളിലേക്കും ഇവിടെനിന്ന് റോഡു മാർഗ്ഗം സഞ്ചരിക്കാം. കുരുക്ഷേത്രത്തിലെ നിർണ്ണായക നിമിഷങ്ങളേയും ശാകുന്തളത്തിലെ പ്രണയാമൃതത്തേയും ഉള്ളിലൊതുക്കിക്കൊണ്ട് കർണ്ണപ്രയാഗിനോട് യാത്ര പറഞ്ഞു.

(തുടരും...)

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## ദരിദ്രവാസി

**നി**നക്കറിയാഞ്ഞിട്ടാ, അവൻ ആ കാട്ടിക്കൂട്ടലും വലിയ ആളായി ഈ നടത്തവും വലിയവായിൽ വർത്തമാനവുമൊക്കെ തന്നെയുള്ളൂ. വീട്ടിലേക്കൊന്നും യാതോരു ഉപകാരവുമില്ല. അവന്റെ വയസ്സായ അച്ഛൻ പണിക്കു പോയിട്ടാ ആ കുടുംബത്തിലെ ചെലവുകൾ കഴിയണത്. പാവം. ആ വീട് ഒന്നുകാണണം ദാരിദ്ര്യം തന്നെ. മൺചുമരൊക്കെയായിട്ട് ഒരു ചെറിയ പഴകിയ ഓടിട്ട വീട്. അതൊന്ന് ചെത്തിത്തേച്ചിട്ടു പോലുമില്ല. കഷ്ടം തോന്നും.

"ഇതൊക്കെ ഇത്ര കൃത്യമായിട്ട് നിനക്കെങ്ങനെയറിയാം നീ പോയിട്ടുണ്ടോ?"

"പിന്നെന്താ ഞാൻ അവന്റെ കൂടെ എത്രയോ തവണ അവിടെ പോയി ഭക്ഷണം കഴിച്ചിട്ടുണ്ടെന്നോ. മിനിയാന്നടക്കം."

## പി.ആർ.ഒ

"ഹലോ മുരുകൻ സാറല്ലേ ഇത് സർവ്വീസിങ്ങ് സെന്ററിൽ നിന്നാ"

"ആ ..പറയൂ"

"വാഹനം സർവ്വീസിങ്ങ് ചെയ്തതിൽ പരാതിയൊന്നുമില്ലല്ലോ തൃപ്തനല്ലേ"

"അല്ല"

"അയ്യോ എന്ത് പറ്റി ?"


"എന്ത് പറ്റാൻ മഹാമോശം അതുതന്നെ. വെറും തട്ടിപ്പ്. കസ്റ്റമേഴ്സിൽ നിന്നും പൈസ വസൂലാക്കാൻ ഒരു മാർഗ്ഗം അതു തന്നെ. വാഹനം തൊട്ടു നോക്കുന്നില്ല. ബില്ലങ്ങോട്ട് തരുന്നു അത്രതന്നെ. ഈ പൊന്നാരം ചോദിക്കുന്നതുകൊണ്ടോ ഫോറം പൂരിപ്പിക്കുന്നതു കൊണ്ടോ ഒരു കാര്യവുമില്ല. അടുത്തതവണ വണ്ടി ഇവിടെ തന്നെ നിർത്തിയിട്ട് ബസ്സിന് വന്നാലോ എന്നാലോചിക്കുന്നുണ്ട്. ബില്ലടിക്കാൻ വണ്ടി വേണ്ടല്ലോ. വെറുതെ എണ്ണ കത്തിക്കുന്നതെന്തിനാ. പിന്നെ ഒരുകാര്യം തുറന്നു പറയുന്നതിൽ വിരോധം തോന്നരുത് നിങ്ങൾക്കൊക്കെ ഇതിനേക്കാൾ നല്ലത്..."

"ശരി സാർ. ഓകെ സാർ. താങ്ക്യു സാർ ഓകെ വേറെ പരാതികൾ ഒന്നുമില്ലല്ലോ."

"ഒരു ബാങ്ക് ലോൺ അടവ് തെറ്റി ജപ്തിയായിട്ടുണ്ട്. ചെറിയ മകൻ കുടുബപ്രശ്നം കാരണം ഡൈവേഴ്സിന്റെ വക്കിലാണ്. അതിലൊന്നും നിങ്ങൾക്ക് പങ്കില്ലാത്തതിനാൽ അക്കാര്യത്തിലൊന്നും നിങ്ങളെ കുറിച്ച് ഒരു പരാതിയുമില്ല. ഓകെ."



# പൊതുവിജ്ഞാനം



നൗഷാദ് ഖാൻ
9846454199

1) വിശിഷ്ട വ്യക്തികൾക്ക് പൊതുചടങ്ങുകളിലും ഔദ്യോഗിക പരിപാടികളിലും അടിസ്ഥാനമാക്കുന്ന മുൻഗണന പദവിക്രമം.
ഉ. വാറന്റ് ഓഫ് പ്രിസിഡൻസ്

2) ഏത് രംഗത്തെ മികവിന് നൽകിവരുന്ന അവാർഡാണ് മെർലിൻ അവാർഡ് ?

ഉ. മാജിക്

3) കാശ്മീരിലെ ചെറു ഹൗസ്ബോട്ടുകൾ എന്ത് പേരിൽ അറിയപ്പെടുന്നു.
ഉ. ഷിക്കാരാ

4) ഇന്ത്യയിൽ ആദ്യ മെട്രോ റെയിൽ ആരംഭിച്ച നഗരം.
ഉ. കൊൽക്കത്ത.

5) കേരള സ്റ്റുഡന്റ് പോലീസിന്റെ ലഹരി വിരുദ്ധ കാംപെയിൻ.
ഉ. നിത്യം നേർവഴി

6) കേരള പോലീസിന്റെ അശ്വരൂഢ വിഭാഗം എന്ത് പേരിൽ അറിയപ്പെടുന്നു.
ഉ. മൗണ്ടഡ് പോലീസ്.

7) മലബാറിലെ സസ്യലതാദികളെക്കുറിച്ച് ആദ്യ ശാസ്ത്രീയ പഠനഗ്രന്ഥം - ഹോർത്തൂസ് മലബാറിക്കൻ ലാറ്റിൻ ഭാഷയിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്താർ.
ഉ. കെ. എൻ. മണിലാൽ

8) ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസനായകരിൽ ഒരാളായ നെൽസൺ മണ്ടേലയുടെ ജയിൽവാസത്തിന് നൽകിയ നമ്പർ ?
ഉ. 46664

9. ദണ്ഡി മാർച്ചിനിടെ ഗാന്ധിജിയെ അറസ്റ്റ് ചെയ്തപ്പോൾ തുടർന്ന് മാർച്ചിന്റെ നേതൃത്വം ഏറ്റെടുത്തത് ആര് ?
ഉ. അബ്ബാസ് ത്യാബ്ജി.

10. താൻതിയ ടോപിയെന്ന വിപ്ലവകാരിയായ സ്വതന്ത്രസമരസേനാനിയെ ചതിച്ച കൂട്ടുകാരൻ ആര്?
ഉ. മാൻസിംഗ്

# വിശ്വാസങ്ങളിലെ സംശയങ്ങൾ



ഇന്ദു മാരാത്ത്
9947678213

**പെ**ട്ടെന്നൊരു സുപ്രഭാതത്തിലാണ് ഇപ്പോൾ വിശ്വാസങ്ങൾ തുടങ്ങുന്നതും ഒടുങ്ങുന്നതും. സാമൂഹ്യ-സാംസ്കാരിക പാരമ്പര്യ മൂല്യങ്ങളേക്കാൾ മത-രാഷ്ട്രീയ വ്യവഹാരഘടകങ്ങളാണ് ഇവയെ ഉണ്ടാക്കുന്നതും ഇല്ലാതാക്കുന്നതും. നാനാമതസ്ഥർക്കും അവരവരുടെ മതാചാരങ്ങളും ഉത്സവാഘോഷങ്ങളും ഇന്ത്യ പോലൊരു രാജ്യത്ത് ഉത്സാഹപൂർവ്വം കൊണ്ടാടാനാവുന്നു.

തത്ത്വങ്ങളും പുരാണേതിഹാസമിത്തുകളും കൊണ്ട് സമൃദ്ധമായ മതപുസ്തകങ്ങൾ അങ്ങേയറ്റം മൂല്യവത്തായാണ് അതാത് മതസ്ഥർ പരിരക്ഷിക്കയും പിന്തുടരുകയും ചെയ്യുന്നത്. അടുത്ത കാലങ്ങളിലായാണ് മതവികാരങ്ങളെ വൃണപ്പെടുത്തുന്നു എന്ന വൈകാരിക വിചാരപ്പെടലുകളുടെ ഒഴുക്കുകൾ ശക്തിപ്പെടുന്ന സംഭവങ്ങൾക്ക് ആക്കം കൂടിയിരിക്കുന്നത്. മുമ്പില്ലായിരുന്നു എന്നല്ല, പക്ഷേ ഇന്നവ അസഹിഷ്ണുതയായി പരിണമിച്ച് പരിധികൾ ലംഘിച്ചുവളരുകയാണ്. ജാതി-നിന്ദ, വംശീയാക്ഷേപം, മതതീവ്രവാദം തുടങ്ങി നാം മനുഷ്യർ ഒന്നാണ് എന്ന സ്നേഹവീക്ഷണം ഒട്ടുമില്ലാതെ അവ ഉരുകി കത്തിത്തിളക്കുന്നു. അവകാശവും സ്വാതന്ത്ര്യവും എതിർക്കപ്പെടുന്നതിൽ മാത്രം കേന്ദ്രീകരിക്കുന്ന ദുഷ്പ്രവണതയാണ് മുന്നിട്ടുനിൽക്കുന്നത്. കലാ-സാഹിത്യ- സിനിമ തലങ്ങളിലെല്ലാം ഇതിന്റെ ഭവിഷ്യത്ത് പടർന്നിരിക്കുന്നു.

ഇവിടെയാണ് വിശ്വാസങ്ങളുടെ വഴിയിലെ ഉച്ചനീചത്വങ്ങളും ഗുണദോഷങ്ങളും പ്രകടിപ്പിക്കപ്പെടുന്നതിലെ ആവശ്യകത അനിവാര്യമാകുന്നത്. ഭക്ഷണക്രമങ്ങളിൽ പോലും കൈകടത്തുന്ന വിശ്വാസധാർഷ്ട്യങ്ങളെ ആര്, എന്തിന് ഇത്രയും രൂക്ഷമാക്കാൻ ശ്രമിക്കുന്നത് ? ആദ്യം മുതൽ കുറേയേറെ പറയേണ്ടിവരും. ഇത്തരം വിശ്വാസ വിഷയങ്ങൾ പരിശോധ്യമാക്കുമ്പോൾ കുറേയൊക്കെ പറഞ്ഞാവർത്തിച്ചതുമാവാം. ബൈബിളായാലും ഖുറാനായാലും ഗീതയായാലും പവിത്രമായ വിശ്വാസങ്ങളോടെ ഭക്തിപൂർവ്വം ആദരിച്ച് വായിച്ചുപഠിച്ചും സ്തുതിച്ചും കാലാകാലങ്ങളായി മതാരാധകർ അവ ഉദ്ഘോഷിച്ചാനന്ദിക്കുന്നു. മതസ്ഥർ ദൈവങ്ങൾക്കായി താമസസ്ഥലങ്ങൾ (ഹിന്ദു അമ്പലമായും ക്രിസ്ത്യൻ ദേവാലയമായും മുസ്ലിം പള്ളിയായും) ധാരാളം പണിഞ്ഞ് പൂജിച്ച് തൃപ്തനായ അനുഗ്രഹം നേ(തേ)ടുന്നു. ആഗ്രഹസാഫല്യത്തിനായി ദിനങ്ങളോളം ആചാരപ്രകാരം വ്രതം മുതലായവയിലേർപ്പെട്ട് മഹത്തായ പുണ്യം ലഭിക്കാൻ സ്വദേഹത്തെ നാനാതരത്തിൽ പീഡിതമാക്കി കാലക്ഷേപം ചെയ്യുന്നു. മറ്റുപ്രയാസങ്ങളൊന്നും പ്രശ്നമാക്കാതെ സമയവും ധനവുമെല്ലാം അനേകമായി വിനിയോഗിക്കുന്നു ഇതിനായി. തങ്ങൾക്ക് ഇതുമൂലം വലിയ നന്മ ലഭിക്കും, നല്ല കാര്യങ്ങൾ നടപ്പാവും, തങ്ങൾ വിചാരിച്ച ആശകളും ലക്ഷ്യങ്ങളും നിറവേറ്റപ്പെടും എന്നിങ്ങനെയുള്ള ദൃഢവിശ്വാസങ്ങളാണ് കടുത്തവിധം ഇത്തരം ത്യാഗങ്ങൾക്ക് പ്രേരിപ്പിക്കുന്നത്.

ഇവിടെ ഇതെല്ലാം തന്റെ കാര്യസാധ്യമെന്ന സ്വാർത്ഥതക്ക് വേണ്ടിയല്ലേ എന്ന ചോദ്യം ഉന്നയിക്കപ്പെട്ടാൽ വിശ്വാസങ്ങളെ അധിക്ഷേപിക്കാൻ ശ്രമിച്ചെന്ന ക്രോധമാവും അവരിൽ പ്രത്യക്ഷപ്പെടുക. ഒരു പക്ഷെ അവരുടെ ഭാഗത്തുനിന്ന് നോക്കിയാൽ വിചാരിച്ച ആഗ്രഹങ്ങൾ നടന്നാലുമില്ലെങ്കിലും മടുക്കാതെ വീണ്ടും വീണ്ടും ഇപ്രകാരം ഭക്തിയും വിശ്വാസവും മുൻനിർത്തി പ്രവർത്തിച്ചുകൊണ്ടേയിരിക്കും. ഇങ്ങനെ ചെയ്യുന്നതിനേക്കാൾ എന്താണോ ആഗ്രഹിക്കുന്നത് അവക്കായി പ്രവൃത്തിപഥത്തിൽ പ്രായോഗിക മാർഗ്ഗങ്ങൾ അന്വേഷിച്ച് യഥാവിധം ഉത്സാഹിച്ചാൽ ലക്ഷ്യപ്രാപ്തി സാധിതമാകില്ലേ എന്നും ചോദിച്ചിട്ട് കാര്യമില്ല. തേങ്ങയെറിഞ്ഞാൽ അത് ചിതറിത്തെറിക്കുന്നപോലെ സകല ബുദ്ധിമുട്ടുകളും ചിന്നിത്തെറിച്ച് പോകുമെന്ന സംശയാതീത വിശ്വാസമൂല്യത്തിലൂന്നിയാണ് അത്തരം മനസ്സുകളുടെ പോക്ക്. അതിനാൽത്തന്നെ ഇത്തരം മുട്ടുശാന്തികളായ വിദ്യാമുട്ട്, ഉദ്യോഗമുട്ട്, വിവാഹമുട്ട് മുതലായ മുട്ടുകോപ്പുകൾ തുടർന്നുകൊണ്ടേയിരിക്കുന്നു...

ഹിന്ദുപുരാണങ്ങളും കഥകളും വായിക്കുമ്പോൾ എന്നും തോന്നിയിരുന്ന സംശയമാണ് സ്വർഗ്ഗാധിപതി ദേവേന്ദ്രനെ കുറിച്ചുള്ളത്. സ്വർഗ്ഗസിംഹാസനം നഷ്ടപ്പെടുമെന്ന ഭീതിയാൽ മുനിമാരുടെ തപസ്സുമുടക്കാൻ അപ്സരസുകളെ വശ്യ ഉപകരണങ്ങളാക്കി അയക്കുന്നതരം വൃത്തികെട്ട തന്ത്രങ്ങൾ വരെ പയറ്റുന്നവൻ. എന്നും അസുരൻമാരെ പേടിച്ച് ത്രിമൂർത്തികളെ അഭയം പ്രാപിക്കുന്നവൻ. അസുരരെ നശിപ്പിക്കാൻ ദുരുപായങ്ങൾ മാത്രം ചെയ്യുന്നവൻ... പോരാഞ്ഞ് അങ്ങേയറ്റത്തെ സ്ത്രീലമ്പടനും. അസുരൻമാരെങ്കിലും പ്രഹ്ളാദനും, മഹാബലിയും, അസുരഗുരു ശുക്രാചാര്യരുമെല്ലാം നന്മയുടെ നിറകുടങ്ങൾ ആയാണ് അറിയപ്പെടുന്നത്. ഇങ്ങനെ നോക്കുമ്പോൾ ദേവത്വം ആസുരത എന്നിവകളിലെ ന്യായാന്യായങ്ങൾക്ക് വ്യക്തമായ നിർവ്വചനമോ വിശ്വാസ്യതയോ നൽകാൻ മനസ്സ് സമ്മതിക്കുന്നില്ല. പ്രഭാഷകർ പറയുന്നത് ഇവ വ്യക്തികളേയും തത്ത്വങ്ങളേയുമാണ് പ്രതിനിധീകരിക്കുന്നതെന്നാണ്. എന്നാലും ചോദ്യത്തിന് കൃത്യ

മായ മറുപടിയാവുന്നില്ലല്ലോ. ഇന്ദ്രദേവനേക്കാൾ സ്വർഗ്ഗാധിപതിയാകാൻ ഈ അസുരഭാവികൾക്ക് യോഗ്യതയില്ലേ എന്ന ചോദ്യത്തെ കുടുംബത്തിലെ തലമൂത്തവർ അങ്ങനൊന്നും ഒരിക്കലും ചോദിക്കാനോ ചിന്തിക്കാനോ പാടില്ലെന്നും ദോഷം കിട്ടുമെന്നുമുള്ള പേടിപ്പിക്കലിൽ അടക്കിനിർത്തും. സംശയങ്ങൾ ചോദിച്ചും പോയാൽ ദൈവനിന്ദയും മഹാപാപവുമാണ്. ഭക്തിയേക്കാൾ ഈശ്വരകോപത്താലുള്ള അപകടങ്ങൾ നിരത്തി നരകത്തിൽ പോകുമെന്ന ഭീഷണി സൂത്രത്തിൽ സംശയമുനകളൊടിക്കുന്നു.

യഥാർത്ഥത്തിൽ ഇവക്കുള്ള മറുപടിയോ ഉത്തരങ്ങളോ അറിയാഞ്ഞിട്ടുതന്നെയാണ് പേടിപ്പിക്കൽ പ്രയോഗങ്ങളെന്ന് പിന്നീട് മനസ്സിലാവുന്നു. വാസ്തവത്തിൽ ശരിതെറ്റുകളേക്കാൾ അവയെ അതുപോലെ ഉൾക്കൊണ്ട് വിശ്വസിച്ചില്ലെങ്കിൽ പലവിധ ദോഷങ്ങൾ - അവയാദൃശ്ചികം ആയി സംഭവിച്ചാലും - ഇതിനാലെന്ന് ഉറപ്പിച്ച് അവരും ഭയപ്പെടുന്നതുകൊണ്ടാണ്.

ബൈബിൾ - ഖുറാൻ കഥകളിലും ഇതുപോലെ വൈചിത്രങ്ങൾ നിറഞ്ഞതും അവിശ്വസനീയങ്ങളുമായ ധാരാളം കാര്യങ്ങളെ ചോദിച്ചാൽ മതത്തെ അവഹേളിക്കുന്ന ചോദ്യങ്ങളുയർത്തുന്നുവെന്നും വിശ്വാസത്തെ ഹനിക്കുന്നു എന്നുമൊക്കെയുള്ള തെറ്റിദ്ധാരണകളോടെ പ്രശ്നകലുഷിതമാക്കി വായടപ്പിക്കാൻ ശ്രമിക്കുകയാണ് ചെയ്യുക എന്തൊരു കഷ്ടമാണിതൊക്കെ.

അയ്യപ്പചരിത്രത്തിൽ മഹാവിഷ്ണുവിന്റെ മോഹിനീരൂപത്തിൽ ഭ്രമിച്ച് പരമശിവൻ പ്രാപിച്ചതിനാലാണ് അയ്യപ്പസൃഷ്ടി നടന്നതെന്നാണ് പറയുന്നത്. പക്ഷേ പ്രസവസമയത്ത് വിഷ്ണുദേവൻ പുരുഷനാകയാൽ യോനിയില്ലാതെ പ്രസവിക്കാനാവാതെ തുട കീറി കുഞ്ഞിനെ പുറത്തെടുക്കുകയായിരുന്നത്രെ ! ഗർഭമാവാൻ എന്നാൽ തടസ്സമില്ലായിരുന്നുതാനും ! ദേവകിയുടെ എട്ടാം പുത്രൻ തന്നെ കൊല്ലുമെന്നറിഞ്ഞും എന്തിന് വസുദേവരേയും ദേവകിയേയും ഒരുമിച്ചൊരു ജയിലറയിലടച്ചു എന്ന് ചോദിക്കുന്ന കുസൃതിക്കുട്ടികളുള്ള കാലത്ത് വിഷ്ണുമോഹിനി - ശിവ സംയോഗവും എങ്ങനെ സാധ്യമായി എന്ന ചോദ്യം വന്നാൽ എന്താവും കോലാഹലം...

വിമർശിക്കാനല്ല മേൽ സൂചിപ്പിച്ചവ പറഞ്ഞുവന്നത്. അന്ധമായി നാം ദൈവീകമെന്ന പേരിൽ പിന്തുടരുന്ന പല സംഗതികളും സത്യത്തിൽ വിഡ്ഢിത്തമെന്ന് തോന്നുന്നവയല്ലേ... മൃഗബലി ചെയ്താൽ ദൈവത്തിന് തൃപ്തിയാവുമെന്ന് വിശ്വസിക്കുന്നവർ ഒരു ജീവനെടുക്കുന്നതിലെ പാപത്തെപ്പറ്റി എന്തുകൊണ്ട് ചിന്തിക്കുന്നേയില്ല എന്നാണറിയാത്തത്. വിഗ്രഹങ്ങളിലും ആൾദൈവങ്ങളിലും പാലഭിഷേകം നടത്തി പുണ്യകർമ്മികളെന്ന് അഭിമാനം കൊള്ളുന്നവർ അത് ഒരു ചാൺ വിശന്ന വയറിനായി കേഴുന്ന പാവങ്ങൾക്ക് കൊടുക്കാൻ നോക്കാതെ പ്രവർത്തിക്കുമ്പോൾ ഇത്തരക്കാരുടെ എന്ത് ഭക്തിയാവശ്യമാണ് ദൈവം നിറവേറ്റുമെന്ന് തീർച്ചപ്പെടുത്തുന്നതാവോ...

ചോദ്യങ്ങളും സംശയങ്ങളും വിശ്വാസങ്ങൾക്കെതിരാകുന്നു. കഥയിൽ ചോദ്യം പാടില്ല എന്നല്ലേ. മതഗ്രന്ഥങ്ങളിലുള്ളവ മനുഷ്യനന്മക്കുള്ള തത്ത്വങ്ങളായി സ്വീകരിച്ച് അവ പിന്തുടരണം എന്നാണ് പറയുന്നത്. ജിജ്ഞാസാധിഷ്ഠിത ചോദ്യങ്ങൾ കേവലം സംശയങ്ങൾ കൊണ്ട് മാത്രമാണ് ചോദിക്കുന്നത്. എന്നാൽ യുക്തിവാദിയെന്നും മത-ദൈവ നിന്ദിതരെന്നും മുദ്ര കുത്തപ്പെടുന്നു അവർ. വിദ്യാഭ്യാസ ഘട്ടങ്ങളിലും പഠനതലത്തിൽ നാനാതരം സംശയങ്ങൾ കൗതുകത്താൽ കുട്ടികൾ ചോദിച്ചാലും രക്ഷിതാക്കളും അധ്യാപകർ പോലും അനാവശ്യങ്ങൾ എന്നവിധം അവരെ നിരുത്സാഹപ്പെടുത്തി ചോദ്യങ്ങളിൽ നിന്നൊഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ് ചെയ്യുക. അപ്പോൾ കൂടുതൽ ആശയക്കുഴപ്പങ്ങളിലേക്കാണവർ എത്തപ്പെടുകയെന്ന് മനസ്സിലാക്കുന്നില്ല. സ്വയം കണ്ടെത്താനോ ബോധ്യമാക്കാനോ പറ്റാത്ത വിഷയങ്ങളിൽ മറ്റുള്ളവർക്ക് അറിവുണ്ടാകുമല്ലോ എന്നതിനാലാണ് ചോദ്യങ്ങളുമായി അവർ മുതിർന്നവരെ ആശ്രയിക്കുന്നത്. പക്ഷേ വിപരീത പ്രതികരണങ്ങളിൽ ചിലർ നിശബ്ദരായി ഉൾവലിയുമെങ്കിലും ചിലർ പരീക്ഷണാടിസ്ഥാനത്തിൽ തന്നെ കാര്യങ്ങളുടെ ഉള്ളുകള്ളികൾ മനസ്സിലാക്കാൻ വെമ്പലോടെ തുനിഞ്ഞിറങ്ങുന്നവരുമാവും. സമൂഹത്തിന്റെ ദൃഷ്ടിയിൽ അത്തരക്കാർ എന്നാൽ പലപ്പോഴും കുറ്റാരോപിതരാക്കപ്പെട്ടു പോകുന്ന അവസ്ഥയാണുണ്ടാവുക.

വിശ്വാസങ്ങളുടെ പേരിൽ മനഃപ്പൂർവ്വം ഉണ്ടാക്കപ്പെടുന്ന അവാസ്തവങ്ങളും മനഃപ്പൂർവ്വം തഴയപ്പെടുന്ന സത്യങ്ങളുമാണ് ലോകത്ത് ഇന്ന് അധികവും നടന്നുപോരുന്നത്. ഇവയെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനുള്ള സ്ഥൈര്യആർജ്ജവങ്ങൾ പുതുതലമുറ കൈവരിച്ചേ മതിയാവൂ... ●

■ കവിത

# ഉയിർത്തെഴുന്നേൽപ്പ്

തുളസി കേരളശ്ശേരി
9526144499

ചുവന്ന പൂവിന്റെ കറുത്ത കണ്ണിലെ
തിളങ്ങും സ്വപ്നത്തിൻ
വെളുത്ത മുത്തുകൾ
ഉരുണ്ടടർന്നുവീണടിഞ്ഞു
മണ്ണിലെന്നറിഞ്ഞിടുമ്പൊഴും ചിരിപ്പതാരെടോ !
ഇടയ്ക്കു ഗദ്ഗദപ്പടർപ്പിലൊറ്റയ്ക്കു
പടർന്നുവിങ്ങുന്ന പതിഞ്ഞ തേങ്ങലിൻ
മുനയൊടിക്കുന്ന ചിരിയിലാർത്തലച്ചിരമ്പിയെത്തുന്നു
കുടിലവാക്കുകൾ
ചതഞ്ഞ പൂവിന്റെ തളർന്ന മേനിയെ
ഞെരിച്ചകന്നുപോയ് കരങ്ങൾ പിന്നെയും
വിതച്ചതായിരം പകക്കൊടുങ്കാറ്റ്
തിളച്ചുപൊങ്ങുന്നിതകത്തു നൊമ്പരം
പകയ്ക്കു മാത്രമായ് പുകച്ചുതീർക്കുവാൻ
പിണങ്ങളല്ല നാം പവിഴമുല്ലകൾ
വിരിയുമെങ്കിലോ കൊഴിയുമെന്നത്
ദളങ്ങൾ തന്നുടെ നിയതി തന്നെടോ
തളിരിടാൻ മറന്നെന്തെ പിന്നെയും
കനവുറങ്ങുന്ന കുറിയ ചില്ലകൾ
കരളിനുള്ളിലായ് നീ നിറച്ചൊരു
നിറപ്രതീക്ഷതൻ കിരണമെങ്ങുപോയി
ഉണരു പെൺകിളി
ഉണർന്നെണീക്കു നീ
ഉറച്ച വാക്കിനാൽ ഉറക്കെ ചൊല്ലുക
"ചതഞ്ഞതെന്റെയീ ദേഹമല്ലെടോ
ചിതലെടുത്ത നിൻ യശസ്സു തന്നെടോ."

# അച്ഛന്റെ മരണം



ബിന്ദു. കെ
9446422321

**ഗാ**ന്ധിജിയുടെ പതിനാറാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ പിതാവിന് ഭഗന്ദരം (ഫിസ്റ്റ്യുല) ബാധിച്ച് കിടപ്പിലായിരുന്നു. അദ്ദേഹത്തെ ശുശ്രൂഷിച്ചിരുന്നത് ഗാന്ധിജിയും ഗാന്ധിജിയുടെ അമ്മയും ഒരു ഭൃത്യനും ആയിരുന്നു. മുറിവ് വെച്ചു കെട്ടുക, മരുന്നു കൊടുക്കുക, വീട്ടിൽ വച്ചു മരുന്നു കൂട്ടിച്ചേർത്തുണ്ടാക്കണമെങ്കിൽ അത് ചെയ്യുക എന്നീ നേഴ്സിന്റെ ജോലിയായിരുന്നു ഗാന്ധിജിക്കുണ്ടായിരുന്നത്. രാത്രിയിൽ അച്ഛന്റെ കാൽ തിരുമ്മിക്കൊടുക്കുക പതിവാണ്. അച്ഛൻ അനുവദിക്കുകയോ ഉറങ്ങുകയോ ചെയ്ത ശേഷം മാത്രമാണ് ഗാന്ധിജി ഉറങ്ങാൻ പോയിരുന്നുള്ളു. ഈ സേവനം ഗാന്ധിജി വളരെ താത്പര്യത്തോടെ ചെയ്തിരുന്നു. നിത്യകർമ്മങ്ങൾക്കുശേഷമുള്ള തന്റെ സമയം മുഴുവൻ ഗാന്ധിജി സ്കൂളിൽ പോകുവാനും അച്ഛനെ ശുശ്രൂഷിക്കാനുമായി മാത്രം മാറ്റിവച്ചിരുന്നു. അച്ഛന് നല്ല സുഖമുണ്ടെങ്കിൽ അഥവാ അനുവദിച്ചാൽ മാത്രം വൈകീട്ട് ഗാന്ധിജി നടക്കാൻ പോകുമായിരുന്നു.

ഇതേ കാലത്ത് ഗാന്ധിജിയുടെ പത്നി ഗർഭിണിയുമായിരുന്നു. ഇത് പിന്നീട് ഇരട്ടി ലജ്ജയ്ക്ക് കാരണമായി ഗാന്ധിജിക്ക് തോന്നിയിരുന്നു. വിദ്യാർത്ഥിയെന്ന നിലയ്ക്ക് അദ്ദേഹം പാലിക്കേണ്ടിയിരുന്ന ആത്മസംയമനം പാലിച്ചില്ലെന്നും ഈ കാമാർത്തി വിദ്യാർത്ഥിയെന്ന നിലയ്ക്കുള്ള തന്റെ ചുമതലകളെ അതിലും പ്രധാനമായി അച്ഛനമ്മമാരോടുള്ള തന്റെ ഭക്തിയേയും കവിഞ്ഞു എന്നുമുള്ള കാരണങ്ങളാണ് അദ്ദേഹത്തെ ലജ്ജിതനാക്കിത്തീർത്തത്. എല്ലാ രാത്രിയും അച്ഛന്റെ കാലുകൾ തലോടുമ്പോൾ ഗാന്ധിജിയുടെ മനസ്സ് അദ്ദേഹത്തിന്റെ ശയനമുറിയിലായിരുന്നു. അതും സാമാന്യ ബുദ്ധി, വൈദ്യശാസ്ത്രം, മതം എന്നിവ സ്ത്രീസംയോഗം നിരോധിച്ചിട്ടുള്ള സമയത്ത്. കാലുതടവുന്നതിൽ നിന്ന് ഒഴിവുകിട്ടുന്നത് അദ്ദേഹത്തിനെപ്പോഴും സന്തോഷമായിരുന്നു. ഒഴിവായാലുടൻ അച്ഛനെ വന്ദിച്ചിട്ട് നേരേ കിടപ്പുമുറിയിലേക്ക് പോകുമായിരുന്നു.

അച്ഛൻ നിത്യേന അവശനായിക്കൊണ്ടിരുന്നു. ആയുർവേദ വൈദ്യന്മാർ അവരുടെ എല്ലാത്തരം കുഴമ്പും ഹക്കിമുകൾ അവരുടെ പ്ലാസ്തിരികളും നാട്ടുമുറി വൈദ്യന്മാർ അവരുടെ ഒറ്റമൂലികളും പ്രയോഗിച്ചു നോക്കിയിരുന്നു. അവസാനത്തെ ഏക പോംവഴിയായി നിർദ്ദേശിച്ചിരുന്നത് ശസ്ത്രക്രിയയാണ്. പ്രശസ്തനും സമർത്ഥനുമായ കുടുംബവൈദ്യൻ ഈ പ്രായത്തിൽ ഒരു ശസ്ത്രക്രിയ നടത്തുന്നത് ആപല്ക്കരമായി കണ്ടതിനാൽ അദ്ദേഹം അതിനെ എതിർത്തു. അങ്ങനെ ശസ്ത്രക്രിയ ഒഴിവാക്കപ്പെട്ടു. കുടുംബവൈദ്യൻ ശസ്ത്രക്രിയക്കു സമ്മതിച്ചിരുന്നെങ്കിൽ മുറിവ് കരിയുമായിരുന്നു എന്ന് ഗാന്ധിജി ചിന്തിച്ചു. ബോംബെയിലെ പ്രശസ്തനായ ഒരു ശസ്ത്രക്രിയ വിദഗ്ധനാണ് ശസ്ത്രക്രിയ ചെയ്യാനിരുന്നത്. പക്ഷെ, ദൈവഹിതം മറിച്ചായിരുന്നു. മരണം അത്യാസന്നമായിരിക്കെ ആർക്കും ശരിയായ പ്രതിവിധി തോന്നുകയില്ലല്ലോ. ശസ്ത്രക്രിയക്കു വാങ്ങിയതും ഉപയോഗ ശൂന്യവുമായ സാധനസാമഗ്രികളുമായി അച്ഛൻ ബോംബെയിൽ നിന്നു മടങ്ങി. ജീവിതാശ അദ്ദേഹത്തിന് നശിച്ചു. ക്ഷീണം വർദ്ധിച്ചു. മലമൂത്ര വിസർജ്ജനവും മറ്റും കിടന്നുകൊണ്ടുതന്നെ നടത്താൻ അച്ഛനോട് പറയേണ്ടിവന്നു. പക്ഷെ അങ്ങനെ ചെയ്യാൻ അവസാനം വരെ അച്ഛൻ തയ്യാറായിരുന്നില്ല. കിടക്ക വിട്ട് പോയി അവ നിർവ്വഹിക്കാനുള്ള ക്ലേശം സഹിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. അദ്ദേഹം കാണിച്ച ഈ നിഷ്കർഷ ഗാന്ധിജിയെ അത്ഭുതപ്പെടുത്തുകയും അദ്ദേഹത്തോട് ബഹുമാനം തോന്നുകയും ചെയ്തു.

അങ്ങനെയിരിക്കെ ആ ഭയാനകമായ രാത്രി വന്നു. അച്ഛന് രോഗം കൂടുതലാണെന്ന് കേട്ട് ഗാന്ധിജിയുടെ ഇളയച്ഛൻ രാജ്കോട്ടിൽ നിന്ന് വന്നിരുന്നു. ആ സഹോദരന്മാരുടെ സ്നേഹബന്ധം ആഴമേറിയതായിരുന്നു. ഇളയച്ഛൻ പകൽ മുഴുവൻ അച്ഛന്റെ അടുത്തിരിക്കും. രാത്രി എല്ലാവരേയും ഉറങ്ങാനയച്ചിട്ട് അച്ഛന്റെ കട്ടിലിനരികെ കിടക്കും. ഏതുസമയവും അന്ത്യം പ്രതീക്ഷിക്കാമായിരുന്നെങ്കിലും അത് അവസാനത്തെ രാത്രിയാകുമെന്ന് അവരാരും തീരെ പ്രതീക്ഷിച്ചിരുന്നില്ല.

രാത്രി പത്തരയോ പതിനൊന്നോ ആയിരുന്നു. ഗാന്ധിജിക്ക് ഒഴിവുകൊടുക്കാൻ ഇളയച്ഛൻ തയ്യാറായി. സന്തോഷത്തോടെ ഗാന്ധിജി മുറിയിലേക്കുപോയി. ഉറക്കമായിരുന്ന ഭാര്യയെ അദ്ദേഹം വിളിച്ചുണർത്തി. അഞ്ചാറുമിനിറ്റിനകം ഭൃത്യൻ വാതിൽക്കൽ മുട്ടി. ഗാന്ധിജി ഞെട്ടിപ്പോയി. "എഴുന്നേൽക്കൂ, അച്ഛന് വളരെ കൂടുതലാണ്" അയാൾ പറഞ്ഞു. അച്ഛന് വളരെ കൂടുതലാണെന്ന് ഗാന്ധിജിക്ക് അറിയാമായിരുന്നു. അതിനാൽ 'വളരെ കൂടുതൽ' എന്നതുകൊണ്ട് ഉദ്ദേശിച്ച അർത്ഥം വേഗം പിടികിട്ടി. അദ്ദേഹം കിടക്കയിൽ നിന്ന് ചാടിയെഴുന്നേറ്റ് എന്താകാര്യമെന്ന് ചോദിച്ചു. അച്ഛൻ പോയി എന്ന് അയാൾ മറുപടി പറഞ്ഞു.


അങ്ങനെ എല്ലാം അവസാനിച്ചു. ഗാന്ധിജി കടുത്ത ലജ്ജയും ദുഃഖവും കൊണ്ട് തളർന്നു. അച്ഛന്റെ മുറിയിലേക്കോടി. മൃഗീയ വികാരം ഗാന്ധിജിയെ അന്ധനാക്കിയിരുന്നില്ലെങ്കിൽ അച്ഛന്റെ അന്ത്യനിമിഷങ്ങളിൽ അദ്ദേഹത്തെ വേർപെട്ടിരിക്കുകയെന്ന യാതന തന്നെ വിട്ട് ഒഴിഞ്ഞുപോകുമായിരുന്നു എന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു. അവസാനം

വരെ അദ്ദേഹത്തിന്റെ കാൽ തടവിയിരുന്നെങ്കിൽ അച്ഛൻ തന്റെ കൈയിൽ കിടന്നു മരിക്കുമായിരുന്നു. ആ സൗഭാഗ്യം ലഭിച്ചത് തന്റെ ഇളയച്ഛനാണ്. അദ്ദേഹത്തിന് തന്റെ ജ്യേഷ്ഠനോട് തികഞ്ഞ ഭക്തിയായിരുന്നു. അതുകൊണ്ട് അച്ഛന്റെയടുത്തിരുന്ന് അന്ത്യശുശ്രൂഷകൾ ചെയ്യാൻ സാധിച്ചു എന്ന ബഹുമതിക്ക് ഇളയച്ഛൻ അർഹനാണ്.

ആസന്നമായ മരണത്തെക്കുറിച്ച് അച്ഛന് മുൻകൂട്ടി അറിയാമായിരുന്നു. ആംഗ്യം കാണിച്ച് പേനയും കടലാസും വരുത്തി അദ്ദേഹം എഴുതിക്കാണിച്ചു, 'അവസാന ചടങ്ങുകൾക്ക് ഒരുങ്ങുക'. അനന്തരം കൈയിൽ കെട്ടിയിരുന്ന രക്ഷ പൊട്ടിച്ചെടുത്ത് അതും സ്വർണ്ണം കൊണ്ട് കെട്ടിയ തുളസിമാലയും വശത്തേക്കെറിഞ്ഞു. ഒരുനിമിഷം കഴിഞ്ഞ് അന്തരിക്കുകയും ചെയ്തു.

ഇതായിരുന്നു ഗാന്ധിജിയുടെ ജീവിതത്തിൽ അനുഭവപ്പെട്ട ലജ്ജാകരമായ ഒരു അനുഭവം. ഉണർവ്വോടെ ശുശ്രൂഷിക്കേണ്ടിയിരുന്ന തന്റെ അച്ഛന്റെ മരണാവസരത്തിൽ പോലും താൻ കാമാസക്തിക്ക് ഇരയായിപ്പോയി എന്നത്. ആ കറ ഗാന്ധിജിക്ക് ഒരിക്കലും മായ്ച്ചുകളയാനോ മറക്കാനോ കഴിഞ്ഞില്ല. അച്ഛനമ്മമാരോടുള്ള തന്റെ ഭക്തി അതിരറ്റതായിരുന്നിട്ടും അതിന്നായി എന്തും ത്യജിക്കാൻ ഗാന്ധിജി ഒരുക്കമായിരുന്നിട്ടും അത് അക്ഷന്തവ്യമാംവിധം അപര്യാപ്തമായിരുന്നെന്നാണ് ഗാന്ധിജിക്കെപ്പോഴും തോന്നിയിട്ടുള്ളത്. കാരണം അതേസമയം ഗാന്ധിജിയുടെ മനസ്സ് വിഷയാസക്തിയുടെ പിടിയിലായിരുന്നു. അതുകൊണ്ട് ഭാര്യയോട് വിശ്വസ്തനെങ്കിലും കാമാന്ധനായ ഒരു ഭർത്താവായിട്ടാണ് ഗാന്ധിജി എപ്പോഴും തന്നെ കണക്കാക്കിയിട്ടുള്ളത്. കാമാന്ധതയുടെ ബന്ധനത്തിൽ നിന്ന് വിടുതൽ കിട്ടാൻ ഗാന്ധിജിക്ക് വളരെക്കാലം വേണ്ടിവന്നു. അതിനുമുമ്പ് പല അഗ്നിപരീക്ഷകളും നേരിടേണ്ടിയും വന്നു.

ഗാന്ധിജിയുടെ ഭാര്യ ജന്മം നല്കിയ ആ പാവം കുഞ്ഞ് മൂന്നോ നാലോ ദിവസത്തിലധികം ജീവിച്ചില്ല. വിവാഹിതരായ എല്ലാവർക്കും തന്റെ ഈ അനുഭവം ഒരു പാഠമായിരിക്കട്ടെ എന്നുകൂടി ഗാന്ധിജി തന്റെ അനുഭവക്കുറിപ്പിൽ കൂട്ടിച്ചേർക്കുന്നു. എത്ര സത്യസന്ധമായ തുറന്നെഴുത്ത് ! ഇത്തരം തുറന്നെഴുത്ത് ഗാന്ധിജിക്കല്ലാതെ മറ്റാർക്കാണ് സാധിക്കുക. ●




## ■ മിനിക്കവിതകൾ

**ചേർത്തുവെക്കുക**

ഉപേക്ഷിച്ചവരെ പിൻതുടരരുത്
പിന്നിലുള്ളവരെ ഉപേക്ഷിക്കുകയുമരുത്
അവരെ നെഞ്ചോട് ചേർത്തുനിർത്തുക.

***വാൾ***

മരണമാകുന്ന കൂട്ടുകാരന്റെ
കൈപിടിച്ചാണ്
ഞാനന്നെഴുന്നേറ്റത്
ഒന്നെഴുതാൻ പോലും
അനുവദിയ്ക്കാതവനെന്നെ...

**ഛായ**

കറുത്തരാത്രിയിൽ കാലൻ
കൈചൂണ്ടി പറഞ്ഞു
നിനക്ക് മരണപ്പെട്ട
നിന്റമ്മയുടെ ഛായ
കൂടി കൂടി വരുന്നെന്ന്.




**മുരളീധർ കൊല്ലത്ത്**
**9387475851**


## ■ കവിത

# സൗഹൃദം




ഭാരതീ ഹരിദാസ്
9895151041, 0491-2544992


പുൽക്കൊടിത്തുമ്പിലെ നീർത്തുള്ളിയെ
വൈഡൂര്യമെന്ന് നിനച്ചിരുന്നു.
മേനിയിൽ ചാർത്താനെടുത്തുവെച്ചു
വീണു ചിതറിയുടഞ്ഞുപോയി.

തൊട്ടുപോയെങ്കിലോ വാടുമപ്പൂ
ഭൂവിലെ സൂര്യനെന്നാശിച്ചു ഞാൻ
ഞാനൊന്നു തൊട്ടതുമാച്ചെടികൾ
ഒട്ടാകെ വാടിത്തളർന്നുപോയി.

പാറിനടന്ന മിന്നാമിനുങ്ങോ
ഭൂവിലെ നക്ഷത്രമെന്നുറച്ചു
ഇക്കയ്യിലങ്ങെടുത്തോമനിച്ചു
ഞെങ്ങിഞെരുങ്ങി മരിച്ചുവീണു.

മാനത്തു കാണും ചുമന്ന സന്ധ്യ
മാനസം തന്നിലെ രാഗവായ്പെ-
ന്നോർത്തു ഞാൻ നിൽക്കവേ; സാന്ദ്രമേഘം
പാടെ മറച്ചു; ഇരുട്ടിലായി.

മൂഢസങ്കല്പമോ സൗഹൃദത്തിൽ
താങ്ങായി തോന്നിയ ജാള്യഭാവം
പാടെ മറന്നു ഞാൻ; മാനസത്തിൽ
സൂര്യകാന്തിപ്പൂവിരിഞ്ഞു വന്നു.

# ഒരു പ്രമാദമായ പെണ്ണ് കേസ്

**മാമ്പള്ളം വിജയൻ**
**9448312631, 9444540631**

"**ഏ**യ് നിങ്ങ പുഗീന്ന്. നമ്മണ്ടെ വിജിയേട്ടൻ അങ്ങനത്തെ ആളേ എല്ലാന്ന്."

കഥാനായകന്റെ വകയിലൊരു കസിൻ ആയ കുഞ്ഞപ്പൻ തന്റെ അല്പം മുതിർന്ന സഹോദരനിലുള്ള അഖണ്ഡവിശ്വാസം പ്രഖ്യാപിച്ചു.

"നാനെന്റെ കണ്ണുകൊണ്ട് കണ്ട കാരിയം പറഞ്ഞു. ഇഞ്ഞി നീയത് നമ്പിയാലെന്ത് നമ്പിയില്ലെങ്കെന്ത്."

കുട്ടിനേതാവ് ശിങ്കിടിക്ക് തന്നിലുള്ള വിശ്വാസക്കുറവിൽ അസഹിഷ്ണുത പ്രകടമാക്കി. അണികളെ കാര്യങ്ങൾ പറഞ്ഞു വിശ്വസിപ്പിക്കുന്നതിൽ അപാരസിദ്ധിയുണ്ടെന്ന് മുതിർന്ന നേതാക്കളുടെ പ്രശംസ പിടിച്ചുപറ്റിയ കുട്ടിനേതാവിന് ഈ വിഷയത്തിൽ എന്താണ് സംഭവിക്കുന്നത് എന്ന് പിടികിട്ടിയില്ല. ഈ കഥയിലെ നായകന്റെ നല്ല സ്വഭാവത്തെപ്പറ്റി ഇവർക്കെങ്ങിനെ ഈ അന്ധമായ വിശ്വാസം വന്നു വശായി എന്നയാൾ അത്ഭുതപ്പെട്ടു.

കഴിഞ്ഞ വെള്ളിയാഴ്ച കുട്ടി നേതാവ് തിരുവനന്തപുരത്തുനിന്നും മടങ്ങി വരികയായിരുന്നു. ബസ്സിലായിരുന്നു യാത്ര. സമയം വൈകുന്നേരം നാലര കഴിഞ്ഞുകാണും. ബസ് എറണാകുളത്ത് ജോസ് ജംങ്ഷനിൽ അല്പനേരം നിർത്തിയപ്പോൾ അയാൾ അവിശ്വസനീയമായ ഒരു കാഴ്ച കണ്ടു. നാട്ടിൽ തന്റെ നിയോജകമണ്ഡലത്തിലെ വിജയൻ എന്ന പ്രജ, ഒരു കറുത്ത, പുഷ്ടിയുള്ള, അല്പം പൊക്കം കുറഞ്ഞ സുന്ദരിയുമായി കൊഞ്ചിക്കുഴഞ്ഞ് വർത്തമാനം പറഞ്ഞുനിൽക്കുന്നു. സംഗതി അരങ്ങുതകർക്കുന്നത് 'ആ സ്ഥലത്ത്' ആണെന്ന അറിവ് കുട്ടിനേതാവിന് സാഹചര്യത്തെളിവായി. വണ്ടി പുറപ്പെടുന്നതിനുമുമ്പ് അയാൾ വിജയൻ എന്ന നല്ലപിള്ള എറണാകുളത്ത് ബിരുദാനന്തരപഠനമെന്നും പറഞ്ഞ് വന്ന് കാട്ടിക്കൂട്ടുന്ന ലീലാവിലാസങ്ങളുടെ ഏകദേശരൂപം വരച്ചിടുവാൻ കഴിഞ്ഞു. മനുഷ്യന്റെ തലച്ചോറിന്റെ അപാരസിദ്ധികളെപ്പറ്റി ശാസ്ത്രലോകത്ത് കാക്കത്തൊള്ളായിരം കൃതികളുള്ളതിനാൽ നമ്മുടെ നേതാവിന്റെ തലച്ചോറിൽ നടന്ന പ്രക്രിയയെപ്പറ്റി ഇവിടൊന്നും പറയുന്നില്ല.

ഇനി 'ആ സ്ഥലത്തെ'പ്പറ്റി വിശദമാക്കാം. മൊബൈലും മറ്റും പ്രചാരത്തിൽ വരുന്നതിനെത്രയോ മുമ്പ്, എൺപതുകളിൽ, നഗരത്തിലെ ഇടത്തരക്കാരുടെ ലൈംഗികത്തൊഴിലാളികൾ (വേശ്യകൾ എന്ന വാക്ക് പ്രയോഗിക്കുന്നതിൽ സാഹിത്യലോകത്തുള്ള പൊതുവിലക്ക് മാനിക്കുന്നു) അന്നന്നത്തെ ഇടപാടുകാരെ കണ്ടെത്തുകയും, വിലപേശിയുറപ്പിക്കുകയും ചെയ്യുന്നതിന് തിരഞ്ഞെടുത്ത ഇടമാണ് 'ആ സ്ഥലം'. അതിനെപ്പറ്റിയും അവിടെ വരാറുള്ള കഥാപാത്രങ്ങളെപ്പറ്റിയും, അവരുടെ ആകാര-വികാര-വിശേഷങ്ങളെപ്പറ്റിയും കുട്ടിനേതാവിന് മുന്നറിവുണ്ടായിരുന്നു. നേതാക്കന്മാരുടെ പൊതുവിജ്ഞാനശേഖരത്തിൽ ഇത്തരം കാര്യങ്ങൾക്ക് പ്രത്യേക സ്ഥാനമുണ്ടല്ലോ ! ഈ അറിവിന്റെ വെളിച്ചത്തിലാണ് കുട്ടിനേതാവ് വിജയൻ എന്ന നല്ലപിള്ള അഭിനയിച്ച രംഗത്തെപ്പറ്റി അധികമൊന്നും ആലോചിക്കാതെ ഒരു 'ശരി'യായ നിഗമനത്തിലെത്തിയത്.

നാട്ടിലെത്തിയ കുട്ടിനേതാവിന് ഈ സെൻസേഷനായ വാർത്ത യഥാവിധി വേണ്ടപ്പെട്ടവരെ അറിയിക്കാനുള്ള ധർമ്മബോധം ഉണ്ടായത് സ്വാഭാവികം മാത്രം. ഏതൊരു പൊതുപ്രവർത്തകനും അത്തരം വിശിഷ്ട സ്വഭാവം ഉണ്ടാവുമല്ലോ. അങ്ങിനെയാണ് നല്ലപിള്ളയുടെ കസിനായ കുഞ്ഞപ്പന് കുട്ടിനേതാവ് സംഭവത്തിന്റെ ഒരു നേർമുഖവർണ്ണന നൽകിയത്. കുഞ്ഞപ്പന് അതൊട്ടും വിശ്വസിക്കാനായില്ല. അതവൻ പ്രകടമാക്കിയതാണ് മേലേ വിവരിച്ച സന്ദർഭം. എന്നിരുന്നാലും കുട്ടിനേതാവിനെ അവിശ്വസിക്കുന്നതിലുള്ള വിഷമം അവനെ വല്ലാതെ വലച്ചു. ഭാഗ്യമെന്നു പറയട്ടെ, ഈ വിഷമസ്ഥിതിയിൽ നിന്നും മുക്തിയേകാനായി സാക്ഷാൽ കഥാനായകൻതന്നെ അടുത്ത വാരാന്ത്യത്തിൽ നാട്ടിൽ പ്രത്യക്ഷനായി. ടിയാനെ കുഞ്ഞപ്പൻ വഴിതടഞ്ഞു. കീഴെ കാണുംവിധം ഡയലോഗ് സംഭവിച്ചു.

"വിജിയേട്ടാ... നാമ്പറയിണത് കേട്ട് വെഷമം തോന്നണ്ടാ! നിങ്ങ എറണാകുളത്ത് ജോസ് ജംങ്ഷനിൽ പോയതിന്റെ മുമ്പിലെ വെള്ളിയാഴ്ച വൈന്നേരം ഒര് പെണ്ണിന്റെ കൂടെ കൂട്ടംകൂടിക്കൊണ്ട് നിന്നാ ?"

"നിന്നിട്ടിണ്ടാകാം. അത് ഒട്ടുമുക്കാലും ദിവസങ്ങളിൽ നടക്ക്ണ സംഗതിയാണ്ടാ. എന്താണ്ടാ അതിപ്പോ ത്ര കാരിയമായിട്ട് കേക്കേൻ?"

"നമ്മണ്ടെ കുട്ടിനേതാവ് നിങ്ങളിനെ അവടെ ഒര് പെണ്ണിന്റട്ത്ത് കൂട്ടംകൂടി നിക്ക്ണത് കണ്ടൂന്നും, അത് 'മറ്റേ' കേസാണെന്നും ഒക്കെ പറഞ്ഞു. അങ്ങോര് നൊണ പറയ്ണ ആളല്ലകെട്ടാ. എന്നാലും എയ്ക്ക് നമ്പാനായില്ലാന്ന്. നിങ്ങണ്ടെ കാരിയത്തില് അരിച്ചന്ദ്രൻ വന്ന് അങ്ങനെ പറഞ്ഞാലും നമ്പാൻ കൊറച്ച് പാടാണ്. ഏതായാലും നിങ്ങ വര്മ്പ കേട്ടിട്ട്തെന്നെ കാരിയംന്ന് നെനച്ചു.'

കഥാനായകൻ ഓർത്തു. ലേയ്ക്സൈഡ് ക്യാമ്പസിലെ ക്ലാസുകഴിഞ്ഞ് തൃക്കാക്കര ക്യാമ്പസിലെ ഹോസ്റ്റലിലേക്ക് അയാളുൾപ്പടെ അഞ്ചാണുങ്ങളും ഒരു പെണ്ണും പതി

വായി ജോസ് ജംങ്ഷനിൽ യൂനിവാഴ്സിറ്റി ബസ്സും കാത്ത് നില്ക്കാറുണ്ട്. അവരുടെ ബസ് പ്രതീക്ഷാസ്ഥലവും 'ആ സ്ഥലവും' ഒന്നാണ്. മിക്ക ദിവസങ്ങളിലും തങ്ങളുടെ 'മഹത്തായ' സാമ്പത്തിക കാരണങ്ങളാൽ ചുറ്റിക്കറങ്ങാനോ മറ്റു ഗതാഗതസൗകര്യമുപയോഗിക്കാനോ മിനക്കെടാതെ അയാളും ആ പെൺകുട്ടിയും മാത്രം യൂനിവാഴ്സിറ്റി ബസ്സ് കാത്ത് നില്ക്കാറുണ്ട്. അരമുക്കാൽ മണി നേരത്തെ ഇടപാടാണ്. ബസ്സ് വരുന്നതുവരെ ക്ലാസ്സിലെ സംഗതികളും, നാട്ടുവിശേഷങ്ങളും, പഠനവിഷയങ്ങളുമൊക്കെ സംഭാഷണത്തിൽ കടന്നുകൂടും.

ആ സ്ത്രീകഥാപാത്രത്തെപ്പറ്റി ചിലത് പറയാം. ശരീരം വളർന്നിട്ടുണ്ടെങ്കിലും മനസ്സിലും പെരുമാറ്റത്തിലും ഒരു ശിശുസഹജമായ നിഷ്കളങ്കത കൊണ്ടുനടക്കുന്ന ഒരസുലഭ കഥാപാത്രമാണവർ. കാൽപനികമായി പറഞ്ഞാൽ പഴയ സാഹിത്യത്തിലെ ഗ്രാമീണ നിഷ്കളങ്കതയുടെ മൂർത്തീഭാവം. നായകന്റെ സീനിയർ ആയിരുന്നു അവർ. അപാര പേടിയാണവർക്ക്. റോഡു മുറിച്ചുകടക്കുമ്പോൾ ഒപ്പമുള്ള ആൺ കുട്ടികളുടെ കയ്യിൽ കയറിപ്പിടിക്കുന്നത് നിത്യസംഭവമാണ്. അവരോട് ആൺകുട്ടികൾക്ക് അത്യന്തം വാത്സല്യവും ബഹുമാനവും കലർന്ന സ്നേഹമാണ്. ആ കഥാപാത്രത്തെ ബന്ധപ്പെടുത്തിയായിരുന്നു കുട്ടിനേതാവിന്റെ കഥ. കുഞ്ഞപ്പന്റെ സംശയനിവാരണത്തിനായി അയാൾ കഥ മുഴുവൻ പറഞ്ഞു. ഒടുവിൽ ഇങ്ങനെ ഉപസംഹരിച്ചു :

"എന്നേപ്പറ്റി നീയോ നിന്റെ നേതാവോ എന്തൊക്കെ വിജാരിച്ചാലും തെറ്റില്ല. അതൊക്കെ നടക്കാവുന്ന സംഗതികളെന്നെ. എന്നാൽ ആ പാവത്തിനെപ്പറ്റി അങ്ങനെ വേണ്ടാത്തത് വിജാരിച്ചാ ദൈവമ്പോലും പൊറുക്കില്ലകെട്ടാ..."

അടുത്ത ലീവിൽ നായകൻ നാട്ടിലെത്തിയപ്പോൾ കുട്ടിനേതാവിന്റെ അകാലനിര്യാണവാർത്തയറിഞ്ഞ് അയാൾ അത്ഭുതപ്പെട്ടു. അനല്പമായ വിഷമവും തോന്നി. നാല്പതു തികഞ്ഞിട്ടില്ലാത്ത അദ്ദേഹം നല്ല ഭാവിയുള്ള ഒരു പ്രവർത്തകനായിരുന്നു.

നായകൻ തന്റെ വാക്കുകൾ അറംപറ്റിയോ എന്നൊന്നും ചിന്തിച്ചതേയില്ല. നാട്ടിലുള്ള സകലരേയും പറ്റി ഭാവുകത്വമുള്ള ആരോപണങ്ങൾ ഉന്നയിക്കാനുള്ള മനുഷ്യരുടെ അമാനുഷിക കഴിവും, അത് നിരുപാധികം ഉൾക്കൊള്ളാനുള്ള സഹജീവികളുടെ അസാമാന്യ പ്രവണതയും, ഇതൊക്കെ ഫലവത്താക്കുവാൻ ഭരണഘടന നൽകുന്ന മൗലികാവകാശവും ആണ് നമ്മുടെ സമൂഹത്തിലെ മനോരഞ്ജനപരിസരം പുഷ്ടമാക്കുന്നത് എന്നും അയാൾ ചിന്തിച്ചില്ല. സ്വന്തമെന്നു കാണിക്കാൻ ഒരു മഹത്വവുമില്ലാത്തവർക്ക് മറ്റുള്ളവരിൽ തിന്മ ആരോപിക്കുന്നതിലൂടെ മാത്രമേ ഒരു ആപേക്ഷിക മൂല്യവർദ്ധന നേടാനാവൂ എന്ന വിഷയം അയാൾ വർഷങ്ങൾക്കുശേഷം സോഷ്യൽ സൈക്കോളജി വായിക്കുമ്പോഴാണ് വെളിവായത്. ഇന്നത്തെ രാഷ്ട്രീയത്തിന്റെ രസതന്ത്രവും ഇതുതന്നെയാണല്ലോ!


വ്യക്തികൾ ദൈനംദിനം നടത്തുന്ന (സത്യ)പ്രസ്താവനകളെ മുഖവിലക്കെടുക്കുന്നതിന് മതിയായ തെളിവുകൾ അന്വേഷിക്കേണ്ടതിന്റെ ആവശ്യം ഏതാണ്ട് ഇരുനൂറ്റമ്പത് കൊല്ലം മുമ്പുതന്നെ ഡേവിഡ് ഹ്യൂം എന്ന മഹാൻ എഴുതിയിരുന്നത് അയാൾ ഈയിടെ ഒരു പ്രഭാഷണത്തിൽ* കേട്ടപ്പോൾ മേൽപ്പറഞ്ഞ സംഭവം സ്മരണയിലെത്തി. കാള പെറ്റെന്നു പറയുംമുമ്പേ കയറെടുക്കുന്ന ത്വരക്ക് മൂക്കുകയറിടണമെന്നാണ് അദ്ദേഹം ആഹ്വാനം ചെയ്തത്. കുഞ്ഞപ്പൻ ഹ്യൂം പറഞ്ഞകാര്യം അക്ഷരംപ്രതി അനുവർത്തിച്ചു എന്നത് ആശ്വാസകരമായ ഒരു സംഗതിയായി അയാൾക്ക് തോന്നി.

***കുറിപ്പുകൾ***

*Dr Allan Hazlett, 7-1-Part -1, Introduction to Hume on Testimony and Miracles, Introduction to Philosophy, Coursera Online Course, University of Edinburgh.

■ കഥ

# ഫാത്തിമയുടെ കണ്ണീർ





അബ്ദുറബ്ബ്
9400227780


**അ**വൾ അങ്ങിനെയാണ്. എല്ലാ ദിവസവും നേരത്തേ സ്കൂളിലെത്തും. പഠിക്കാനും അവൾ മിടുക്കി തന്നെ. എപ്പോഴും ചിരിക്കുന്ന മുഖവുമായി സ്കൂളിന്റെ വരാന്തകളിൽ ഓടിനടക്കും. അതുകൊണ്ടുതന്നെ എല്ലാ അധ്യാപകർക്കുമവൾ കുസൃതിക്കുടുക്ക തന്നെ. വീട്ടിലെ പരാധീനതകളും പ്രശ്നങ്ങളുമൊന്നും ആ മൂന്നാം ക്ലാസ്സുകാരിയുടെ മുഖത്ത് കാണാറേയില്ല. അന്നൊരു ദിവസം അവൾ ഏറെ വൈകിയാണ് സ്കൂളിലെത്തിയതും ക്ലാസ്സിൽ പോയതും. ക്ലാസ് ടീച്ചറാവട്ടെ രണ്ടു മൂന്നു ദിവസം മുൻപ് സ്കൂളിലെ മുതിർന്ന കുട്ടികൾ ടീച്ചറോട് ചോദിക്കാതെ പുറത്തുപോയി ചില പ്രശ്നങ്ങളുണ്ടാക്കിയ മൂടിലും.

ക്ലാസ്സിലെത്തിയ ഉടനെ ടീച്ചറുടെ അല്പം ദേഷ്യത്തോടെയുള്ള ചോദ്യം. "എവിടെയായിരുന്നു ഇത്രയും നേരം?" അവൾ നടന്നതെല്ലാം പറഞ്ഞു. ബസ് സ്റ്റോപ്പിലെത്തുമ്പോഴേക്കും ബസ് പോയി. ഏറെ നേരം ബസ് സ്റ്റോപ്പിൽ നിൽക്കുന്നത് കണ്ട ഒരു ഓട്ടോമാമനാണ് തന്നെ സ്കൂളിലെത്തിച്ചത്. കേൾക്കേണ്ട താമസം ടീച്ചർ ആ കുഞ്ഞുമുഖത്തു നോക്കി പൊട്ടിത്തെറിച്ചു. കണ്ടവിടെയെല്ലാം പോയിരുന്ന് കണ്ടവരോടൊപ്പം വന്നിരിക്കുന്നു. കടന്ന് പോ ഇവിടന്ന്. നിഷ്കളങ്കമായ ആ മുഖത്തുനോക്കി ടീച്ചറുടെ ആക്രോശം. ആ പിഞ്ചുശരീരത്തിൽ ചേർത്തുവെച്ച മനോഹരമായ സ്കൂൾ ബാഗുമായി നിറമിഴികളാൽ സ്കൂളിന്റെ പടിയവളിറങ്ങി. മുതിർന്ന കുട്ടികൾ ചെയ്ത തെറ്റിന്ന് ഈ പിഞ്ചുബാല്യം പിഴയീടാക്കേണ്ടിവന്നതോർത്ത് നെടുവീർപ്പിട്ട് നിൽക്കാനേ മറ്റുള്ളവർക്കായുള്ളുവന്ന്.

# അനുഭവം ഗുരു



ടി. വി. നാരായണൻ കുട്ടി
9446030344

എന്നത്തേയും പോലെ അന്നും അയാൾ അതിരാവിലെ തന്റെ ഒരേയൊരു സമ്പാദ്യമായ തുണി സഞ്ചിയും ഇടത്തെ തോളിലിട്ട് നടത്തം തുടങ്ങി. സഞ്ചിയിൽ മാറ്റിയുടുക്കാനുള്ള ഒരു സെറ്റ് വസ്ത്രങ്ങളല്ലാതെ മറ്റൊന്നുമില്ല. കുറേക്കാലം വരെ തന്റെ അച്ഛനമ്മമാരുടെ ഒരു ഫോട്ടോ കൂടി ഉണ്ടായിരുന്നു. പിന്നെ പിന്നെ, അത് മങ്ങലേറ്റ്, ഒടുവിൽ ഒന്നും തിരിച്ചറിയാതായപ്പോൾ അതുപേക്ഷിച്ചു. ഇപ്പോൾ അവരുടെ മുഖങ്ങൾ കൂടുതൽ തെളിമയോടെ മനസ്സിലുള്ളത് മാത്രം ബാക്കി. അത് മായുന്നത്, തനിക്ക് ഓർമ്മശക്തി നശിക്കുമ്പോഴോ, അതല്ലെങ്കിൽ തന്റെ ജീവൻ മരണം കവർന്നെടുക്കുമ്പോഴോ മാത്രം. കാരണം അവരായിരുന്നു അയാളുടെ ദൈവം. അച്ഛനിടക്കിടെ പറയാറുള്ളത് ഇന്നും അയാളുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടേയിരിക്കുന്നു.

'എല്ലാം ദൈവം തരുമെന്ന് പറഞ്ഞുനടക്കുന്നവർ മടിയന്മാരാവുകയേ ഉള്ളു. അസുഖം വന്നാൽ ചികിത്സിക്കണം. അതിന് വയ്യാത്തവർ അസുഖം വരാതെ നോക്കണം. അസുഖം ചികിത്സിച്ച് ഭേദമാക്കിയ ഡോക്ടറെ ദൈവമായി കാണുന്നതിൽ തെറ്റില്ല. ഡോക്ടറല്ല, പകരം ദൈവമാണ് രക്ഷിച്ചതെന്ന് പറയുന്നവർ പമ്പര വിഡ്ഢികൾ. മാത്രമല്ല ഓരോരുത്തരും അനുഭവിക്കുന്നത് സ്വന്തം കർമ്മഫലമാണ്. നല്ല കർമ്മം ചെയ്യുന്നവനേ മനസ്സമാധാനവും, മറ്റുള്ളവരിൽ നിന്ന് സ്നേഹവും ലഭിക്കയുള്ളു. അങ്ങോട്ട് നൽകുന്നതേ ഇങ്ങോട്ട് കിട്ടാനും, ആഗ്രഹിക്കാവൂ.' ഈ വാക്കുകളും, ഇതിലൂടെ ലഭിച്ച വിശ്വാസവും തന്റെ മനസ്സിൽ പണ്ടുമുതലേ വേരോടിയിരുന്നു. മാത്രമല്ല ഇതെല്ലാം സത്യമാണെന്ന് തനിക്ക് തന്റെ ഇത്രയും കാലത്തെ ജീവിതത്തിൽ നിന്ന് മനസ്സിലാവുകയും ചെയ്തു.

അച്ഛന്റേയും അമ്മയുടേയും അടുത്തടുത്തായുള്ള മരണങ്ങൾ, പിന്നീട് തികച്ചും ഒറ്റയാനായി അയാൾക്ക് ജീവിക്കേണ്ടിവന്നു. രണ്ട് പെങ്ങന്മാരായിരുന്നു. അവരുടെ കുടുംബം കുറേ അകലെ; അവർക്കും ഒരുപാട് പ്രയാസങ്ങൾ. അറിഞ്ഞപ്പോൾ വീടും പറമ്പും രണ്ടുപേർക്കുമായി വീതിച്ച് നൽകി, നാട് വിട്ടതാണ്. പെങ്ങന്മാർ പലതവണ ക്ഷണിച്ചതാണ്. ഇഷ്ടക്കുറവുണ്ടായിട്ടല്ല, അവർക്കൊരു ഭാരമാകാൻ മനസ്സ് സമ്മതിച്ചില്ല. പിന്നെ തനിക്ക് ഭാര്യയും, കുടുംബവും. ഒന്നും ഇല്ലാത്തതും ഇങ്ങിനെയൊരു തീരുമാനമെടുക്കാൻ രണ്ടാമതൊന്നാലോചിക്കേണ്ടിവന്നില്ല.

ഏതാണ്ടൊരെഴുപത് വയസ്സുവരെ ചില്ലറ ജോലികൾ ചെയ്ത് ജീവിച്ചു. പിന്നീട് ശരീരം സമ്മതിക്കാത്ത അവസ്ഥ വന്നു. അന്നുതൊട്ട് തുടങ്ങിയതാണ് എന്നും രാവിലെയുള്ള ഈ യാത്ര. കൂടുതലായി സൂക്ഷിച്ചുവെക്കുന്ന സ്വഭാവം പണ്ടുമുതൽക്കേ ഇല്ലായിരുന്നു. കാരണം കൈയിൽ കൂടുതൽ കാശുണ്ടെങ്കിലും മടിയനാകുമെന്ന വിശ്വാസം തന്നെ. ജോലിയുള്ള കാലത്ത് ജോലിസ്ഥലത്ത് തന്നെയാണ് രാത്രി കഴിച്ചുകൂട്ടിയിരുന്നത്. ആരോഗ്യം അല്പം ക്ഷയിച്ചതുമുതൽ, എന്നും ഉറങ്ങാറുള്ള കടയുടെ മുമ്പിൽ നിന്ന് അതിരാവിലെ എഴുന്നേറ്റ് തൊട്ടടുത്തുള്ള തോട്ടിൽ നിന്ന് ദേഹശുദ്ധി വരുത്തി, തലമുടി കൈകൾ കൊണ്ട് മാടിയൊതുക്കി. ഏതാണ്ടൊരാറു മണിയോടെ അയാൾ പട്ടണത്തിലേക്ക് നടക്കും.

വയസ്സ് 80 കഴിഞ്ഞെങ്കിലും ഇന്നും അതിന്നൊരു മാറ്റവുമില്ല. ഓരോ ദിവസവും മാറി മാറി പല ദിശകളിലേക്കാണ് നടത്തം. എന്തെങ്കിലും ചോദിച്ച് വാങ്ങുന്ന സ്വഭാവവും ഇയാൾക്കില്ല. പലരും അറിഞ്ഞ് വല്ലതും കൊടുക്കും. അത് വാങ്ങും. ഒരു ദിവസത്തെ ഭക്ഷണത്തിനുള്ളത് തികഞ്ഞാൽ, പിന്നെ ആര് കൊടുത്താലും വാങ്ങാറുമില്ല. അതുകൊണ്ടുതന്നെ ചിലർക്കൊക്കെ ഇയാളൊരു അത്ഭുതമായിരുന്നു. എല്ലാവരും അയാളെ പ്രസന്നത നിറഞ്ഞ മുഖത്തോടു കൂടിയേ കണ്ടിട്ടുള്ളു.

അന്നും പതിവുപോലെ അയാളിറങ്ങി. ബസ് സ്റ്റാന്റിന്നടുത്തെത്തിയപ്പോൾ റോഡരികിലൊരു പേഴ്സ് അയാളുടെ ശ്രദ്ധയിൽ പെട്ടു. കുനിഞ്ഞയാൾ അതെടുത്തു. നല്ല കനം. അയാളത് തുറന്നുനോക്കി. നിറയെ രണ്ടായിരത്തിന്റെ നോട്ടുകൾ ! എത്രയാണെന്നൊന്നും നോക്കാനയാൾ മെനക്കെട്ടില്ല. ഉടമസ്ഥന്റെ വല്ല വിവരവും ലഭിക്കാനായി അയാൾ പേഴ്സ് വീണ്ടും സൂക്ഷ്മമായി പരിശോധിച്ചു. ഒരു വിസിറ്റിംഗ് കാർഡയാളുടെ ശ്രദ്ധയിൽ പെട്ടു. പോലീസിനെ വിവരമറിയിക്കാനയാൾ ശ്രമിച്ചില്ല. മനപ്പൂർവ്വമല്ല, വിവരമറിഞ്ഞാൽ, തന്റെ വേഷം കണ്ട് താനത് കട്ടതാണെന്നൊക്കെ അവർ പറയാനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്നയാൾക്കുതോന്നി. അതല്ലെങ്കിൽ പേഴ്സ് ഉടമസ്ഥന് കൈമാറുമ്പോൾ തന്നെയും കൂടെ നിർത്തി, തന്റെ സത്യസന്ധത തെളിയിക്കാൻ, ഫോട്ടോയെടുത്ത് പത്രത്തിൽ കൊടുത്തേക്കും. അതിലും തനിക്ക് താല്പര്യമില്ല. അതുകൊണ്ടുതന്നെ അയാൾ, പേഴ്സ് തന്റെ തുണി സഞ്ചിയിൽ ഭദ്രമായി വെച്ച്, സഞ്ചി കൈ കൊണ്ട് ദേഹത്ത് ചേർത്തുപിടിച്ച്, വിസിറ്റിങ്ങ് കാർഡുമായി തൊട്ടടുത്ത ഫോൺ ബൂത്തിലേക്ക് നടന്നു.

ഫോൺ ചെയ്തപ്പോൾ ഭാഗ്യത്തിന് ആളെ കിട്ടി. പേരന്വേഷിച്ചപ്പോൾ വിസിറ്റിങ്ങ് കാർഡിലെ പേര് തന്നെ കേട്ടപ്പോൾ ആൾ, ഉടമസ്ഥൻ

തന്നെയെന്നയാൾ ഉറപ്പുവരുത്തി. കാര്യം പറഞ്ഞ്, സ്ഥലം പറഞ്ഞ് അയാൾ ഫോൺ വെച്ച്, പുറത്തിറങ്ങി, ഉടമയെ കാത്തിരുന്നു. അല്പം കഴിഞ്ഞ് അകലെ റോഡരികിലൊരു ബൈക്ക് വന്ന് നിന്നു. അയാൾ പതുക്കെ നടന്ന് വണ്ടി നമ്പറും നിറവും പരിശോധിച്ചു. ഫോണിലൂടെ പറഞ്ഞ നമ്പറും, നിറവും ശരിയാണെന്നുറപ്പുവരുത്തി. പതുക്കെ നടന്നയാൾ ബൈക്കിനടുത്തെത്തി.

''ലോഹിതാക്ഷനല്ലേ ?''

''അതെ, നിങ്ങളാരാ ?'' അല്പം പ്രാകൃതനായ അയാളെ കണ്ടപ്പോൾ ലോഹിതാക്ഷന് സംശയം തോന്നി.

''നിങ്ങൾക്ക് ഫോൺ ചെയ്തത് ഞാനാ.''

ലോഹിതാക്ഷൻ അത്ഭുതത്തോടെ അയാളെ നോക്കി.

''ഇത് നിങ്ങളുടേതല്ലേ ?'' അയാൾ പേഴ്സ് നീട്ടി.

ധൃതിയിൽ അത് വാങ്ങി ഒന്ന് നെടുവീർപ്പിട്ടു. ''ഇത് പോയെന്ന് കരുതിയതാ.'' ലോഹിതാക്ഷന്റെ മുഖത്ത് എന്തെന്നില്ലാത്ത സന്തോഷം.

''എന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കൂ.'' അയാൾ പറഞ്ഞു. വിസിറ്റിങ്ങ് കാർഡൊഴികെ മറ്റെല്ലാമുണ്ടെന്ന് മറുപടി കേട്ട ഉടനെ അയാൾ പറഞ്ഞു, ''ഇനി ഇതെനിക്കാവശ്യമില്ല.'' അയാൾ വി സിറ്റിംഗ് കാർഡും നൽകി.

പെട്ടെന്നെന്തോ ഓർത്ത പോലെ ലോഹിതാക്ഷൻ പേഴ്സിൽ നിന്നൊരു രണ്ടായിരം രൂപയെടുത്ത് അയാളുടെ വലതുകൈ പിടിച്ചതിൽ വെച്ചുകൊടുത്തു. അയാളുടെ മുഖത്തൊരു ചിരി പടർന്നു. അയാൾ അപ്പോൾ തന്നെ പൈസ തിരിച്ചേൽപ്പിച്ചു. എന്നിട്ടൊരു ചോദ്യം. ''ഒറ്റ രൂപയുണ്ടോ, കൈയ്യിൽ, നിങ്ങൾക്ക് ഫോൺ ചെയ്ത കാശാ, അത് മതി.''

''എന്റെ സന്തോഷത്തിനാണെന്ന് കരുതിയാൽ മതി.'' ലോഹിതാക്ഷൻ നിർബന്ധിച്ചു.

''എനിക്കാരേയും സന്തോഷിപ്പിക്കാൻ താല്പര്യമില്ല; ഇത് ഞാൻ വാങ്ങിയാൽ അതെനിക്കൊരു ബാധ്യതയാകും.'' അതുപറഞ്ഞ് തീരും മുമ്പയാൾ തിരിഞ്ഞു നടന്നു. അയാളുടെ ഈ പ്രതികരണം ലോഹിതാക്ഷൻ തീരെ പ്രതീക്ഷിച്ചിരുന്നില്ലെന്ന് തോന്നി.

ബൈക്കിൽ കയറി മടങ്ങുമ്പോൾ, ലോഹിതാക്ഷന്റെ മനസ്സിന്റെ കോണിൽ ആ വൃദ്ധമനുഷ്യന്റെ കണ്ണുകളിലെ തിളക്കവും മുഖത്തെ നിശ്ചയ ദാർഢ്യവും നിറഞ്ഞ, മായ്ക്കാനാവാത്ത വിധത്തിലൊരു മുഖചിത്രം കോറിയിട്ടിരുന്നു.

°

■കവിത



വിശ്വനാഥൻ
9496295466

# കല്പതരു

തോരാതെ പെയ്യുന്ന പെരുമഴയും
തീരാതെ തിങ്ങുന്ന ദുരിതങ്ങളും
കരയാതെ വിങ്ങുന്ന ഹൃദയങ്ങളും
കരുതലോടെയിരിക്കാത്ത മാസങ്ങളും

ഉഴയ്ക്കുവാനാവാത്ത കരങ്ങളും
അഴൽ തീണ്ടാത്ത ജീവിതവും
ഇഴപൊട്ടിയ ഉടുവസ്ത്രവും
പഴകി പിഞ്ഞിയ മോഹങ്ങളും

ഫലം തരുമെന്നു കരുതിയ കല്പവൃക്ഷവും
കാലപ്പഴക്കത്തിൽ കന്യകയായിരിക്കുന്ന ഭാര്യയും
തൂലിക ചലിപ്പിക്കാനാകാത്ത അംഗുലിയും
വിലയില്ലാത്ത കാല്പനിക വ്യാമോഹങ്ങളും

കളകൾ നിറഞ്ഞ നെൽവയലുകളും
അളകങ്ങൾ ഒഴിഞ്ഞ നെറ്റിത്തടവും
എളിമയിൽ വിരിയും കമലദളം പോൽ
തെളിനീരിൻ പൂർണ്ണമായ് വിശുദ്ധമാക്കണം.

■പാചകം

ജയാചന്ദ്രൻ
8593949935



# ചായമൻസ

(മെക്സിക്കൻ ചീര)
ചേർത്ത ചപ്പാത്തി ചേരുവകൾ

***ചേരുവകൾ :***

1. ചായമൻസയുടെ ഇല
   ചെറുതായരിഞ്ഞ് 2 സ്പൂൺ
   വെള്ളത്തിൽ വേവിച്ചെടുത്തത് $^{3}/_{4}$ കപ്പ്
2. ഗോതമ്പുമാവ് - 2 കപ്പ്
3. കുരുമുളക് ചതച്ചത് - 1 സ്പൂൺ
4. ജീരകം - $^{1}/_{2}$ സ്പൂൺ
5. ഉപ്പ് - പാകത്തിന്
6. എണ്ണ - ആവശ്യത്തിന്

***പാകം ചെയ്യുന്ന വിധം***

ഒന്നുതൊട്ട് അഞ്ചുവരെയുള്ള ചേരുവകൾ ചെറുചൂടുവെള്ളത്തിൽ ചപ്പാത്തിക്ക് പാകത്തിൽ കുഴച്ചെടുക്കുക. 10 മിനുട്ട് വെച്ച ശേഷം നേർത്ത ചപ്പാത്തി ലേശം എണ്ണ ഒഴിച്ച് ചുട്ടെടുക്കുക.

***കുറിപ്പ്***

ചായമാൻസയുടെ ഇലക്ക് പ്രമേഹരോഗത്തെ കുറയ്ക്കാൻ കഴിവുണ്ടെന്ന് പറയുന്നു. ഇത് കറിയില്ലാതെയും കഴിക്കാൻ പറ്റുന്നതാണ്.

■ കവിത

# നദികൾ ആകാശം തുന്നുന്നു



സ്റ്റെല്ല മാത്യു
വയനാട്
9447398224

അവരെല്ലാം കരയിലായിരുന്നു.
അവൾ പുഴയിലേക്കിറങ്ങുന്നത്
അവരെല്ലാം കണ്ടതായിരുന്നു.
മറ്റേങ്ങോ ആയിരുന്ന
അവരുടെ ചലനങ്ങൾ
തിരിഞ്ഞുനോട്ടത്തിൽ പോലും
അവ്യക്തമായ
അപ്പൂപ്പൻ താടി പോലെയിരുന്നു.
അവൾ ഇറങ്ങിപ്പോയി.
ഒറ്റയായി പെയ്തു പെയ്തുപോയി.
നിങ്ങളെപോലെ അവരും
എന്തെങ്കിലും പ്രതീക്ഷിച്ചിരിക്കണം.
അതുകൊണ്ടാവാം
പിറ്റേന്നാദ്യം എത്തിയത്.
നേരം വെളുത്തു
വരുന്നതെയുള്ളൂ.
ഇല കാറ്റ് പൊടി
താഴ്വാരം തട്ടിക്കുടഞ്ഞ്
അവൾ അലക്കി വിരിച്ച
ചുവപ്പ്കര പടർന്ന തോർത്ത്
കാണിച്ച് കൊടുത്ത് പുഴ
തടയണകൾ തകർത്ത്
പൊട്ടിച്ചിരിച്ചു..

■ അനുഭവം

# വാഗമൺ
## ഒരു സ്വപ്നതീരം



മനോഹരി സി. ബി
9400681668

**വ**ളരെ ഉയരത്തിൽ വളർന്ന് ആകാശത്തേക്ക് പച്ചപ്പുപടർത്തി ചിട്ടയോടെ വളർന്നുനിൽക്കുന്ന പൈൻ മരങ്ങൾ. സൂര്യന്റെ കിരണങ്ങൾ ഭൂമിയിലേക്ക് കടത്തി വിടാതെ തന്റെ പച്ചപ്പടർപ്പിൽ തടഞ്ഞു നിർത്തിയിരിക്കുന്നതിനാൽ അന്തരീക്ഷത്തിന് പച്ചപ്പുകലർന്ന അരണ്ട നിറം. എയർ കണ്ടീഷണർ ഓൺ ചെയ്തു വെച്ചപോലെ കുളിരുന്ന തണുപ്പ്. എങ്ങും നിശബ്ദത. വാഗമൺ - ഈ സുന്ദര ഭൂമിയിൽ ഞാൻ ഇന്ന് വീണ്ടും എത്തിയിരിക്കുന്നു. പണ്ടെന്നോ പറഞ്ഞുവെച്ച ഒരു വാക്കു പൂർത്തീകരിക്കാനെന്ന പോലെ...

അന്ന് ഈ മരങ്ങൾക്ക് ഇത്രയും വലിപ്പമുണ്ടായിരുന്നില്ല. വെറും തൈ മരങ്ങൾ. ഞങ്ങളെപ്പോലെത്തന്നെ. കോളേജിൽ പഠിക്കുന്ന കാലഘട്ടമായിരുന്നു അത്. പലരും വർണ്ണിച്ചുകേട്ടുള്ള ഒരു ആവേശത്തിലായിരുന്നു അന്നു ഞങ്ങൾ ഇവിടെ കാണാൻ എത്തിയത്. സീസണല്ലാത്തതിനാൽ കാര്യമായി കാഴ്ചക്കാരാരും ഉണ്ടായിരുന്നില്ല. ബസ്സിറങ്ങി നടന്നു വരുമ്പോൾ തന്നെ നാലുപുറവും സുന്ദരമായ മൊട്ടക്കുന്നുകളുടെ പരമ്പരയാണ് കണ്ടത്. അവ ഒന്നിനോടൊന്ന് ചേർന്ന് ഏറെ ദൂരം വ്യാപിച്ചുകിടക്കുന്നു. പൈൻ മരങ്ങൾ വളർന്നുനില്ക്കുന്നതും നിരവധിയായ അത്തരം കുന്നുകളിന്മേൽത്തന്നെയാണ്.

നിമ്നോന്നതമായ ആ കുന്നിൽ ചെരുവുകളിൽ കൂടി പൈൻ മരങ്ങൾക്കിടയിലൂടെ ഞങ്ങൾ അലക്ഷ്യമായി നടന്നു. എത്രയോ ദൂരം, എത്രയോ നേരം. നടക്കുംതോറും മുന്നിലുള്ള കാഴ്ചകൾ ഞങ്ങളെ അടുത്തേക്ക് മാടിവിളിച്ചുകൊണ്ടേയിരുന്നു. ചില കുന്നിൻചെരിവുകൾ തമ്മിൽ യോജിക്കുന്നിടത്ത് വലിയ ഗർത്തങ്ങളും ഉണ്ടായിരുന്നു. അവസാനം തളർന്നുപോയെന്നു തോന്നിയപ്പോൾ ഒരു മരച്ചുവട്ടിൽ ഞങ്ങൾ ഇരുന്നു. ബാഗിൽ നിന്നും അല്പം വെള്ളം എടുത്തുകുടിച്ചശേഷം എത്ര നേരം ആ ഇരുപ്പുതുടർന്നു എന്നറിയില്ല. കുളിരുന്ന തണുപ്പിൽ ഒന്നുമയങ്ങിപ്പോയെന്നു തോന്നുന്നു. പെട്ടെന്ന് വാച്ചിൽ നോക്കിയപ്പോഴാണ് സമയം സന്ധ്യയാകാൻ തുടങ്ങുന്നു എന്നറിഞ്ഞത്. അവിടുത്തെ ആ പ്രത്യേക അന്തരീക്ഷത്തിൽ സമയം കണക്കാക്കാൻ കഴിയുകയില്ല. എല്ലായ്പ്പോഴും അരണ്ട പ്രകാശം തന്നെ. ഞങ്ങൾ ചാടിയെഴുന്നേറ്റു. പിന്നെ ബസ് സ്റ്റോപ്പിലേക്കൊരോട്ടമായിരുന്നു. പോകുന്ന വഴിയിൽ ചില ആഹാരസാധനങ്ങൾ വില്ക്കുന്ന തെരുവോരകച്ചവടക്കാർ തങ്ങളുടെ അന്നത്തെ കച്ചവടം നിർത്തി എല്ലാം കൂട്ടിക്കെട്ടിവെക്കുന്ന തിരക്കിലായിരുന്നു. ഞങ്ങൾ അവരെയൊന്നും ഗൗനിക്കാതെ വേഗത്തിൽ കൈകോർത്തുപിടിച്ചോടിപ്പോയി. ആ തിരക്കിനിടയിലും ഞങ്ങൾ പറഞ്ഞു; ഭാഗ്യമുണ്ടെങ്കിൽ ഇനിയും നമുക്കിവിടെ വരണം. പുറപ്പെടാൻ സ്റ്റാർട്ടാക്കി നിർത്തിയിരിക്കുന്ന ട്രാൻസ്പോർട്ട് ബസ്സിൽ കയറിക്കൂടാനായത് ഭാഗ്യം കൊണ്ടുമാത്രമായിരുന്നു.

വർഷങ്ങൾക്കുശേഷം ഇന്നിവിടെ ഞങ്ങൾ വീണ്ടും വന്നിരിക്കുന്നു. ആ പഴയ വാക്ക് പൂർത്തീകരിക്കാനെന്ന പോലെ; ഒറ്റക്കല്ല ഒരു കൂട്ടം വിദ്യാർത്ഥികളോടൊപ്പം. വിദ്യാർത്ഥികൾ കൂട്ടം കൂട്ടമായി പൈൻ മരക്കാടുകളെ ചവിട്ടിമെതിക്കാൻ തുടങ്ങിയപ്പോൾ ഞങ്ങൾ പണ്ടുവന്നിരുന്ന സ്ഥലവും വൃക്ഷച്ചുവടും തിരഞ്ഞുനടന്നു ഞാൻ. ഒടുവിൽ ആ

സ്ഥലം കണ്ടെത്തുക തന്നെ ചെയ്തു. വൃക്ഷം ഏറെ വളർന്നിരിക്കുന്നു. പ്രാപ്തനായ ഒരുവനെപ്പോലെ തലയുയർത്തി നില്ക്കുന്നു. ഒരുപക്ഷേ ആ വൃക്ഷവും ഞങ്ങളെനോക്കി നിശ്ശബ്ദമായി ഇപ്രകാരം തന്നെ പറഞ്ഞിരിക്കാം. ഞങ്ങൾ ആ മരത്തിൽ ചേർന്നുനിന്ന് ഒരു സെൽഫിയെടുത്തു. പണ്ട് ക്യാമറയും മൊബൈലുമെല്ലാം അപ്രാപ്യമായിരുന്നതിനാൽ പഴയതുമായി ഒത്തുനോക്കാൻ ഒരു ഫോട്ടോ പോലും എന്റെ പക്കലുണ്ടായിരുന്നില്ല. എന്നാൽ എന്റെ മനസ്സിന്റെ ക്യാൻവാസിൽ പതിഞ്ഞുകിടന്ന ഒരു ചിത്രംമാത്രം എക്കാലത്തേക്കുമായി ഞാൻ സൂക്ഷിച്ചുവെച്ചിരുന്നു. അതിൽ ഞങ്ങളും ആ പൈൻ മരങ്ങളും യുവാക്കളായിരുന്നു. മരങ്ങൾ വളർന്നതോടെ ഇവിടുത്തെ കുളിരും ഇരുളും ഒന്നുകൂടി വർദ്ധിച്ചിരിക്കുന്നു. അന്നും ഇന്നും ഇവിടം മനം മയക്കുന്ന സുന്ദരതീരം - എന്റെ പ്രിയപ്പെട്ട വാഗമൺ.



■ കവിത

വിജയൻ കല്ലട
9605407260

## താരകളോട്

അന്തിയിൽ മാനത്തെന്നും പൊന്തും
ചന്തം തികയും താരകളേ
മാനത്തിങ്ങനെയൊരുമിച്ചെത്തി
മിന്നിത്തെളിയുവതെന്തിന്നായ്?
ചുറ്റും നിറയുന്നിരുളിനെ മാറ്റി
ചെറ്റു വെളിച്ചം പകരാനോ ?
ഇരവിൽ മുഴുവൻ മിന്നിത്തെളിയാൻ
ഇന്ധനമെങ്ങനെ കിട്ടുന്നു ?
നേരം പുലരും നേരത്തെന്നും
നേരെ പോകുവതെങ്ങോട്ടാ...?
കാറുകൾ മാനത്തെത്തുന്നേരം
പേടിച്ചോടുവതെങ്ങോട്ടാ ?
രാവിൽ മർത്ത്യന് വെട്ടം പകരാൻ
മിന്നുവതാണോ ചങ്ങാതി ?
പകലിലൊളിയ്ക്കാനിടമുണ്ടെങ്കിൽ
പറയൂ ഞാനും പോരട്ടോ ?
എന്നും രാത്രിയിലിങ്ങനെ മിന്നി-
പ്പറയുവതെന്താ ചങ്ങാതി ?
പരോപകാരം ചെയ്യണമെന്നൊരു
സത്യം നാട്ടാർക്കോതാനോ ?



# കാലചക്രം



സുഗുണ സന്തോഷ്
9843320445

**ഉ**റയ്ക്കാത്ത കാൽച്ചുവടുകൾ ഊന്നിയുറപ്പിച്ച്, തഴമ്പുകൾ ആധിപത്യം സ്ഥാപിച്ച കൈകളിൽ ഒരു ഊന്നു വടിയുമായി, പൊള്ളുന്ന വെയിലിനോട് പരിഭവം പറയാതെ, മുഖമാകെ അകതരണിയുടെ ക്രൂരമായ പാടുകളോടെ മുഷിഞ്ഞ വേഷവും താടിയും, ഒരു ഭാണ്ഡവുമായി അയാൾ ആ കവലയിൽ എത്തി. അതെ ഒറ്റ നോട്ടത്തിൽ ഒരു യാചകൻ തന്നെ. ജീവിതപ്പാതയിലൂടെ ലക്ഷ്യം നോക്കി ഓടുന്ന ആരും അയാളെ കണ്ടില്ല. അല്ല... കണ്ട ഭാവം നടിച്ചില്ല.

ലക്ഷ്യം ഇല്ലാതെ എങ്ങോട്ടെന്നില്ലാതെ ചുവടുകൾ പതിയെ ഊന്നി അയാൾ ആ കടത്തിണ്ണയിലെത്തി. ഊന്നുവടി അരികത്ത് ചാരി നിർത്തി, ചുമരു ചാരി ഇരുന്നു. ഒളി മങ്ങിയ കൺകളിൽ നിസ്സഹായതയുടെ നീരോട്ടം. വയറ്റിൽ ഊതി ഊക്കം നൽകിയ തീയിൽ താളിച്ച വിശപ്പിന്റ രുചി. വിറക്കുന്ന കാലുകൾ. വറ്റി വരണ്ട അധരങ്ങൾ.

ഇതുവരെ ആരും പറയാത്ത കഥയിലെ നായകനായിരിക്കണം അദ്ദേഹം. കണ്ണുകൾ ഇറുക്കി അടച്ച് അദ്ദേഹം വിശപ്പിന് താക്കീതു നൽകി. മുതുകിന് താങ്ങായ ആ ചുമരിനോട് മനസുകൊണ്ട് നന്ദി പറഞ്ഞ് നിദ്രയിലേക്ക് ഊർന്നിറങ്ങി.

* * * * *

നീറുന്ന നൊമ്പരത്തിന്റ തീച്ചൂള കത്തിയെരിയുന്നുണ്ടാ മനസിൽ, വണ്ടി വളയം പിടിച്ച് കുടുംബം പോറ്റിയവന്റ കഥയുണ്ട്, മകനെ മിഴിയിണകൾക്കുള്ളിൽ സ്നേഹത്തിന്റെ താഴിട്ടു പൂട്ടി വളർത്തി ലോക തോൽവിയേറ്റുവാങ്ങിയ ഒരുവന്റെ കഥയുണ്ട് സ്വയം വിധിയുടെ കൈകളിൽ പൊട്ടി ചിതറിയ ചില്ലു പാത്രം പോലെ, വലിച്ചെറിയപ്പെട്ടവന്റ കഥയുണ്ട് ആ മനസിൽ.

ഭാര്യയുടെ പേറ്റു നോവിനേക്കാൾ അയാൾക്ക് താങ്ങാനാവാഞ്ഞത് മകന്റെ വാവിട്ട നിലവിളിയായിരുന്നു. തീരെ അവശയായ ഭാര്യയെ മുലപ്പാൽ കൊടുക്കാൻ നിർബന്ധിച്ച് ആ നിമിഷം മുതൽ അയാൾ ഒരു മാതൃകാ പിതാവായി. മകന്റെ ഓരോ ചുവടുവയ്പ്പും ആ അച്ഛന്റെ കൈകളിലായിരുന്നു. കമ്പോളങ്ങളിൽ ലഭ്യമായ എല്ലാ നവീന ആഹാരങ്ങളും, കളിപ്പാട്ടങ്ങളും കുട്ടിയെ തേടി എത്തി. ഊണും ഉറക്കവും മകനായി. ആ മകനോട് പൂർണ്ണമായും നീതിപുലർത്താനാവില്ലെന്ന ഭയം മറ്റൊരു സന്തതിയുടെ വരവിന് വേലി തീർത്തു.

ടാക്സി ഡ്രൈവർ ആയ അദ്ദേഹത്തിന് മകന്റ സ്നേഹമായിരുന്നു ലഹരി. പുകവലിയും മദ്യപാനവും ഇല്ലാത്ത ഡ്രൈവറെ എല്ലാവരും സവാരിക്ക് തിരഞ്ഞെടുത്തു. കൈയിൽ കിളുർത്ത തഴമ്പുകൾ മകന്റെ ഭാവി കെട്ടിപടുക്കാനുള്ള നോട്ടുകളായി. മനസിൽ സ്വപ്നങ്ങളുടെ വലിയ ഒരു കൊട്ടാരം തന്നെ പണിയാൻ തുടങ്ങിയിരുന്നു.

മകന്റെ ഓരോ പടവിലും ഊക്കം കൊടുത്ത് മേലെ എത്തിച്ച അയാൾ കാലത്തിന്റെ ചടുല ചലനത്തിൽ ഒരു ബാങ്ക് ഉദ്യോഗസ്ഥന്റെ അച്ഛനായി. മകൻ കണക്കുകളിൽ സ്നേഹമോ കടപ്പാടോ കാണാതായി, കണക്കുകൾ അവന് അക്കങ്ങൾ മാത്രമായി. സ്ഥലം മാറ്റം വാങ്ങി വേ

റൊരു നഗരത്തിൽ എത്തിയ മകൻ അച്ഛന്റെ കൈകളിൽ നിന്ന് ചോർന്ന തെന്നാണെന്ന് വ്യക്തമല്ല.

ഭാര്യയുടെ മരണം അയാളുടെ ജീവിതത്തിന്റെ താളപ്പിഴകൾക്ക് തുടക്കം കുറിച്ചു. സഹധർമ്മിണിയുടെ വിയോഗത്തോടെ മനസിന്റെ നിയന്ത്രണം കൈമോശം വന്നുപോയി. ഒപ്പം മകന്റെ അകലം മനസിന് ഉൾക്കൊള്ളാനായില്ല. നെഞ്ചിലെ നെരുപ്പ് കണ്ണുകളിൽ പുക മണ്ഡലം തീർത്തു, വണ്ടികളുടെ വളയം വഴങ്ങാതെയായി.

ഒരു കറക്കം കഴിഞ്ഞ് മൂന്ന് വർഷങ്ങൾക്ക് ശേഷം സ്ഥലമാറ്റത്തോടെ മകൻ തിരിച്ചെത്തിയത് അവന്റെ ജീവിത സഖിയേയും കൊണ്ടായിരുന്നു. മകന്റെ അകൽച്ചയെക്കാൾ ക്രൂരമായിരുന്നു വന്നവളുടെ ചെയ്തികൾ. അകർണ്ണമായ വാക്കുകൾ അയാളെ മുറിവേൽപ്പിച്ചുകൊണ്ടിരുന്നു. മകന്റെ മുഖം മാത്രമായി ഏക ആശ്വാസം.

മണിക്കൂറുകൾ യുഗങ്ങളായി മാറി. ആഹാരം വിലക്കപ്പെട്ടു. പകരം ശകാരം വിളമ്പി. ഏക മകൻ തിരക്ക് അഭിനയിക്കുമ്പോൾ അവനിൽ ഒരു നല്ല നടനെ ആ അച്ഛൻ കണ്ടു. സ്നേഹത്തിന്റ അർത്ഥം അയാളുടെ ജീവിതത്തിൽ നിന്ന് തീരെ മാഞ്ഞു പോയ്.

ചർദ്ദിയും ആലസ്യവും പുതിയ വിരുന്നുകാരന്റ വരവറിയിച്ചു. വയസ്സന്റെ സാന്നിധ്യം ഗർഭിണിയുടെ ആരോഗ്യത്തിന് ഭീഷണിയാണെന്ന അഭിപ്രായം ഉയർന്നു. വൃദ്ധസദനത്തിലെക്കുള്ള തന്റെ യാത്ര, അത് മകൻ ഉറപ്പു വരുത്തി. സ്വന്തം പിതൃത്വത്തെ വലിച്ചെറിഞ്ഞ പാവം ഒരിക്കലും മകൻ ഏറ്റു വാങ്ങരുതെന്ന യാൾ ആഗ്രഹിച്ചു. ആ ഉറച്ച തീരുമാനത്തിൽ വീടുവിട്ടിറങ്ങി.

* * * * *

യാത്രാ മംഗളമില്ലാതെ, കൈയിൽ ഒരു പഥേയമില്ലാതെ, ലക്ഷ്യമില്ലാത്ത ഒരു യാത്ര. അയാളെ തിരഞ്ഞ് ആരും വന്നില്ല മാസങ്ങളോളം അലഞ്ഞ് തിരിഞ്ഞു. എപ്പോഴാണ് ഒരു ഭിക്ഷക്കാരന്റെ രൂപം കൈ വന്നതെന്ന് നിനവില്ല. ഇപ്പോൾ വീടുവിട്ടിറങ്ങിയിട്ട് എട്ടു പത്തു മാസത്തോളമായിരിക്കണം.

മകൻ അച്ഛനായിക്കാണണം. സ്വയം മറന്ന് ഭാവിയിലേക്കുള്ള ദുർവിധിക്കായുള്ള തയാറെടുപ്പുകൾ അവനും തുടങ്ങിയിട്ടുണ്ടാവും. വിധി അങ്ങിനെയാണ്, പലപ്പോഴും രംഗബോധമില്ലാതെ ഇരച്ചു കയറും.

* * * * *

നേരം ഉച്ചയോടടുത്തു. കടത്തിണ്ണയിൽ ഒരാൾക്കൂട്ടം കാണായി. ആരൊക്കെയോ എന്തൊക്കെയോ പറയുന്നു. കാര്യം ഉറപ്പുവരുത്തി. ഒരച്ഛന്റെ പതനം, തോൽവി എന്നൊക്കെ പറയാം. ഒരായുസ്സുകൊണ്ട് ഒരു നല്ല പുത്രനെ വാർത്തെടുത്ത ആ അച്ഛന്റെ മേലിൽ ഈച്ചകൾ സ്ഥാനം പിടിച്ചിരുന്നു. സന്മനസുള്ള ആരോ ഒരായുസ്സിന്റെ ആകെത്തുകയായ ആ ഭാണ്ഡം തുറന്നു. വൃത്തിഹീനമായ ഒരു കവറിൽ അഭിമാനത്തോടെ തലയുയർത്തി തന്റെ കുഞ്ഞിനെ എടുത്തുനിൽക്കുന്ന ഒരു അച്ഛന്റെ ഫോട്ടോ പിന്നെ... ഒരു ബാങ്ക് ഉദ്യോഗസ്ഥന്റെ വിസിറ്റിംഗ് കാർഡും ഒരു കുഞ്ഞുടുപ്പും കണ്ടുകിട്ടി. കൂടി നിന്നവർ കാര്യമറിയാതെ മുഖത്തോടു മുഖം നോക്കി.

അപ്പോൾ പൊന്നോമനയ്ക്കുള്ള കുഞ്ഞുടുപ്പും ആട്ടുതൊട്ടിലും വാങ്ങി സന്തോഷത്തോടെ ഒരാൾ അതുവഴി കാറിൽ അതിവേഗത്തിൽ പാഞ്ഞുപോയി...

■ കവിത

# വീണ്ടും ഒരു അവസരം

ശ്രീജ. ആർ
9496130546

രണ്ടായിരത്തി പതിനെട്ടാം ആണ്ട്
വിടവാങ്ങുന്ന വേളയിൽ ഇതാ
കാല ചക്രം ഇരുകൈ നീട്ടി
പ്രതീക്ഷയുടെ പ്രദീപ്തമായി
വന്നിതാ വീണ്ടുമൊരു പുത്താണ്ട്.
വേറൊരു അവസരത്തിനായി
ആശിക്കുന്ന മനസ്സുകൾക്കു
സാന്ത്വനമായി വന്നിതാ
വീണ്ടുമൊരു പുത്താണ്ട്.
പുതിയതൊരു തുടക്കത്തിനായി
തെറ്റു തിരുത്തുന്നതിനായി
വീഴ്ച്ചയേ വിജയമാക്കുന്നതിനായി
വന്നിതാ വീണ്ടുമൊരു പുത്താണ്ട്.
മിന്നുന്നതു പലതെങ്കിലും
പൊന്നല്ലെന്നു
ഓർത്തുവെയ്ക്കാനായി
നന്മകൾക്കെന്നും നിറം മങ്ങില്ലെന്നു
സാക്ഷിയായി വന്നിതാ
വീണ്ടുമൊരു പുത്താണ്ട്.
കരുതരുതൊരിക്കലും
കഥകഴിഞ്ഞെന്നു
ദുരിതങ്ങൾ നമ്മെ
തേടി വന്നേക്കാം
പിടികൊടുക്കാതെ പലതും
പിടിച്ചെടുക്കാനായി
അവസരമേകി വന്നിതാ
വീണ്ടുമൊരു പുത്താണ്ട്.

കുറിപ്പ്:
**പുത്താണ്ട് എന്നത് കൃത്യമായി തമിഴ് വാക്കാണ്. എങ്കിലും കവിതയിൽ ഉൾക്കൊള്ളിക്കാൻ കാരണം ആണ്ട് എന്ന വാക്കിന് അർത്ഥം: വർഷം, ഭരണകർത്താവ്, ദൈവം*

■ കവിത


# പരിണയം



മായ ബാലകൃഷ്ണൻ
9846093112

വസന്തം ! വസന്തം വരികയായ് ! പുതിയൊരു
പുലരിതൻ മംഗളശ്രുതിഗാനം മുഴങ്ങുകയായ് !
ഉണരുകയാണെങ്ങും വനകന്യകമാരേ
ഉണർന്നു പാടുകയീ പൂങ്കാവനിയിൽ ;
കൃഷ്ണാഷ്ടമിയും കഴിഞ്ഞു ,
പാർവണേന്ദുമുഖിയും തെളിഞ്ഞു
പുത്തൻ തുടുതുടുപ്പുമായ് യാഗാശ്വമേറി
പുലരിതൻ പരിണയം കുറിക്കുവാൻ
വന്നണയുകയാണു ചെംകതിരുകൾ !
ആലിലപോൽ ഹൃദയത്തുടിപ്പുമായ്
പുഷ്പിതയായ് വനമുല്ലകൾ വല്ലരികൾ
കാട്ടുതേൻ മൊഴി പൈങ്കിളിപ്പെണ്ണുങ്ങൾ !
കിലുകിലം കാട്ടുചെമ്പകം കാട്ടരുവികൾ
കുലം കുത്തിയൊഴുകുന്നിതാ മൊഴിയുന്നിതാ
വസന്തം ! വസന്തം വരികയായ് പുതിയൊരു
പുലരിതൻ മംഗളശ്രുതിഗാനം മുഴങ്ങുകയായ് !

## സംഭവകഥ



# മരുമകൾ

ടി. ജെ. നായർ
9446630412

**ഏ**ഴുവർഷത്തിലേറെയായി 'ദശാസന്ധി' പ്രശ്നങ്ങളുമായി കെട്ടിമറിയുകയാണ് കുഞ്ഞിലക്ഷ്മി അമ്മ ! മകൾ ദേവയാനിക്ക് ഇക്കഴിഞ്ഞ മിഥുനമാസത്തിൽ മുപ്പത്തിയെട്ട് വയസ്സ് തികഞ്ഞു. പെണ്ണ് പുര നിറഞ്ഞു നിൽക്കുകയല്ല വളരുകയാണ്. അങ്ങിനെയിരിക്കും കാലത്തിലാണ് തേങ്കുറുശ്ശിക്കാരുടെ വരവ് ! കുഞ്ഞുലക്ഷ്മി അമ്മയ്ക്ക് അശേഷമില്ലായിരുന്നു ശുഭാപ്തിവിശ്വാസം ! അവർ പാലക്കാട്ടുകാരാണ്, മലബാറുകാരുടേതുപോലെയല്ല അവിടത്തെ ചിട്ടകളും, സമ്പ്രദായങ്ങളും. ആനയ്ക്കെടുക്കുവോളം പൊന്നും പണവും വേണം. അതിനൊന്നും തന്നെ ആവതുള്ള കാലമല്ലല്ലോ ഇപ്പോൾ. ദേവയാനി ഒരു പ്രൈവറ്റ് സ്കൂൾ അദ്ധ്യാപികയാണ്. അതാണ് ഇപ്പോൾ ആ കുടുംബത്തിലെ ഏക വരുമാനം.

തേങ്കുറുശ്ശിക്കാർ വന്ന്, പെണ്ണിനേയും വീടും കണ്ടു. നല്ല കൂട്ടരാണ്. അവർ പരസ്പരം ചർച്ച ചെയ്തു. ജാതകങ്ങളും നല്ല ചേർച്ച. പയ്യൻ ശ്രീകൃഷ്ണപുരത്ത് അദ്ധ്യാപകനാണ് പണത്തിന്റേയും പൊന്നിന്റേയും കാര്യങ്ങൾ വരന്റെ അമ്മ പ്രത്യേകം എടുത്തുപറയുകയുമുണ്ടായില്ല. അച്ഛൻ നിസ്വനാണ്; ഭാര്യയുടെ മുന്നിൽ ശാന്തൻ ! അതിനാൽ വായ തുറന്ന് ഒന്നുംതന്നെ സംസാരിക്കുകയുമുണ്ടായില്ല.

കാര്യങ്ങൾ പറഞ്ഞ് ഉറപ്പിച്ച് ഇറങ്ങാൻ നേരത്ത് വരന്റെ അമ്മ ദേവയാനിയെ അടുത്തേക്ക് വിളിച്ചിരുത്തി അവിടെ കൂടിയിരുന്ന നാലാൾ കേൾക്കെ ഉറക്കെ പറഞ്ഞു - "കല്യാണം കഴിഞ്ഞതിന്റെ പിറ്റേദിവസം തന്നെ, രണ്ടാളും മാറി പൊറുത്തോളണം. അതാണ് എനിക്കിഷ്ടം. ഞാൻ അവനോടും ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്."

വരാൻ പോകുന്ന അമ്മായിഅമ്മയുടെ വാക്കുകൾ മുഴുവനാക്കും മുമ്പുതന്നെ ദേവയാനി തിരിച്ചടിച്ചു. ക്ലാസ്സുമുറിയിൽ കുട്ടികളെ പാഠം പഠിപ്പിക്കുന്ന അതേ ദൃഢതയോടെയുള്ള ഉറച്ച വാക്കുകൾ. കൈയിൽ ചൂരൽ വടി ഇല്ല എന്നുമാത്രം. "അതുമാത്രം നടക്കുകയില്ലമ്മേ, എനിക്ക് കൂട്ടുകുടുംബം തന്നെ വേണം. പഠിക്കാനും പഠിപ്പിക്കാനും അതാണ് നല്ലത്."

അമ്മായിഅമ്മ മനസ്സിൽ കണ്ട മരുമകളെ കിട്ടിയ ആത്മസംതൃപ്തിയോടെ പടിയിറങ്ങി. ആനയ്ക്കെടുക്കുവോളം പൊന്നും പണവും നേടിയ ആത്മസംതൃപ്തിയോടെ.

## കവിത




പ്രതിഭ അമ്പാടി
9746213960

# മിഥ്യാ വിചാരം

എന്തിനു വേണ്ടിയാണെന്നറിയാതെയോ,
ഓടുന്നിവൻ ചുറ്റും എന്തെന്നു കാണാതെ ....
ലക്ഷ്യത്തിൽ എത്തുവാൻ ആണെന്ന തോന്നലിൽ,
ദിക്കറിയാതിവൻ പോവുന്നു മുന്നോട്ട്...
യൗവ്വനാരംഭത്തിൽ കാണുന്ന ലക്ഷ്യങ്ങൾ,
നേടുവാൻ ഇവനുണ്ട് ഊർജ്ജവും ത്രാണിയും...
ജോലിയും കൂലിയും കല്യാണവും എന്ന,
ലക്ഷ്യത്തിൽ എത്തിയും വന്നില്ല തൃപ്തിയും...
ഓരോരോ ലക്ഷ്യങ്ങൾ താണ്ടിക്കടക്കവേ ,
പിന്നേയും ഇവനിതാ ഒരുകൂട്ടം ലക്ഷ്യങ്ങൾ...
വീട് വേണം പിന്നെ വാഹനവും,
പോരാ...സമ്പാദ്യമായ് കുറെ കാശും വേണം...
ഇവനൊരാൾ ഓടിയിട്ടെവിടേയും എത്തില്ല,
സഹധർമ്മിണിയേയും കൂട്ടി ഓടി ....
ഓട്ടത്തിൽ ഇടയിലേക്ക് അതിഥിയായ് എത്തുന്നു,
തങ്കകുടം പോലെയുള്ള പൈതൽ...
ഓട്ടത്തിൽ വേഗത കൂട്ടിയേ മതിയാവൂ ,
ഇനിയുള്ള ലക്ഷ്യങ്ങൾ അവനു വേണ്ടി...
'വീട്ടാരെ നാട്ടാരെ നോക്കൂ എൻ കുഞ്ഞിനെ,
ഞാനല്പം അവനായി ഓടിടട്ടെ...'
ഓടുന്നിവന്റൊപ്പം, ഓടുന്നു നാളുകൾ,
നിമിഷമായ്, മാസമായ്, വർഷമായി....!!!
ആയുസ്സിൽ മുക്കാലും തീർന്നെങ്കിലും നിന്റെ,
ലക്ഷ്യങ്ങൾ ഏറെയും ബാക്കിയാണേ...
ലക്ഷ്യങ്ങൾ നേടുവാൻ ഓടിയ നീ എന്തേ,
ജീവിത ലക്ഷ്യം മറന്നുപോയീ...
മർത്ത്യനായ് ഈ മണ്ണിൽ എത്തിയ നീ ഇന്ന്,
മർത്ത്യനായ് ജീവിക്കാൻ ഓർക്കാതെ പോയ്...
യന്ത്രമായ് ഓടിയ കാലത്തു നീ എന്തേ ,
ഒരു കുറി പുറകോട്ട് നോക്കിയില്ല...
സുന്ദരമായ ഈ ഭൂമിയിൽ കിട്ടിയ,
സൗഭാഗ്യ പൂർണമാം മർത്ത്യ ജന്മം..
ആടിയും പാടിയും ആസ്വദിച്ചീടാതെ,
ലക്ഷ്യങ്ങൾക്കായി നീ പാഴാക്കിയോ..?
നാളെയെ ഓർത്തുള്ള ആധിയിൽ എന്തിനായ്,
ഇന്നിനെകാണാതെ പോവുന്നു നീ...?
നാളെ എന്നുള്ളത് മിഥ്യ അല്ലേ,
നിന്റെ, മുന്നിലുള്ളിന്നിനെ ആസ്വദിക്കൂ...!!!

# മുള്ളന്റെ മോഹം



ടി. കെ. ഉണ്ണികൃഷ്ണൻ
9447972209, 0491-2578098

**മു**ള്ളൻ കക്കില്ല. ഗ്രാമക്കാർ അങ്ങിനെ വിശ്വസിക്കുന്നു. ആ വിശ്വാസത്തെ നിലനിർത്താൻ അയാളും ശ്രമിച്ചിരുന്നു. അതുകൊണ്ട് ഗ്രാമത്തിലെ വീടുകളിൽ അകത്തും പുറത്തും അയാൾ പണിയെടുത്തു. പണിയെടുക്കുമ്പോൾ വീട്ടുകാരൊന്നും അയാളെ ശ്രദ്ധിക്കാറില്ല. മുള്ളനല്ലേ അവനെ വിശ്വസിക്കാം. മുള്ളൻ അങ്ങിനെ വിശ്വസ്തനും നല്ല പണിക്കാരനും എന്ന പേർ നിലനിർത്തി. ജനലും വാതിലും തുടയ്ക്കുക, കട്ടിലുകളും അലമാരകളും നീക്കി മാറാല അടിക്കുക, പങ്കകൾ തുടയ്ക്കുക എന്നീ അകത്തെ പണിയും പുല്ല് ചെത്ത്, ചെടികൾ നടൽ, വെള്ളം നന, ടാങ്ക് കഴുകൽ എന്നീ പുറംപണികളും ചെയ്ത് ഗ്രാമക്കാരുടെ സ്ഥിരം പണിക്കാരനായി അയാൾ.

പക്ഷെ ചില ദോഷവശങ്ങളും മുള്ളനുണ്ട്. പണിക്ക് ഇടയ്ക്കു വച്ച് ഒന്ന് കാണാതാകും. തിരിച്ചുവരുന്നത് അൽപ്പം കള്ള് അകത്താക്കിയിട്ടാവും. പിന്നീട് പണിക്ക് വേഗത കൂടും. അതുകൊണ്ട് പണി ചെയ്യിപ്പിക്കുന്നവർ ആ തെറ്റ് പൊറുക്കും.

ഒരു ദിവസം മാധവൻ നായരുടെ വീട്ടിൽ ജോലി ചെയ്യുന്നതിനിടയ്ക്ക് അവൻ ഷർട്ട് ഇടുന്നതു കണ്ട് കാര്യം മനസ്സിലാക്കിയ നായർ പറഞ്ഞു, "നീ പോകണ്ട. നിനക്ക് വേണ്ടത് ഞാൻ തരാം." അയാൾ കരസേനയിൽ നിന്ന് റിട്ടയർ ആയതിനാൽ കാന്റീനിൽ നിന്ന് വിദേശമദ്യം വാങ്ങിവയ്ക്കുമായിരുന്നു. അലമാരയിൽ നിന്ന് ഒരു കുപ്പിയെടുത്ത് ഒരു ഗ്ലാസ് നിറയെ ഒഴിച്ച് അവനുനീട്ടി. നാണത്തോടെ ആണെങ്കിലും അവൻ വാങ്ങി. വെള്ളം കൂടി ചേർക്കാതെ അവനത് കുടിക്കുന്നതുകണ്ട് നായർ മിഴിച്ചുനിന്നുപോയി. മുള്ളന് വിദേശമദ്യം ആദ്യമായിരുന്നു. കടുപ്പം നിറഞ്ഞ അത് തൊണ്ടയും അകവും നീറ്റിയിറങ്ങുമ്പോൾ അവന് സന്തോഷമായിരുന്നു. പിന്നെ അതൊരു പതിവായി. മാധവൻ നായരുടെ അവിടെ പണിക്കു വന്നാൽ അയാൾ അര ഗ്ലാസ് അവന് കൊടുക്കും. അതിനാൽ അവിടെ പണി ചെയ്യുന്നതിൽ അവന് താൽപ്പര്യം വർദ്ധിച്ചു.

ഒരു ദിവസം മാധവൻ നായരുടെ അവിടെ അകത്ത് പണിയെടുക്കുമ്പോൾ അലമാരയുടെ മുകളിൽ മദ്യക്കുപ്പി കണ്ടു. മുള്ളന്റെ മനസ്സിൽ മോഹം ജനിച്ചു. അവൻ അയാളോട് പറയുകയും ചെയ്തു. "സാറെ ഈ കുപ്പി എനിക്ക് തന്നേക്ക്. കുട്ടികളുമായൊന്ന് ആഘോഷിക്കാനാണ്. അവരും വിദേശിയുടെ മണമൊന്നറിയട്ടെ." നായർക്ക് ദേഷ്യമാണ് വന്നത്. അയാൾ ഒച്ചയിട്ട് പറഞ്ഞു, "ഇരിക്കാൻ സ്ഥലം തന്നാൽ കിടക്കുമല്ലേടാ." പണി കഴിഞ്ഞ് കൂലിവാങ്ങി ഒന്നും ഉരിയാടാതെ പടിയിറങ്ങുമ്പോൾ അവന്റെ മനസ്സിൽ ആ മോഹം മൊട്ടിട്ടിരുന്നു. പിന്നീട് മാധവൻ നായരുടെ അവിടെ പോയിട്ടില്ല. അയാളെ അഭിമുഖീകരിക്കാൻ ഒരു മടി. എന്നെങ്കിലും കുറച്ച് പൈസ ഉണ്ടാക്കി വിദേശ മദ്യം വാങ്ങണം. കുട്ടികളൊന്നിച്ച് കോഴിക്കറിയും കപ്പയും കൂട്ടി അടിക്കണം. വിദേശമദ്യത്തിന്റെ മോഹം കൂടിക്കൂടി വന്നു. അത് വാങ്ങാനുള്ള പണത്തിനെപ്പറ്റിയുള്ള ചിന്ത മനസ്സുനീറ്റിയിരുന്നു. നിത്യം കിട്ടുന്ന കൂലി ചിലവിനുള്ളതേ ഉള്ളു. നിത്യം കള്ളിനുള്ളതും.

ഇന്ന് ഞായറാഴ്ചയാണ്. രേവതി ടീച്ചർ പണിക്ക് വിളിച്ചിട്ടുണ്ട്. അയാൾ പണി സാധനങ്ങൾ വച്ച സഞ്ചിയെടുത്ത് നടന്നു. ഗെയിറ്റുതുറന്ന് അകത്തുചെന്നപ്പോൾ അവരെ പുറത്തുകണ്ടില്ല. അടുക്കളയിൽ പണിയിലാവും. വാതിൽ പകുതി തുറന്നുകിടപ്പുണ്ട്. ചാരിയിട്ട വാതിൽ കാറ്റുകൊണ്ടാവാം പകുതി തുറന്നത്. രേവതി ടീച്ചർ ഒറ്റയ്ക്കാണ്. ഭർത്താവ് ഗൾഫിൽ ആയതിനാൽ രാത്രി കൂട്ടിന്ന് അടുത്ത വീട്ടിലെ ഒരു പെൺകുട്ടി വരും.

മുള്ളൻ പാതി തുറന്ന വാതിൽ ഒന്നുന്തി. അതു മുഴുവനും തുറന്നു. പെട്ടെന്നാണ് മുള്ളന്റെ മനസ്സിൽ വിദേശി വന്നത്. മോഹം വച്ച് നടന്നിട്ട് മാസങ്ങളായി. ഡ്രോയിംഗ് റൂമിലെ നിലവിളക്ക് കണ്ണിൽപ്പെട്ടു. മനസ്സിലെ ദുര, സിദ്ധാന്തങ്ങളേയും വിശ്വാസത്തേയും കീഴ്പ്പെടുത്തി. ഇന്നുവരെ ചെയ്യാത്ത കാര്യം അന്നു മുള്ളൻ ചെയ്തു. ആ നിലവിളക്കെടുത്ത് തോളിലെ തോർത്തിൽ പൊതിഞ്ഞ് സഞ്ചിയിലിട്ട് നടന്നു. നഗരത്തിലേക്കുള്ള ബസ് പിടിക്കാൻ.

ബസ്സിറങ്ങി വലിയങ്ങാടിയിലേക്ക് നടക്കുമ്പോൾ മനസ്സിലെ സ്വപ്നങ്ങൾ നേടിയ മട്ടായിരുന്നു. ഒരു വലിയ പാത്രക്കടയിൽ വിളക്ക് കാട്ടി. അവർക്കറിയാമായിരുന്നു ഇത് കട്ട കേസ്സാണ് എന്ന്. അയ്യായിരം രൂപയുടെ വിളക്കിന് ആയിരത്തി അഞ്ഞൂറ് കൊടുത്തു. കിട്ടിയതും വാങ്ങി ഇറങ്ങുമ്പോൾ വിദേശ മദ്യക്കട തിരയുകയായിരുന്നു.

പെട്ടെന്നാണ് ഒരു സ്ത്രീ റോഡിൽ വീണത്. ആളുകൾ കൂടി. അയാളും ചെന്നു. ആശുപത്രിയിൽ കൊണ്ടുപോകണം. എല്ലാവരും പറയുന്നുണ്ടെങ്കിലും ആരും മുന്നോട്ടു വന്നില്ല. ഒടുവിൽ ഒരു ഓട്ടോക്കാരൻ ഓട്ടോ നിർത്തി പറഞ്ഞു. അവരെയെടുത്ത് ഓട്ടോയിൽ കിടത്ത്. ഞാൻ ആശുപത്രിയിൽ എത്തിക്കാം. ആരേയും മുന്നോട്ടുകാണാഞ്ഞ് മുള്ളൻ അവരെയെടുത്ത് ഓട്ടോയിൽ കിടത്തി. നിങ്ങളും ഇരിക്ക് മുള്ളനെ ഓട്ടോയിലേക്ക് തള്ളി ഓട്ടോക്കാരൻ വണ്ടി വിട്ടു.

ആശുപത്രിയിൽ എത്തിയതോടെ ഓട്ടോക്കാരൻ സ്ഥലം വിട്ടു. ഡോക്ടറുടെ മുറിയിലേക്കും അതിനുശേഷം വാർഡിലേക്കും നേഴ്സുമാരോടൊപ്പം മുള്ളനും നിന്നു. ഒരു നേഴ്സ് വന്ന് മരുന്നുകൾ എഴുതിയ കുറിപ്പ് പിടിപ്പിച്ചു പറഞ്ഞു ഇത് വാങ്ങിവാ. അയാൾ മരുന്നിനായി പോകുമ്പോൾ വിദേശമദ്യത്തിന്റെ ചിന്തകൾ വെടിഞ്ഞിരുന്നു. വിളക്ക് വിറ്റ പണമെടുത്ത് മരുന്ന് കൊണ്ടുവന്നു. ആ സ്ത്രീ എഴുന്നേറ്റിരിക്കുന്നുണ്ടായിരുന്നു. അവരോട് നേഴ്സ് പറയുന്നത് കേട്ടു. ഇയാളാണ് നിങ്ങളെ രക്ഷിച്ചത്. തക്കസമയത്ത് എത്തിയതിനാൽ രക്ഷപ്പെട്ടു. എന്തസുഖമാണെന്നോ. അവരുടെ സ്വന്തക്കാരെ വിളിച്ചോ എന്നൊന്നും മുള്ളൻ ചോദിച്ചില്ല. അയാൾ വേഗം ആശുപത്രി വിട്ടു.

ഗ്രാമത്തിൽ ബസ്സ് നിന്നപ്പോൾ ഇറങ്ങി. സമയം സന്ധ്യയോടടുത്തിരുന്നു. അയാൾക്ക് വേണ്ടത് അൽപ്പം ലഹരിയാണ്. അതിന് കള്ള് വേണം. തലയൊന്ന് മത്ത് പിടിപ്പിക്കണം. മടിയിൽ നോക്കി വെറും രണ്ടു രൂപ ബാക്കിയുണ്ട്. അയാൾ ഒരു കടയിൽ കയറി രണ്ടുരൂപ നീട്ടി പറഞ്ഞു. ''ഇതിനുള്ള പുകയില തരിൻ.'' കടക്കാരൻ ഒരു മുറിക്കഷ്ണം പുകയില കൊടുത്തു. അത് ചുണ്ടിന്നും പല്ലിന്നുമിടയ്ക്ക് തിരുകി നടന്നു. പുകയില വായയിലെ ഉമിനീരിനെ കയ്പ്പിച്ച് തലയ്ക്ക് കയറുന്നുണ്ടായിരുന്നു. കൂടുതൽ കൂടുതൽ വരുന്ന തുപ്പൽ അയാൾ തുപ്പിത്തുപ്പി കളഞ്ഞു. അയാൾ തുപ്പിക്കളഞ്ഞിരുന്നത് അയാളുടെ മോഹങ്ങളെയാണെന്ന് തോന്നി.

ഗ്രാമത്തിലെ ഭഗവതി ക്ഷേത്രത്തിന്റെ മുന്നിലെത്തിയപ്പോൾ അയാൾ അത്ഭുതപ്പെട്ടു. കൊട്ടും വാദ്യവുമായി ആ പരിസരം ആളുകളെക്കൊണ്ട് നിറഞ്ഞിരുന്നു. അയാൾ കാര്യമന്വേഷിച്ചു. രാവുണ്ണിമേനോൻ ക്ഷേത്രനടയിൽ ഒരു സ്വർണ്ണവിളക്ക് വയ്ക്കുന്നുണ്ടത്രെ. അതിന്റെ ഘോഷങ്ങളാണ്. രാവുണ്ണിമേനോനെപ്പറ്റി മുള്ളൻ കേട്ടിട്ടുണ്ട്. വലിയ കള്ളക്കടത്തുകാരനാണ് എന്ന്.

ഏതായാലും ഒരു കള്ളക്കടത്തുകാരൻ ദേവിയെ പ്രീതിപ്പെടുത്താൻ സ്വർണ്ണ വിളക്ക് ക്ഷേത്രനടയിൽ വയ്ക്കുമ്പോൾ മുള്ളൻ കട്ട് വിറ്റ വിളക്കിന്റെ പണം ഒരു ദേവിയുടെ ജീവൻ രക്ഷിച്ചിരിക്കുന്നത് ആരും അറിയേണ്ട. അറിഞ്ഞാൽ ആ സാധുവിനെ പോലീസ് ഇടിയ്ക്കുന്നത് ഗ്രാമവാസികൾ കാണേണ്ടിവരും.

■ കവിത

# മായാത്ത ചിരി...




**അജയ് ബാലചന്ദ്രൻ**
9895659050


വാനിൽ വിരിഞ്ഞ വെൺപുഷ്പമേ നിൻ ചിരി,
രാവിൽ വിരിയും വെൺപുഷ്പം ഇനി മായ്ച്ചാലും,
കിനാവിൽ വരച്ച വെൺചിത്രങ്ങൾ മായുമോ?
നിലാവിൽ ഞാനാചിരി തേടാതിരിയ്ക്കുമോ?

■ കവിത

# വായന
## പ്രതികരണങ്ങളും ചിന്തയും




**വാസന്തി മോഹൻ**
**9142223960**


വായിക്കാറില്ലൊറ്റ പുസ്തകോം ഞാൻ
പി. എസ്. സി. പുസ്തകം കൂടിയില്ല
ചിത്രകഥയോ, കളിക്കുടുക്കയാവാം
ചിന്തിക്കേവേണ്ട കവിതയും കഥയും
പ്ലീസ് നിർബന്ധിച്ചീടരുതേ ചേച്ചി
പിന്നൊരിക്കലായീടട്ടെ വാങ്ങിച്ചേക്കാം
ഞാനോ ! പുസ്തകം വായിക്കുകയോ
മ്ലേച്ഛമെന്തോ കേട്ട പോലെ പുച്ഛം
ഈവിധം കൂടെയുള്ളോരിൽ ചിലർ
ഈയുള്ളോളെഴുതിയ പുസ്തകത്തെ
വരവേറ്റതിക്കാലം, കമ്പ്യൂട്ടർയുഗം
വായിക്കാനാർക്കും താൽപ്പര്യമില്ല തീരെ
വായന ജീവിതചര്യയാക്കിടേണ്ടോർ
മറ്റാരുമല്ലിവരദ്ധ്യാപകരല്ലോ
വായിക്കില്ലൊന്നും ചൊല്ലുന്നതുപോലും
വലിയ നാണക്കേടാണെന്നോർത്തീടേണം
രമണനില്ലാത്തൊരുവീടുപോലുമേ
ഇല്ലായിരുന്നുയീ കേരളക്കരയിൽ
കാലമതുമാറിയെന്നായീടിലും
സാക്ഷരകേരളമെന്നേ കേട്ടുകേൾവി
വായന നൽകുന്ന അനുഭൂതിയെ
വാക്കുകൾ കൊണ്ടുവിവരിച്ചീടാനാകാ
മായികമാണാസുഖാനുഭൂതിയിൽ
മനവും തനുവും രോമാഞ്ചം കൊള്ളും
പുസ്തകം വായിക്കണം കൂട്ടുകാരേ
മസ്തകം അറിവാൽ നിറഞ്ഞിടട്ടേ
വായനാദിനമാഘോഷിച്ചെന്തെങ്കിലും
വാതോരാതെ പറഞ്ഞാൽ മാത്രം പോരാ
കമ്മൽ, മാല, വള ഇത്യാദിക്കായി
കാശെത്ര നമ്മൾ ചിലവാക്കീടുന്നു
അലങ്കാരമാകാം, പുസ്തകങ്ങൾ
അന്തരംഗത്തെയലങ്കരിച്ചീടും
നമ്മൾ വായിച്ചീടിലല്ലേ നമുക്ക്
കുഞ്ഞുങ്ങളോടതുചൊല്ലീടാനാവൂ
വായിച്ചില്ലേൽ വളയുമെന്നുചൊല്ലി
കുഞ്ഞുണ്ണിമാഷെയാവർത്തിച്ചാൽ പോരാ
ആസ്വദിച്ചീടുവാനയവിറക്കാൻ
അനുഭവങ്ങൾ, സധൈര്യം നേരിടുവാൻ
ആവശ്യമെങ്കിൽ തുറന്നീടാം വീണ്ടും
ആത്മസുഹൃത്താകുമീ പുസ്തകങ്ങളെ.

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

ധന്യാത്മൻ,

ഏക തത്ത്വ ഡിസംബർ ലക്കം അക്ഷരം പ്രതി വായിച്ചു. ഭംഗിയായിരിക്കുന്നു. തികച്ചും വേറിട്ട ഒരു പ്രസിദ്ധീകരണം. പാലക്കാടുനിന്നും ഇങ്ങനെ നിലവാരമുള്ള ഒരു മാസിക ഇറങ്ങുന്ന വിവരമറിഞ്ഞ് അഭിമാനം തോന്നുന്നു. മുക്കം ഭാസിയുടെ അഭിനയ സ്മരണകളും എനിക്ക് പറയാനുള്ളത് എന്ന ഇ. ടി. മുരളീധരന്റെ ലേഖനവും നന്നായിട്ടുണ്ട്. ആശംസകൾ.


പി. ആർ. നാഥൻ
മാങ്കാവ് പി. ഒ.,
കോഴിക്കോട്.
9495413741


ഏക തത്ത്വ പുസ്തകം 8 ലക്കം 12 (Nov 2018) പേജ് 38ൽ കവിതകളുടെ സ്തരം കുറയുന്നു എന്ന് പ്രൊഫ. ശശികുമാറിന്റെ ചേതാവനി ഓർമ്മപ്പെടുത്തിയത് അഞ്ചാറു വർഷം മുമ്പ്, യുവ ലേഖകൻ/കവി മുരളി എസ്. കുമാറിന്റെ വരികളെയാണ്. 'ആധുനിക' കവിതകളിൽ ചിലവയെപ്പറ്റി കൊടുത്തത് ഇങ്ങനെയാണ്. (സാരാംശം എന്റെ വാക്കുകളിൽ !) 'നാലഞ്ചു വരികളിൽ രചിച്ച സ്വന്തം ഗദ്യകൃതിയെ മൂന്ന്, രണ്ട്, നാല്, അഞ്ച് എന്നായി പിരിച്ചുസമർപ്പിക്കുക. ആധുനിക കവിത 'റെഡി' ! പ്രകാശിതമായ ചില കവിതകളിൽ' ആശയ സൗന്ദര്യത്തോടൊപ്പം പ്രാസം, വൃത്തം, രസം, അലങ്കാരം, ലയം, മൃദുത്വം എന്നിവയില്ലാത്തതിനെ ചൂണ്ടിക്കാട്ടിക്കൊണ്ട് ശ്രീ. സുരേഷ് തെക്കീട്ടിലും ഒരിക്കൽ ചുരുക്കത്തിൽ ശ്രീ. മുക്കം ഭാസിയും, അഭിപ്രായം പ്രകടിപ്പിച്ചിരുന്നു. (ഉപയോഗിച്ച വാക്കുകൾ ഓർമ്മയില്ല !) സ്കൂളിലും കോളേജിലും മലയാളം പഠിക്കാത്തതുകൊണ്ട്, മുതിർന്നവരുടെ കവിതകളിൽ ഒന്നുകിൽ ഹാസ്യരസം (കുഞ്ചൻ നമ്പ്യാരെ പോലെ) അല്ലെങ്കിൽ അഗാധചിന്തനത്തിന്റെ തെളിവ് ആവശ്യമാണെന്ന് മാത്രം ഞാൻ ചേർക്കട്ടെ !

അന്യ സഹായമില്ലാതെ പലവിധ പ്രശ്നങ്ങളുമായി പൊരുതി ജയിച്ച്, A to Z എല്ലാ കാര്യങ്ങളേയും ഉത്സാഹത്തോടെ, ചിട്ടയോടെ കൃത്യം 44 പേജുള്ള മാസികയെ വിട്ടുവീഴ്ചയില്ലാതെ നടത്തിവരുന്ന എഡിറ്റർ ദ്വയത്തിന് ഹൃദ്യമായ അഭിനന്ദനങ്ങൾ. ഏക തത്ത്വയുടെ നന്മക്കായി വായനക്കാർ നൽകുന്ന സൂചനകൾ/നിർദ്ദേശങ്ങൾ സസന്തോഷം സ്വീകരിച്ച് മുന്നേറുന്ന മുരളിയുടെ അകത്തുള്ള Perennial Fountainന് (വറ്റാത്ത ഉറവകൾക്ക്), ചിലപ്പോൾ നിലവാരമുള്ള കൃതികളുടെ അഭാവത്തിൽ, കുറവുകളെ നികത്തേണ്ടി വരുന്നുണ്ട് ! (ആർത്തിയും സ്വാർത്ഥപരതയും, പല ക്ഷേത്രത്തിലും വർദ്ധിച്ചുവരുന്ന ഇന്ന്, ഈ Fountainലേക്ക് ജലപ്രവാഹം നാനാദിക്കിൽ നിന്നും ഉണ്ടുതാനും!!)

രണ്ടു മൂന്നു കൊല്ലം മുമ്പത്തെ ഷീലാ ലാലിന്റെ വ്യംഗ്യ വരി 'എഡിറ്റോറിയൽ മഹാത്ഭുതം എനിക്കും കിട്ടണം ഇടം' ഓർമ്മവെച്ച്, ഗുണമേന്മയുള്ള കൃതികൾ അയച്ചുകൊണ്ടിരിക്കാൻ അപേക്ഷ ഞാനും ചെയ്യട്ടെ. ശുഭാശംസകൾ !

വായനാശീലം തീരെയില്ലാതായി വന്നിരിക്കുന്ന ഇന്ന്, ഡോ. ഉമ ഹൈമവതി എസ്സിന്റെ ലേഖനം (പേജ് 9, 'കുട്ടികളെ...') അന്യ അതിഗുണകര പുസ്തകങ്ങളും, മധ്യവർഗ്ഗവും യുവാക്കളും വായിക്കണമെന്ന് അപേക്ഷിക്കുന്നു. ഇന്നത്തെ നമ്മുടെ അധോഗതിയെ തടുക്കാൻ വേറെ മാർഗ്ഗമില്ല എന്ന് അതിവേഗം മനസ്സിലാക്കാൻ അപേക്ഷ. ടി. വി., മൊബൈൽ (സ്മാർട്ട്) ഫോൺ മുതലായ അത്യാകർഷക പ്രലോഭനങ്ങൾ വർദ്ധിച്ചുവരുന്ന ഇന്ന് തിരിച്ചു കിട്ടാത്ത സമയത്തെ ദുരുപയോഗപ്പെടുത്തി കളയാതിരിക്കാൻ കൂടുതൽ ജാഗ്രത അനിവാര്യമാണ്.

പേജ് 14ൽ അശോപ്പി ചേർത്തലയുടെ ലേഖനം ഇന്നത്തെ ഘൃണായോഗ്യമായ മാറ്റത്തെ എടുത്തുകാട്ടുന്നു. മാർഗ്ഗദർശനത്തിന് മുതിർന്നവർക്ക് സമയമില്ല. കണ്ടുപഠിക്കാൻ ദൈനിക ജീവിതത്തിൽ സദാചാരങ്ങൾ കുറവ്. പ്രചോദനം തീരെയില്ല. ഗുണമേന്മയേറിയ പുസ്തകങ്ങൾ വായിക്കാൻ പ്രചോദനമോ സമയമോ മനസ്സോ ഇല്ല. സ്വാർത്ഥപരത സ്ഫോടനമെന്നപോലെ വർദ്ധിച്ചിരിക്കുന്നു. വിതച്ചതല്ലെ നാം കൊയ്യുന്നത് ?

പേജ് 23ൽ ശ്രീ. ടി. ജെ. നായരുടെ ലേഖനം ഓർമ്മപ്പെടുത്തുന്നത് ശങ്കരാചാര്യരുടെ ഭജഗോവിന്ദത്തിലെ ശ്ലോകം

*'ജടിലോ മുണ്ഡി ലുഞ്ചിത കേശഃ*
*കാഷായാമ്പര ബഹുകൃത വേഷഃ*
*പശ്യന്നപിച ന പശ്യതി മൂഢോ*
*ഉദരനിമിത്തം ബഹുകൃത വേഷഃ'*

എന്നിങ്ങനെയാണ്. ലേഖകന് ഹസ്തരേഖാ ശാസ്ത്രം, ജ്യോതിഷം, മറ്റു ഇതുപോലെ അന്യ ഇത്തര 'ശാസ്ത്രങ്ങളിൽ' വിശ്വാസമുണ്ടായിരുന്നത് കുറഞ്ഞു കാണുമോ? (വയറ്റുപ്പിഴപ്പിനായി കെട്ടിവരുന്ന വേഷങ്ങളെ കുറിച്ചായിരുന്നു ഭജഗോവിന്ദത്തിലെ ശ്ലോകം)

ഈശ്വർകുമാർ തരവത്തിന്റെ യാത്രാവിവരണ തുടർച്ച ലേഖനങ്ങൾ വായനക്കാർക്ക് നേരിട്ടു കാണുന്നപോലെ സുഖാനുഭവം തരുന്നുണ്ട്. നന്ദിയും ശുഭാശംസകളും.

ഏക തത്ത്വയിൽ ഗുണമേന്മയേറിയ ലേഖനങ്ങൾ തുടർന്ന് പ്രതീക്ഷിച്ചുകൊണ്ട് ചുരുക്കുന്നു.


എം. എം. മേനോൻ
0491-2572939


പ്രിയപ്പെട്ട ഏക തത്ത്വ
പത്രാധിപർക്ക്,

ഏക തത്ത്വ പുസ്തകം 9 ലക്കം1 വായിച്ചു. ഡിസംബർ മാസത്തിന്റെ തുടക്കം ഏക തത്ത്വ വായിക്കാനായതിൽ ഏറെ സന്തോഷം. പഠനാർഹമായതും ചിന്തനീയമായതുമായ രചനകളാൽ സമ്പുഷ്ടം. ഇ. ടി. മുരളിസാറിന്റെ 'കർമ്മം തീരും വരെ ഉറങ്ങാനായില്ല കർമ്മഫലം തീർന്നപ്പോൾ ഉറങ്ങിയതുമറിഞ്ഞില്ല' എന്ന എഡിറ്റോറിയൽ ഗ്രിഗർമെന്റൽ എ

## ■ കത്തുകൾ

ന്ന ശാസ്ത്രജ്ഞൻ പയർചെടിയിൽ നടത്തിയ പരീക്ഷണം പോലെ തോന്നിപ്പിച്ചു. ശേഷിയുള്ള വരെ ശേഷിക്കൂ എന്നതായിരുന്നു കണ്ടെത്തൽ. ഇന്നത്തെ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ആ ശേഷിപ്പുകൾക്ക് വേണ്ടിയാണ് ഈ തെരുവുനാടകം നടത്തുന്നതെന്ന് തോന്നിപ്പോയി. എഡിറ്റോറിയലിൽ ഒരിടത്ത് കാരുണ്യവും സഹാനുഭൂതിയും അന്യമായ ലോകത്ത് എന്ന് പറഞ്ഞതിനോട് എതിരഭിപ്രായമുണ്ടെനിക്ക്. ടി. വി. നാരായണൻ കുട്ടി എഴുതിയ കേരള നവോത്ഥാന ചരിത്രത്തിലെ സമരങ്ങൾ സത്യം തേടുന്നവർക്കൊരു വഴികാട്ടി തന്നെ. ഉണ്ണിവിശ്വനാഥിന്റെ 'ശവം' ഏറെ മനസ്സിനെ ഉലച്ചു. മുഹമ്മദ് കനിയുടെ വിധി മഹാപ്രളയവും, അശോപ്പി ചേർത്തലയുടെ ചിരിക്കാൻ കഴിഞ്ഞെങ്കിലല്ലേ കരയാതിരിക്കാനാവൂ എന്ന രചനകളും നന്നായിട്ടുണ്ട്. ആകെമൊത്തം ഏക തത്ത്വ എന്നാൽ വായനയുടെ മഹാപ്രവാളം തന്നെയാണ് സൃഷ്ടിക്കുന്നത്. പിന്നിലെ നല്ല കരങ്ങൾക്കും ഏക തത്ത്വയുടെ മുരളിസാർക്കും നേര് പറയാനും എഴുതാനുമുള്ള ശക്തിയുണ്ടാവട്ടെ എന്ന് പ്രാർത്ഥനയോടെ...

അബ്ദുറബ്ബ് മാസ്റ്റർ
9400227780

പ്രിയ മുരളി

പ്രതിമകളും പ്രതിഷ്ഠകളും വ്യക്തിയുടെയും സമൂഹത്തിന്റെയും മനസ്സുകൾ കയ്യാളിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് സമയോചിതമായി 'എനിക്കു പറയാനുള്ളത്' നന്മയിൽ വിശ്വസിക്കുന്ന ഒരു ന്യൂനപക്ഷം കാലത്തിന്റെ ഈ വേഷപ്പകർച്ച കണ്ട് അന്ധാളിച്ചു നില്ക്കുകയാണ്. ഉപദേശങ്ങളും വാക്ചാതുരിയുമല്ലാതെ നന്മകൾ പ്രാവർത്തികമാക്കുന്ന കുറേ മാതൃകകളാണിവിടെ ആവശ്യം. 'എകതത്വയും അങ്ങിനെ ഒന്നാണ്. ലാളിത്യം, സഹകരണം, സാഹോദര്യം, ഈ ഗുണങ്ങൾ കരുപ്പിടിപ്പിക്കാൻ ഈ കുടുംബാംഗങ്ങൾക്ക് ആവുമെങ്കിൽ ശുഭോദർക്കങ്ങളായ കർമ്മരംഗം പ്രതീക്ഷി

ക്കുന്ന യുവതയ്ക്കു വഴി കാട്ടാനാവും എന്നു കരുതാം. ഡിസംബർ ഏക തത്വയുടെ ആശാകിരണം ബേബി നന്ദനയുടെ കവിതയാണ്. ഇരുപത്താറാം പേജിൽ എന്റെ മിനിക്കഥയുടെ ശേഷഭാഗത്താണതു ചേർത്തിരിക്കുന്നത്. ഒരു പ്രത്യേകതയും തോന്നി. 'ഏലീ ഏലീ ലാമാ സബക്താനീ' എന്നതിനർത്ഥം 'ദൈവമേ നീയെന്നെ കൈവിട്ടതെന്തിന്?' എന്നാണ്. അതേ പേജിൽ തന്നെ ഒരു കുഞ്ഞു മനസ്സിന്റെ പ്രതികരണവും ചേർത്തു ദൈവമൊന്നും കൈ വിട്ടിട്ടില്ല എന്നു താങ്കൾ സൂചിപ്പിച്ച പോലെ തോന്നി. നന്ദി ആ എഡിറ്റിംഗിന്. കുഞ്ഞു നന്ദനയ്ക്ക് ആശംസകൾ. പുതുനാമ്പുകൾക്കു കരുത്തേകാൻ ഇനിയും ഏകതത്വയ്ക്കാവട്ടെ എന്നാശംസിക്കുന്നു.

പ്രമോദ് മഞ്ചേരി
9495607393, 9445407393

പ്രിയ മുരളിസാർ,

ഡിസംബർ ലക്കം വളരെ നന്നായിരിക്കുന്നു. ഏക തത്ത്വ മുഖചിത്രം തന്നെ കാണാൻ നല്ല ഐശ്വര്യമായിരിക്കുന്നു. ചുറ്റിനും അടർന്ന പൂക്കളും വലിയ ഒരു ചാമ്പ മരവും. നന്നായി. എഡിറ്റോറിയലിനെക്കുറിച്ച് പ്രതിപാദിക്കേണ്ട കാര്യമുണ്ടോ. അത് മുരളി സാർ എഴുതിയതല്ലെ. ഉൾക്കൊള്ളേണ്ടതെല്ലാം ഉൾക്കൊണ്ട് കുറിക്കുകൊള്ളുന്ന ഭാഷയിൽ അത് അവതരിപ്പിക്കുന്നതിൽ എഡിറ്റർ വിജയിച്ചിരിക്കുന്നു. ഇക്കുറി കഥയും കവിതയും കൂടുതലാണ് വന്നത്. സാധാരണ മാസികകളിൽ നിന്നുള്ള വ്യത്യാസവും അതാണ്. സാഹിത്യകാരന്മാർക്ക് തുല്യപ്രാധാന്യം നൽകുന്നത് ഏക തത്ത്വ മാത്രം. കഥയാവട്ടെ, കവിതയാവട്ടെ അർഹിക്കുന്നതിൽ അപ്പുറം പരിഗണന താങ്കൾ നൽകുന്നത് നല്ല മനസ്സുതന്നെ. ലേഖനങ്ങളെല്ലാം ഉന്നതനിലവാരം പുലർത്തുന്നു. ആശംസകൾ.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

**നവമ്പറിന്റെ നേട്ടം**

ഏക തത്ത്വ മാസിക നവമ്പർ ലക്കം വായിച്ച നേരം നാവിൽ നിന്നടർന്ന വാചകം 'നവമ്പറിന്റെ നേട്ടം' എന്നാണ്. എനിക്ക് പറയാനുള്ളത് മുതൽ കുറേയേറെ നല്ല സൃഷ്ടികളാൽ ശ്രേഷ്ഠകരമായി. മാറ്റങ്ങൾ ഒക്കെ അനിവാര്യമെന്നും അത് നല്ലതിനെന്നും ഉദ്ബോധിപ്പിക്കുന്ന പംക്തി ഓരോരുത്തരും മനസ്സിലാക്കി ഉൾക്കൊണ്ടെങ്കിൽ എന്നാഗ്രഹിച്ചുപോവുന്നു. ഇ. എൻ. നാരായണന്റെ ഡി. ടി. പി. പ്രതി എന്ന കഥ ഒരു ശുദ്ധാത്മാവിന്റെ നിസ്സഹായവസ്ഥയും ഒടുക്കം നർമ്മത്തിൽ അവസാനിക്കുന്നു. ഒന്നൊന്നാന്തരം.

ഇന്ദു മാരാത്തിന്റെ സൃഷ്ടിയായ 'അറിയാത്തത്' എന്ന നുറുങ്ങുകവിത മയിൽപീലി പ്രസവിക്കുന്ന നല്ല സുന്ദരബാല്യത്തെ കുറിച്ച് കൗമാരത്തിൽ കടും ചുവപ്പുപകർന്ന കുറമ്പനാം കാമുകനെപ്പറ്റിയും ഒക്കെ പറഞ്ഞ് മായാവിയുടെ മാർഗ്ഗങ്ങളെ പറ്റി.... അവസാനിക്കുന്ന കവിത തേൻതുള്ളി കണക്കെ വായിക്കാനായി. ടി. വി. ഹരികുമാറിന്റെ ഗോപാലന്റെ സ്വപ്നം എന്ന കഥ ഗംഭീരമായിട്ടോ. ഒരു നുറുങ്ങു കഥ എങ്ങനെ ശ്രേഷ്ഠമാക്കാമെന്ന് തെളിയിക്കുന്നു. നല്ല സൃഷ്ടികൾ പ്രതീക്ഷിച്ച്...

ശ്രീപ്രകാശ് ഒറ്റപ്പാലം
9447240642

പ്രിയ സുഹൃത്തേ,

തീർച്ചയായും സമാന്തരമാസികകളിൽ വേറിട്ട്, തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ ഏക തത്ത്വക്ക് ഇതിനകം കഴിഞ്ഞിരിക്കുന്നു.

സ്വയം തൊഴിൽ സംരംഭകരെ സഹായിക്കുന്ന പംക്തി, വനിതകൾക്കും കുട്ടികൾക്കുമായുള്ള പേജ്, സിനിമാനിരൂപണ പംക്തി, മാർക്കറ്റിംഗ് ഫീച്ചർ എന്നിവയൊക്കെ നൽകാവുന്നതാണ്.

താങ്കളുടെ പ്രതിബദ്ധത ഒരു ചെറുകിട സ്വകാര്യ ഗാന്ധിയൻ വ്യവസായ സംരംഭത്തിന് കൂടി വഴി തുറക്കട്ടെ. വിജയാശംസകൾ.

സസ്നേഹം
രാജേന്ദ്രൻ വയല, 9496703201

ശ്രീ. മുരളി സാർ,

ഏക തത്ത്വ മാസിക കിട്ടി. വായിച്ചു നന്നായിരിക്കുന്നു. മനസ്സു നിറയുന്ന ഉള്ളടക്കത്തോടെ ഏക തത്ത്വ ശോഭിക്കുന്നു. എഴുത്തുകാരെ പ്രോത്സാഹിപ്പിച്ച് സാഹിത്യലോകത്ത് നിലകൊള്ളുവാൻ ശ്രമിക്കുന്ന മാസികക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

കോടിയാട്ട് രാമചന്ദ്രൻ അടൂർ
9446444696

പ്രിയ മുരളി

ആദ്യമായി മാസാദ്യത്തിൽ തന്നെ ഏക തത്വ കയ്യിലെത്തിച്ചതിനു നന്ദി. ഒരിരുപ്പിന്നു വായിച്ചു തീർത്തു. മുക്കം ഭാസി സാറിന്റെ ആത്മകഥയിൽ പ്രതിപാദിച്ച നാടകങ്ങൾ ചെവിയൊടു ചേർത്തുവെച്ച റേഡിയോവിലൂടെ കേട്ടു രസിച്ച ഒരു കൗമാരം വീണ്ടും ഒരു കാലഘട്ടത്തിന്റെ ഓർമ്മകുറിപ്പെന്നോണം ചൂണ്ടി കാണിച്ച ഗുരുപാദങ്ങൾ സാദരം നമിക്കുന്നു. ദേവഭൂമിയിലെ ദേവദാരുക്കൾക്ക് ഹിമാലയസാനുക്കളുടെ കുളിർമ്മ ഹൃദ്യമായി പകർന്ന ശ്രീ ഈശ്വർ കുമാർ തരവത്തിന്നു പ്രണാമം. കഥകളിൽ ഉണ്ണികൃഷ്ണൻ സാറിന്റെ പുലിമുരുകൻ വായിച്ചു ചിരിച്ചു. അരവിന്ദൻ സാർ, ജനാർദ്ദനൻ പി വണ്ടാഴി, പിന്നെ എന്റെ പ്രിയ സുഹൃത്ത് സുരേഷ് തെക്കീട്ടിൽ. എല്ലാം നന്നായി. താങ്കൾ എഴുതിയ 'എനിക്കു പറയാനുള്ളത്' വിഷയബാഹുല്യം കൊണ്ടും അഭിപ്രായ സുതാര്യത കൊണ്ടും ശ്രദ്ധേയമായി. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ വായനക്കാർ തീവ്രമായി എതിർക്കാനും സാധ്യത ഉണ്ട്, കാരണം മധ്യവർത്തിയായ ഒരു ചിന്ത സാധ്യമല്ലാത്തരീതിയിൽ നാം ചേരി തിരിഞ്ഞു കഴിഞ്ഞിരിക്കുന്നു. ദൈവത്തെ സംരക്ഷിക്കാൻ മനുഷ്യനെ ഉന്മൂലനം ചെയ്യുന്നത്ര തീവ്രതയിലാണു നാം ഇന്നു ജീവിക്കുന്നത്. വെട്ടുന്ന പോത്തിനോടു വേദമോതാതിരിക്കുന്നതല്ലേ കാമ്യം?

സസ്നേഹം
പ്രമോദ് മഞ്ചേരി
9495607393, 9445407393

■ കഥ

# നന്ദിനി




**എം. ഡി. വിശ്വംഭരൻ**
**9446142131**


നല്ല കുട്ടിയായിരിക്കുമോ? അവളെ ഒന്നു കാണണമെന്ന് ഫോണിൽ പറഞ്ഞപ്പോൾ തിരിച്ചുള്ള ചോദ്യമായിരുന്നു അത്. നല്ല കുട്ടി ആയിരിക്കുമോ എന്ന്. ഒരുപാട് സങ്കടപ്പെട്ടാണ് ഇരുന്നതെങ്കിലും ആ ചോദ്യത്തിലെ പതിവ് കുസൃതി തന്നിൽ ചിരിയുണർത്തി. ഓർത്താൽ വൈരുദ്ധ്യമാണ് എന്നറിയാം. അവളുടെ അച്ഛന്റെ പ്രായം തനിക്കില്ല. എന്നാലും അച്ഛൻ ആകാനുള്ള പ്രായമുണ്ട്. അടുത്ത വീട്ടിൽ താമസക്കാരിയായി വന്ന കാലം മുതൽ നല്ല അടുപ്പത്തിലായിരുന്നു. അച്ഛനും മകളും പോലെ, കൂട്ടുകാരെ പോലെ. പിന്നെ വേറെ എന്തൊക്കെയോ പോലെ. ഓസ്കാർ വൈൽഡിന്റെ പ്രസ്താവന ഓർക്കുന്നു. സ്ത്രീയും പുരുഷനും തമ്മിൽ സൗഹൃദമില്ല. കാമവും പ്രണയവും ശത്രുതയും മാത്രമേയുള്ളു എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ഇതും അങ്ങനെയാണോ ? അറിയില്ല. നല്ല അടക്കവും ഒതുക്കവുമുള്ള കുട്ടിയാണവൾ. തന്നോട് നല്ല സ്നേഹവും അടുപ്പവും പുലർത്തുന്നുണ്ട്. അതവൾ തുറന്നുപറയുകയും ചെയ്തിട്ടുണ്ട്. പക്ഷെ, താൻ പലപ്പോഴും ഒരു തികഞ്ഞ കാമുകന്റെ റോൾ ചമയുന്നില്ലേ എന്ന് ഓർത്തു പോകുന്നു. അവൾക്ക് തന്നോട് പ്രണയം തോന്നേണ്ട കാര്യമില്ല. ഭർത്താവുണ്ട്, മകനുണ്ട്. പിന്നെ തന്നിൽ ആസക്തി തോന്നേണ്ട ഒരു ഘടകവും ഇല്ലതാനും. ഇതെല്ലാം അറിയാമായിരുന്നിട്ടും തന്റെ പ്രവൃത്തികളെ ഓർമ്മിച്ച് ലജ്ജിക്കാറുണ്ട്. എന്നാലും അതിൽനിന്നും വിട്ടുനില്ക്കാനും ശ്രമിക്കുന്നില്ല, കഴിയുന്നില്ല. കൂടുതൽ അടുപ്പം തോന്നുന്നതുകൊണ്ട് നന്ദിനിയുടെ മേൽ ചില ദുസ്വാതന്ത്ര്യങ്ങളും എടുത്തിട്ടുണ്ട്. അങ്ങനെ ഒരവസരത്തിൽ കാണിച്ച കടുംകൈ ആണ് അവൾക്ക് തന്നിൽ വെറുപ്പ് ജനിപ്പിച്ചത്. കാണിച്ച അവിവേകത്തിന് മാപ്പ് അപേക്ഷിച്ചു. മാന്യയായ ഒരു പെണ്ണും പൊറുക്കുന്നതായിരുന്നില്ല ആ പ്രവൃത്തി എന്ന് ബോധ്യമുണ്ട്.

നന്ദിനി എത്ര സുന്ദരിയാണ്. അഴകാർന്ന നിറവും മനോഹരമായ കണ്ണുകളും രാകി ഭംഗിയാക്കിയ നിരയൊത്ത ആ പല്ലുകളും അവളെ കൂടുതൽ സുന്ദരിയാക്കി. അതിനേക്കാളുപരി സദാനേരവും പൊഴിക്കുന്ന മനോഹരമായ പുഞ്ചിരി. തമാശകൾ ഒരുപാട് ഇഷ്ടമാണ് അവൾക്ക്. താൻ പറയുന്ന തമാശകൾ

## മറുപടി

ഏക തത്ത്വ മാസിക നല്ല മാസികയാണെന്ന് പലരും അഭിപ്രായപ്പെടുന്നുണ്ട്. അതിൽ നമുക്കേവർക്കും അഭിമാനിക്കാം. ഒരു സഹായം ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ മാസികയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി ഓരോ വായനക്കാരും വരിക്കാരും കഴിയാവുന്നത്ര ആളുകളെക്കൂടി വരിക്കാരാക്കേണ്ടതാണ്. മറ്റുള്ളവർക്കുകൂടി മാസിക പരിചയപ്പെടുത്തി അവരെ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക. എല്ലാവരും ആത്മാർത്ഥമായി ഈ മാസികയുടെ പ്രചാരണത്തിന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ കൃതികളിലൂടെ നമ്മളേവരേയും ഈ ലോകമറിയട്ടെ. കഴിഞ്ഞ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയ കത്തുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരാളുടെ തന്നെ രണ്ടു കത്തുകൾ കണ്ടേക്കാം. രണ്ടുമാസത്തിലെ അഭിപ്രായങ്ങളാണ്. തുടർന്നും കത്തുകളയക്കുക, അഭിപ്രായങ്ങൾ രേഖപ്പെടുത്തുക. ഏവർക്കും നന്മ നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു.

**എഡിറ്റർ**

കേട്ട് മുത്തുമണികൾ പൊഴിയുന്നതുപോലെ കുടുകുടാ ചിരിക്കും. ഏറെ ആകർഷകമായിരുന്നു ആ ചിരി. കിട്ടുന്ന സമയങ്ങളിലെല്ലാം ഏറെ നേരം വർത്തമാനം പറഞ്ഞിരിക്കും. താൻ എപ്പോഴും ശ്രോതാവിന്റെ റോളിലും. ഇടയ്ക്കങ്ങോട്ട് എന്തെങ്കിലും കുസൃതികൾ പറയും. അതുകേട്ട് അവൾ ചിരിക്കും. അത് കാണുമ്പോൾ തനിക്ക് വയർ നിറഞ്ഞ അനുഭവമായിരിക്കും. മനസ്സിന്റെ സന്തോഷം.

പിന്നെ എന്തിനാണ് ആ സാഹസത്തിന് മുതിർന്നത് ? ഓർക്കുമ്പോൾ ലജ്ജയും കുറ്റബോധവും പിടിവിടാതെ മനസ്സിനെ പിൻതുടരുന്നു. കൂടുതൽ ഒന്നും ഉദ്ദേശിച്ചിരുന്നില്ല. അവളെ ചേർത്തുപിടിച്ച് ഒന്ന് ചുംബിയ്ക്കാൻ അനിയന്ത്രിതമായ ആഗ്രഹം തന്നെ ബാധിച്ചത് ഏത് നേരത്താണ് ? ആ തോന്നലിനെ സ്വയം ശപിച്ചു. അവൾ ശക്തമായി പ്രതിരോധിച്ചു. നിരാശ തോന്നിയെങ്കിലും അവളിൽ മതിപ്പ് തോന്നി. കാര്യശേഷിയും പ്രതികരണശേഷിയും ഉള്ള പെൺകുട്ടി. ആ കൈകൾ പിടിച്ച് തന്റെ മുഖത്ത് അടിച്ചു. എന്നിട്ടും വിഷമം തീരാഞ്ഞ് അവളോട് പലകുറി ക്ഷമ യാചിച്ചു. അമ്പരപ്പ് ആ മുഖത്ത് കാണാമായിരുന്നു. എങ്കിലും ഒട്ടും ദേഷ്യമുള്ളതായി തോന്നിയില്ല. പിന്നെ എപ്പോഴാണ് എല്ലാ ദേഷ്യവും വെറുപ്പും ഒന്നിച്ച് ആവാഹിച്ച് പ്രതികാര ദുർഗ്ഗയെപ്പോലെ മാറിയത്. അമ്പരപ്പും നിരാശയും സങ്കടവും തന്നിലേക്ക് പെയ്തിറങ്ങുകയായിരുന്നു. എല്ലാം നശിപ്പിച്ചതിലുള്ള നിരാശ, ഒരു സൗഹൃദം ഇല്ലാതാക്കിയതിലുള്ള ഖേദം. ഒടുവിൽ വീട്ടിൽ നിന്നും ഇറങ്ങി കണ്ട വഴികളിലെല്ലാം അലഞ്ഞു. രാത്രി എപ്പോഴോ വീട്ടിൽ കയറിവന്നു. ആ വീട്ടിലേക്ക് നോക്കാൻ കൂടി കഴിയാതെ കുനിഞ്ഞ ശിരസ്സുമായി നടന്ന നാളുകൾ. വർഷങ്ങൾക്കുമുൻപേ ഉപേക്ഷിച്ച മദ്യപാനശീലം വീണ്ടും ആരംഭിക്കുകയായിരുന്നു. മനസ്സിനെ സാന്ത്വനപ്പെടുത്താൻ, പാഴ്‌വേലയാണെന്നറിയാമെങ്കിൽ കൂടിയും. ഒരുദിവസം ഒരു മിസ്ഡ് കോൾ അയച്ച് വാതുക്കൽ കാത്തുനിന്നു. പ്രതീക്ഷ തെറ്റിയില്ല, വാതുക്കൽ പ്രത്യക്ഷപ്പെട്ട ആ മുഖത്തിന് ഒട്ടും സൗമ്യഭാവം ഉണ്ടായിരുന്നില്ല.

എന്തിനാ വിളിച്ചത് ? ചോദ്യഭാവത്തിൽ നോക്കിനിന്നു. പരുങ്ങലോടെ ചോദിച്ചു, "എന്തായിരുന്നു രാവിലെ രാജേഷ് ശബ്ദമുയർത്തിയത് ?"

"ഒന്നുമില്ല." മുഖത്തടിച്ച മറുപടിയുമായി അവൾ വേഗം കതക് വലിച്ചടച്ചുകൊണ്ട് അപ്രത്യക്ഷയായി. മുഖത്ത് കിട്ടിയ അടിയായിരുന്നു അത്. നന്ദിനിയെ കുറ്റപ്പെടുത്താനാകില്ല. ഏത് പെണ്ണായാലും ഇതിലും മോശമായി പെരുമാറിയാലും അതിശയമില്ല. പൊതുവേ ദുർബലമനസ്ക്കനായ തനിക്ക് വല്ലാത്ത പ്രഹരമായി.

സഹികെട്ട നാളുകളിൽ ഒരു പരീക്ഷണത്തിനും കൂടി തയ്യാറെടുത്തതാണ്. ഏറെ ഭയാശങ്കകളോടെ ഫോണിൽ വിളിച്ചു. ആദ്യം ഫോൺ കട്ടായി. നിമിഷങ്ങൾക്കകം തിരിച്ചുവിളി. ചീത്ത പറയാനാകുമോ എന്ന ഭയത്തോടെ ഫോൺ അറ്റന്റ് ചെയ്യുമ്പോൾ, ഒന്നും സംഭവിക്കാത്തതുപോലുള്ള തുടക്കം. അങ്ങോട്ട് വിളിക്കാൻ ഒരുങ്ങുകയായിരുന്നു എന്നുപറഞ്ഞുതുടങ്ങിയ ആ പറച്ചിൽ മനസ്സിൽ കുളിരുകോരി. 'പൊന്നു എടാ എനിക്കൊന്നു കാണണം !'

പൊന്നു, മോളൂ എന്നൊക്കെ മധുരം പുരട്ടിയാണ് നന്ദിനിയെ താൻ വിളിക്കാറ്. അപ്പോഴാണ് അവളുടെ ചോദ്യം. "നല്ല കുട്ടിയായിരിക്കുമോ ?" അങ്ങനെ ചെയ്യാം എന്നു തിരിച്ചുപറഞ്ഞപ്പോൾ ചക്കര എന്നവൾ മൊഴിഞ്ഞു. നിമിഷങ്ങൾക്കകം നിറഞ്ഞ ചിരിയുമായി നന്ദിനി മുന്നിലെത്തി.

ഒരുപാട് സന്തോഷം തോന്നി. തളർന്ന ധമനികളിലേക്ക് ജീവജലം പകർന്ന് ആ പഴയ കുസൃതി ഒട്ടും കുറയാതെയുള്ള പെരുമാറ്റമായിരുന്നു. എന്തൊരു പെൺകുട്ടിയാണിവൾ. തികച്ചും വിശുദ്ധ ഹൃദയത്തിനുടമ. ഗ്രഹണം കഴിഞ്ഞ് മോചിതമായ ചന്ദ്രബിംബം പോലെയായി മനസ്സ്. അപ്പോഴും മനസ്സ് മന്ത്രിച്ചു, മാപ്പ്.

■ കവിത

# ബയോവേസ്റ്റ്




**റീന പി. ജി**
**മലപ്പുറം**
**94971 32522**


ആറാമിന്ദ്രിയമെന്നു
ഉല്പത്തിപുസ്തകത്തിൽ
അടിവരയിട്ട് പറഞ്ഞിട്ടുണ്ടെങ്കിലും
ഇപ്പോൾ
കണ്ണുകളടഞ്ഞ നിർജ്ജീവസ്തരം.

ജീവന്റെ നനുത്ത
ചൂടാർന്നൊരമ്മത്തൊട്ടിൽ
ആയിരുന്നുവെന്നത്
അഹങ്കാരത്തിന്റെ ഭാഷ.

ആറാമിന്ദ്രിയത്തിനു മാത്രം
തൊട്ടറിയാവുന്ന ശ്വാസഗതികൾ,
ജീവന്റെ തുടിപ്പ്
ഒടുവിൽ സ്വാർത്ഥതയുടെ
കൈകളിലേക്കിട്ടുകൊടുക്കുമ്പോൾ
വേദനയുടെ മൂർദ്ധന്യത്തിലുള്ള
ആത്മഹർഷം.
എല്ലാം..
നനവായ് നിറയുന്നുണ്ടാവണം.

ഇനി നിങ്ങളെന്നെ
തുറിച്ചു നോക്കരുത്...
നോട്ടങ്ങളിൽ ചുളുങ്ങിപ്പോയ
വ്യക്തിത്വത്തിന്റെ
അവശിഷ്ടം മാത്രമാണിത്.

ഇടത്തും വലത്തും
ഇനിയും പൂത്തുതീരാത്ത
പൂക്കാലങ്ങൾക്കിടയിൽ
ആയുസ്സിന്റെ ഊർദ്ധ്വൻവലിയിൽ
കടപുഴകിയ ചതുപ്പിന്റെ തേങ്ങൽ.

ചുളിവും നരയും കൊണ്ട്
വിണ്ടുകീറിയ സ്തരങ്ങളായ്
ചുരണ്ടിമാറ്റപ്പെട്ട
മാംസചിന്തുകളായി
ഇനി...
നീറ്റൽ ഒപ്പിയെടുക്കപ്പെട്ട
ആറാമിന്ദ്രിയം
ചവറ്റുകൊട്ടയിലേക്ക്...

# വിശ്വാസം എന്നത് ശക്തിയും രക്ഷയുമാണ്

**യു**ക്തി കൊണ്ട് ഓട്ടയടയ്ക്കാൻ ശ്രമിക്കുന്നവർ പാരമ്പര്യ വിശ്വാസങ്ങളെ തകർക്കാൻ നോക്കിയാൽ നോക്കുന്നവർക്ക് വിശ്വാസം ഫലം കാണിക്കുന്നു. പിന്നെ പറഞ്ഞതിനെ പിൻവലിക്കാൻ അഭിമാനം സമ്മതിക്കുകയില്ല. എങ്കിലും ഒച്ചപ്പാടില്ലാതെ പിറുപിറുത്തുകൊണ്ടിരിക്കും. പുത്തൻ തലമുറക്കാർക്ക് എന്തെങ്കിലും ഒരു മൊഴിയോ ഉദാഹരണമോ നീതിസാരമോ പറയാനോ ഇത്തരം വാക്കുകൾ ഉണ്ടാക്കുവാനോ കഴിഞ്ഞിട്ടില്ല. നിലവിലുള്ളതെല്ലാം പഴയതുതന്നെ. അത് സന്ദർഭോചിതം ഉപയോഗപ്പെടുത്തുന്നു. വാശിക്കുവേണ്ടിയും പ്രശസ്തിക്കുവേണ്ടിയും പലതും കാട്ടിക്കൂട്ടുന്നവർ സ്വയം അവനവന് വേണ്ടി കുഴി തോണ്ടുകയാണ്. സ്വാതന്ത്ര്യമുണ്ട്, അവകാശങ്ങളുണ്ട് ഇതെല്ലാം ശരിയാണെങ്കിലും മറ്റുള്ളവരുടെ വിശ്വാസത്തെയോ ആചാരങ്ങളെയോ ഇല്ലായ്മ ചെയ്യുവാൻ ഈ പറഞ്ഞതായ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും കഴിയുകയില്ല. ദുരാചാരത്തെയും അന്ധവിശ്വാസത്തെയും പരീക്ഷണം കൊണ്ട് തെളിയിക്കാനും ഇല്ലായ്മ ചെയ്യുവാനും കഴിഞ്ഞെന്നു വരാം. മനുഷ്യജന്മത്തിൽ ആദ്യവിശ്വാസം എന്നത് അമ്മയും അച്ഛനുമാണ്. ഇവരിൽ നിന്നാണ് വിശ്വാസത്തിന്റെ ഉറവിടം തുടങ്ങുന്നത്. മുൻ തലമുറക്കാരുടെ കാഴ്ചപ്പാടിൽ നില കൊള്ളുന്നതാണല്ലോ പാരമ്പര്യം. ഇതിന് മാറ്റങ്ങൾ സംഭവിക്കുമ്പോൾ ഒരുപക്ഷേ പ്രകൃതിയും അതിനെതിരായി ഭവിക്കുന്നു. സത്യം ജയിക്കണമെങ്കിൽ വിശ്വാസം വേണം. തല



**ചെറിയാൻ തോട്ടുങ്കൽ**
**8281343742**

യിൽ തൊട്ട് സത്യം ചെയ്താൽ വിശ്വാസപ്രകാരം അത് കളവാണെങ്കിൽ ആരുടെ തലയിലാണ് തൊട്ട് സത്യം ചെയ്തത് അവർക്ക് വിശ്വാസത്തിന്റെ നാമത്തിൽ ചില അനുഭവങ്ങൾ കാണിച്ചിരിക്കും. എന്ത് കാര്യത്തിനും വിജയം നേടണമെങ്കിൽ അവിടെ പരാജയം കൂടിയേ തീരു. അതുപോലെ ജീവിതത്തിലെ ഓരോ കാര്യത്തിനും വിശ്വാസവും സത്യവും നിലനിൽക്കേണ്ടി വരുന്നു. ആൾക്കാരുടെ കൂട്ടത്തിൽ കോമാളി കളിച്ച് അറിയപ്പെടാൻ ശ്രമിക്കുന്നവർ പലപ്പോഴും ഒറ്റപ്പെട്ടു പോവാറുണ്ട്. ആദ്യം എല്ലാവരും കോമാളിത്തരം കാണുന്നതിന് വേണ്ടി സപ്പോട്ടും ഒത്താശയും ചെയ്യും. പിന്നെ വിഡ്ഢി വേഷം ധരിച്ചവർ തലയിൽ മുണ്ടിട്ട് മടങ്ങുന്ന അവസ്ഥയിൽ എത്തുന്നു. വാശിയും വൈരാഗ്യവും തീർക്കാൻ വേണ്ടി പ്രേരണ ചെലുത്തി ഏതെങ്കിലും ആളുകളെ കൊണ്ട് മറ്റുള്ളവരുടെ വിശ്വാസത്തെ തകർക്കാൻ നോക്കിയാൽ അങ്ങനെയുള്ളവരുടെ അനുഭവങ്ങൾ ഏത് വിധത്തിലാണെന്ന് കണ്ടറിയേണ്ടിവരും. വേഷത്തിന്റെയും അധികാരത്തിന്റെയും മൂടുപടം പൊളിഞ്ഞുപോയി എന്നു വരും. ആരാധിക്കുന്ന ആരാധകൻ അറിഞ്ഞാൽ വൃത്തിയുള്ള ഏത് സ്ഥലത്ത് നിന്നുകൊണ്ടും ആരാധന കർമ്മം ചെയ്യാം. അതിന് പ്രത്യേകമായി എവിടെയും തെരഞ്ഞെടുക്കേണ്ടതില്ല. മനുഷ്യശരീരം ഒരിക്കലും ശുദ്ധിയല്ല. ശരീരത്തിന്റെ പ്രത്യേക ഭാഗങ്ങളിലാണെങ്കിലും മലമൂത്രാധികൾ ഉള്ള ശരീരമാണല്ലോ. ശുദ്ധിയുള്ളത് മനസ്സിന് മാത്രമാണ്. മനസ്സ് അശുദ്ധി ആയാൽ എല്ലാം നശിക്കും. ഇവിടെയാണ് വിശ്വാസവും സത്യവും നീതിയും കടമയും ധാർമ്മികതയും എല്ലാം ചോർന്നുപോകുന്നത്. ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളുമാണ് മനസ്സിനെ ശുദ്ധീകരിക്കുന്നത്. ഇത്തരം മനോഭാവം മനസ്സിലുണ്ടാകേണ്ടതാണ്. എല്ലാത്തിനേയും എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്നവർക്ക് എന്തെങ്കിലും നിസ്സാരമായ വേദനാനുഭവങ്ങൾ പെട്ടെന്ന് ഉണ്ടാകുമ്പോൾ (കാൽ ഒന്ന് എവിടെയെങ്കിലും തട്ടിയാൽ മതി അയ്യോ) എന്ന് അറിയാതെ പറഞ്ഞുപോകുന്നു. അയ്യോ എന്നത് അയ്യൻ അഥവാ ഈശ്വരൻ എന്ന് വിളിച്ചുപോകുന്നു. ഇത് സ്വാഭാവികമാണ്. തന്റെ വിശ്വാസത്തിന്റെയും ആചാരത്തിന്റെയും ധാർമ്മികത എന്താണെന്ന് അറിയാത്തത് കൊണ്ടാണ് മറ്റുള്ളവരുടെ വിശ്വാസങ്ങളെ കുറ്റപ്പെടുത്തുന്നത്. അറിയുന്നവർ തങ്ങൾ കരുതുന്നത് പോലെയാണ് മറ്റുള്ളവരും എന്ന് മനസ്സിലാക്കും. അതിനാൽ വിമർശിക്കാനോ എതിർക്കാനോ പോവുകയില്ല. മറ്റുള്ളവരുടെ വിശ്വാസത്തെയും വിലയിരുത്തുന്നു. എല്ലാവരും ഇവിടെ വിരുന്നുകാരാണ്. എന്നാണ് തിരികെ പോകേണ്ടത് എന്ന് അറിയുകയില്ല. ചുരുങ്ങിയ കാലയളവിൽ തമ്മിൽ പ്രശ്നങ്ങൾ സൃഷ്ടിച്ച് പക പോക്കുന്നത് എന്തിന് വേണ്ടിയാണ്. ഒരുപക്ഷേ ഒരുചാൺ വയറിന് വേണ്ടിയാണോ കോലാഹലങ്ങൾ ഉണ്ടാക്കി ശത്രുത സമ്പാദിക്കുന്നത് എന്തിന് വേണ്ടിയാണെന്ന് സ്വയം അറിയുക. പ്രകോഭനങ്ങൾക്ക് അടിമയാകാതെ

സ്വയം ചിന്തിക്കാൻ കഴിവുള്ളപ്പോൾ എന്തിന് മറ്റുള്ളവരുടെ പ്രകോഭനങ്ങൾ സ്വീകരിക്കണം. പലരേയും വേഷം കെട്ടിച്ച് തുള്ളിപ്പിക്കുന്നത് ചിലർക്ക് മുതലെടുക്കുവാൻ വേണ്ടിയാണ്. ഇത് പാപം, തുള്ളുന്നവർ അറിയുന്നില്ല. ചിലർ പതുങ്ങിയിരുന്നുകൊണ്ട് ചതിയുടെ വിത്തുകൾ പാകുന്നു. ഇത് മുളച്ചുവരുന്നതോടുകൂടി നാട് കുട്ടിച്ചോറാകുന്നു. അത് അവസാനത്തിൽ തന്നിൽ തന്നെ എത്തിച്ചേരുന്നു. വിശ്വാസത്തെപ്പറ്റി വായ് തോരാതെ പറയുന്നവർക്ക് നടപ്പിലാക്കാൻ കഴിയാതെ പോകുന്നു. എന്നാൽ അതുകേട്ട് നിന്നവർക്ക് വിശ്വാസത്തിന്റെ പേരിൽ യഥാർത്ഥമാകുന്നു. ഒരു പൊതു ചടങ്ങിൽ വിശ്വാസത്തെപ്പറ്റി പറഞ്ഞത് നിങ്ങൾക്ക് വിശ്വാസം ഉണ്ടെങ്കിൽ ഒരു പുഴ കടക്കണമെങ്കിൽ നിങ്ങളുടെ തലയിൽ കെട്ടിയ ടൗവ്വൽ മതി അത് പുഴയിൽ ഇട്ട് അതിൽ കയറിനിന്നുകൊണ്ട് അക്കരപറ്റാം. പറഞ്ഞ ആൾക്ക് ഒരു വിശ്വാസിയുടെ വീട്ടിലായിരുന്നു ഭക്ഷണം ഏർപ്പാട് ചെയ്തത് ഇത് പുഴ കടന്നു വേണം പോകാൻ. വിശ്വാസപ്രസംഗം നടത്തിയ ആളും കേട്ടിരുന്ന വിശ്വാസിയും കൂടി പുഴവക്കത്ത് എത്തി വിശ്വാസത്തെ പറ്റി അറിഞ്ഞ വ്യക്തി കൈയ്യിലുള്ള ടൗവ്വൽ പുഴയിൽ വെച്ച് അതിൽ കയറി. പ്രസംഗിച്ച ആൾ പുഴവക്കത്ത് തന്നെ. എന്താ നിങ്ങൾ വരുന്നില്ലെ ? എനിക്ക് ടൗവ്വൽ പുഴയിലിട്ടാൽ വരാൻ പറ്റുകയില്ല. ഞാൻ താണുപോകും നീന്തൽ വശവുമില്ല. ഇതുപോലെ തന്നെയാണ് ചൂണ്ടുപലകയും. ദൂരം, സ്ഥലം കാണിക്കുന്നു. ചൂണ്ടുപലക ഒരു സ്ഥലത്തുതന്നെ. എത്തേണ്ടത് നമ്മൾ ആണല്ലോ. ഇതുതന്നെയാണ് വിശ്വാസം എന്നത്. ശക്തിയാണ്, അത് വിശ്വാസികളായവരെ രക്ഷിക്കുന്നു.

**കൃതികളും കത്തുകളും**
**അയക്കേണ്ട വിലാസം :**
**ഏക തത്ത്വ**
**പോസ്റ്റ് ബോക്സ് നമ്പർ - 70**
**പാലക്കാട് - 678001**



**കൃഷ്ണ എഴക്കാട്**
**9847469166**



# പ്രണയ മരീചിക

**തി**രക്കേറിയ ബസ്സിൽ ഇരിക്കാൻ സീറ്റ് കിട്ടിയതേ കൗസല്യ ഭാഗ്യമായി കരുതി. ആശുപത്രിയിൽ രണ്ടുനേരത്തെ ഡ്യൂട്ടി ഒരുമിച്ചെടുത്തതാണ് ക്ഷീണം കൂടാൻ കാരണം. ഓവർടൈം എടുത്താൽ വേതനം കൂടും. ലോണടവ്, ഫീസ്, പലചരക്ക്, പാല്, പത്രം, മകൾക്ക് ടൂറിനും വേണം ഈ മാസം കാശ്.

"ഡിഗ്രി അവസാനവർഷമല്ലെ കൂട്ടുകാരുടെ കൂടെ പോകാൻ അവൾക്കും കാണില്ലെ മോഹം?" വയ്യാതെ കിടക്കുന്ന അച്ഛന്റെ പിൻതുണ.

ഏഴാം ക്ലാസ്സുകാരിക്കും മലമ്പുഴ കാണണം. "ചേച്ചിക്ക് ദൂരെ പോകാം എങ്കിൽ എനിക്കും!"

അവകാശങ്ങൾ വാശി പിടിച്ച് വാങ്ങാൻ മക്കളെ ആരും പ്രത്യേകം പഠിപ്പിക്കേണ്ടാ!! ചിന്തകൾ കാട് കയറിയിരിക്കുമ്പോഴാണ് തിരക്കിക്കയറി കുറെ കോളേജ് വിദ്യാർത്ഥികൾ. കുറ്റം പറയരുതല്ലോ കാണാൻ നല്ല സുന്ദരീ സുന്ദരൻമാർ പക്ഷെ വർത്തമാനം തുടങ്ങിയതും കൗസല്യയുടെ മനം കാളാൻ തുടങ്ങി.

മുടി മുന്നിലേക്കിട്ട സുന്ദരി പിന്നിലെ പയ്യനോട് പാഴിയാരം പറയാൻ തുടങ്ങിയിട്ട് ഏറെനേരമായി അവന്റെ കുത്തിക്കുത്തി ചോദ്യങ്ങളും സമാധാനിപ്പിക്കലും സ്റ്റോപ്പെത്തി ഹായ് പറച്ചിലും കഴിഞ്ഞു. അവളിറങ്ങിയ പാടെ കൂട്ടുകാരികളായ മന്ഥരമാർ പകിട കളി തുടങ്ങി.

"പാവം നിഷ്കളങ്ക പത്തിരുപതെണ്ണത്തിനെ വളച്ചൊടിച്ചിട്ടതാ സൂക്ഷിച്ചോടാ"

"അതുപിന്നെ കണ്ടപ്പോഴെ ഞാനറിഞ്ഞില്ലെ എനിക്ക് വേറെ എത്രയെണ്ണമിരിക്കുന്നു!?"

വേറൊരുത്തൻ പ്രൊപ്പോസ് ചെയ്ത സന്തോഷം പെണ്ണൊരുത്തിക്ക്. മറ്റൊരു പെണ്ണിന്റെ അമ്മ ലൈനടി സമ്മതിക്കാത്ത സങ്കടം. അമ്മക്കെതിരെ കേസ് കൊടുക്കാൻ പറഞ്ഞ് മറ്റൊരുത്തന്റെ ഉപദേശം.

വിവാഹബ്യൂറോ ആണോ പ്രീ മാരിറ്റൽ സെന്ററാണോ ഈ കോളേജ് ? വയറ് നിറക്കാൻ ജീവിതം രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന രക്ഷിതാക്കളുടെ മനം കുളിർപ്പിക്കുന്ന ഒരു വാക്കും ഒരുത്തനും ഒരുത്തിയും പറഞ്ഞുകേട്ടില്ല.

അടുത്തിരുന്ന് പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന പെൺകുട്ടിയുടെ വരണ്ട മുടിയിഴകളിലേക്കവൾ നിറകണ്ണുകളോടെ നോക്കി

"മോളെവിടെ പഠിക്കുന്നു?"

ഉഷാറോടെ അവൾ പറഞ്ഞു 'എൻട്രൻസിന്'

"അമ്മ ? അച്ഛൻ?"

"അമ്മ വീട്ടുപണിക്ക് പോകുന്നു. അച്ഛൻ ഡ്രൈവർ. പ്ലസ്ടുവിന് നല്ല മാർക്കുണ്ട് എൻട്രസിന് ഒന്നു ശ്രമിക്കും. കിട്ടിയില്ലെങ്കിൽ PSC കോച്ചിംഗിന് പോയിപ്രൈവറ്റായി ഡിഗ്രിക്ക് പഠിക്കും. ഒരു ജോലി... ഒരു ജോലി... അതാണെന്റെ സ്വപ്നം."

എന്തിനെന്നറിയാതെ കൗസല്യയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ മിടുക്കിയുടെ നെറുകയിൽ ചുംബിച്ചു കൊണ്ടവൾ പറഞ്ഞു. "നന്നായ് വരും കുട്ടീ... നിന്റെ സ്വപ്നം പോലെ..!"

■ കവിത

# തക്കേനുക്ക



**മുകുന്ദൻ കുറുവട്ടൂർ**
**9048160748**

(ആഗസ്റ്റ് 6 ഹിറോഷിമ ദിനം. ചരിത്രത്തിലെ സമാനതകളില്ലാത്ത കറുത്ത ദിനം. അതിൽ ദുരന്തം വരിക്കേണ്ടിവന്ന 'തക്കേനുക്ക' എന്ന കോളേജദ്ധ്യാപകന്റെ ദുരനുഭവങ്ങൾ ആവിഷ്ക്കരിക്കുന്ന കവിത)


മയക്കം വിട്ടുണർന്നിട്ടേറെയായെങ്കിലും
തലയുയർത്തുവാൻവയ്യ; മേലാകെ നോവുന്നു,
ഭഗ്ദ്ധവിപിനം പോൽ പുകയുന്നു, മാനസം...
അയയുകയല്ല, യുദ്ധം മുറുകുകയത്രേ !
ആ വാർത്ത ഇടിത്തീ കണക്കെ,
എൻ ഹൃദയം പിളർക്കുന്നു...
ഈയുദ്ധമൊന്നുതീർന്നെങ്കിൽ... എത്ര
നിർന്നിദ്രരാക്കളിൽ, ഈവിധം ഞങ്ങൾ പ്രാർത്ഥിച്ചു,
തീവ്രമായ്...
ഒക്കെയും നിഷ്ഫലം; കാതുകുത്തി-
ത്തുളയ്ക്കുന്നൊരൊച്ചയോടെത്ര
താഴ്ന്നു പറപ്പൂ, വിമാനങ്ങൾ
പൊട്ടുകയാണ്, മിസ്സൈലുകൾ, ബോംബുകൾ,
വീശുകയാണ് തീക്കാറ്റു ചുറ്റിലും
രാപ്പകൽ ഭേദമില്ലാതെ കത്തുന്നു
ജനപദങ്ങളും നഗര ഗ്രാമങ്ങളും
അന്തരീക്ഷത്തിൽ മാറ്റൊലികൊള്ളുന്നു
പാതിവെന്ത മനുഷ്യർ തൻ രോദനം
സൂര്യൻ പോലും മറന്നുവോ, ഞങ്ങളെ
കരിംഭൂതമായ് മുടിയഴിച്ചാടുന്നു, വ്യോമവും

ഇന്നലെ രാവിലെൻ വീട്ടിൽ പതിച്ചൊരു
മിസ്സൈലെന്റെ കുടുംബമാകെ
തകർത്തുപോയ്
ഞാനി, ന്നിവിടെയീഷെൽട്ടറിലീവിധം
പാതി ചത്തൊരു, ജീവച്ഛവം പോലെ
ആരായിരുന്നു ഞാൻ ? തക്കേനുക്കയോ
ഹിരോഷിമാ യൂണിവേഴ്സിറ്റിയിലെ
വിഖ്യാതനാം പ്രൊഫസറോ ?
ആരാകിലെന്ത് ? ഉടൽ പാതിവെന്ത്,
ആകെ കരിഞ്ഞൊരു വികൃത രൂപിക്ക്
ഇത്തരം അലങ്കാരമൊക്കെയും നിരർത്ഥകം !
കത്തുന്ന വീട്ടിൽ നിന്നും, ഇട്ടവസ്ത്രങ്ങൾ പോലും
കത്തിയ മട്ടിൽ ഞാൻ, ഇന്നലെ രാവിൽ
കയ്യിലൊരരിയുണ്ടയുമായ് പ്രാണൻ പിട-
ഞ്ഞോടവേ, വഴിയിലെവിടെയോ,
വീണുപോയത്രേ, കഷ്ടം!
ഇവിടെയീ ഷെൽട്ടറിൽ, അർദ്ധപ്രാണനാ-
മായിരങ്ങളോടൊത്തു, മരണം കാത്തു
കിടക്കവെ, കാണുന്നു ഞാൻ തങ്ങൾ തൻ
വിജയത്തിൽ ഹർഷോന്മാദം കൊള്ളും
ചിലരെ, വിദൂരസ്ഥലികളിൽ എവിടെയോ,
കരൾ പിളരും വേദനയുമായാഭ്രാതാക്ക-
ളോടർത്ഥിക്കുകയാണ് ഞാൻ – "ഇത്തരം
വിജയങ്ങൾ ഇനി മേലൊരിയ്ക്കലും
ആവർത്തിച്ചീടരുതേ, നിങ്ങൾ !"

കുറിപ്പ്: ലോകചരിത്രത്തിലെ സമാനതകളില്ലാത്ത ദുരന്തമായിരുന്നു 1945ലെ ഹിരോഷിമാ ബോംബ് സ്ഫോടനം. അതിലെ ദുരന്ത കഥാപാത്രമാണ് ഹിരോഷിമാ യൂണിവേഴ്സിറ്റി പ്രൊഫസറായിരുന്ന തക്കേനുക്ക. ൦

■ ദൈവനാമത്തിൽ

# ഉറക്കം ഒരു ചെറുമരണം



**മുഹമ്മദ് കനി**
**8157874953**

**ശ്രീ**മദ് ഭഗവദ്ഗീതയും, വിശുദ്ധ ബൈബിളും, പരിശുദ്ധ ഖുർ ആനും നമ്മോടു പറയുന്നു മരണത്തിനുശേഷം ജീവിതമുണ്ടെന്ന്. സ്വർഗ്ഗം എന്ന സമ്മാനവും, നരകം എന്ന ശിക്ഷയുമുണ്ടെന്ന്. വിശ്വസിയ്ക്കുവാൻ സാധിയ്ക്കുന്നില്ലെങ്കിൽ ഇതൊന്നു ശ്രദ്ധിയ്ക്കുക. ആയിരത്തിലധികം വർഷങ്ങൾക്കുമുമ്പ് ദൈവം നമ്മോട് പറഞ്ഞു 'ഉറക്കം ഒരു ചെറു മരണ'മാണെന്ന്. വേദഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ശാസ്ത്രജ്ഞന്മാർ അക്കാര്യം ശരിയാണെന്ന് തെളിയിച്ചു.

ഉറക്കം ഒരു ചെറുമരണമാണെങ്കിൽ നാം കാണുന്ന സ്വപ്നം ഒരു ചെറുപരലോകമല്ലേ? സ്വപ്നം ഒരു ചെറുപരലോകമാണെങ്കിൽ സുന്ദരസ്വപ്നങ്ങൾ ഒരു ചെറുസ്വർഗ്ഗമല്ലെ ? സുന്ദരസ്വപ്നങ്ങൾ ഒരു ചെറുസ്വർഗ്ഗമാണെങ്കിൽ ദുഃസ്സ്വപ്നങ്ങൾ ഒരു ചെറിയ നരകമല്ലെ ? നാം നിത്യേന ഉറങ്ങുന്ന ചെറുമരണത്തിൽ ജീവിതമുണ്ടെങ്കിൽ (സ്വപ്നം) നിരന്തരമായ ഉറക്കമാകുന്ന മരണത്തിനുശേഷം ജീവിതമില്ലായെന്ന് എങ്ങിനെയാണ് വിശ്വസിക്കുവാൻ കഴിയുക. ചിന്തിക്കുക ദൈവനാമത്തിൽ.

ദൈവത്തിനു സ്തുതി



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

रजिस्ट्री सं० डी० एल०-33004/99 REGD. NO. D. L.-33004/99

भारत का राजपत्र
The Gazette of India

असाधारण
EXTRAORDINARY
भाग II—खण्ड 3—उप-खण्ड (ii)
PART II—Section 3—Sub-section (ii)
प्राधिकार से प्रकाशित
PUBLISHED BY AUTHORITY

सं. 861] नई दिल्ली, शुक्रवार, अप्रैल 8, 2016/चैत्र 19, 1938
No. 861] NEW DELHI, FRIDAY, APRIL 8, 2016/CHAITRA 19, 1938

# SOLID WASTE MANAGEMENT RULES 2016 ( extracts)

Rule 3. Definitions –

(11). "Combustible waste" means non-biodegradable, non-recyclable, non-reusable, non hazardous solid waste having minimum calorific value exceeding 1500 kcal/kg and excluding chlorinated materials like plastic, wood pulp, etc;

(32). "Non-biodegradable waste" means any waste that cannot be degraded by micro organisms into simpler stable compounds;

---

അജൈവ ഖര മാലിന്യങ്ങൾ ഉണ്ടാവുമ്പോൾ തന്നെ ഉന്മൂലനം ചെയ്യുക.അതു സ്വയം നിർവ്വഹിക്കുക. ഇന്ത്യക്കു മുഴുവൻ ബാധകമായ സോളിഡ്‌വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസിൽ നിർവചിച്ചിട്ടുള്ള കത്തിച്ചു കളയാൻ സാധിക്കുന്ന നനവില്ലാത്ത എല്ലാ ഖര മാലിന്യങ്ങളും തുറന്ന സ്ഥലങ്ങളിൽ കൂട്ടിയിട്ടു കത്തിക്കാൻ നിയമം അനുവദിക്കുന്നില്ല. യാതൊരു വിധ ദുർഗന്ധവും കഠിനമായ പുകയും പുറപ്പെടുവിക്കാതെ അഗ്നിച്ചുഴലിയിൽ എരിച്ചു കളയാനുള്ള ഉപകരണം **UR FURNACE** പേറ്റന്റ് സംരക്ഷിച്ചു കെണ്ട് വില്പനആരംഭിച്ചിരിക്കുന്നു. ചട്ടം15(വൈ) പ്രകാരം ഫാറം1ൽ അപേക്ഷിച്ച് മാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശഭരണകൂടങ്ങൾ അധികാരപത്രം വാങ്ങിയിരിക്കണമെങ്കിലും ദിവസേന 5 മെട്രിക് ടണ്ണിൽ കൂടുതലാണെങ്കിൽ മാത്രമേ ആവശ്യമുള്ളൂ അതുകൊണ്ട് എല്ലാ വീടുകൾക്കും ചെറുകിട സ്ഥാപനങ്ങൾക്കും ശുപാർശ ചെയ്യാവുന്നതാണ് .

യാതൊരു വിധ ഇന്ധനച്ചെലവും ഇല്ല




100 ശതമാനം പ്രവർത്തന യോഗ്യം.

**[PATENT PROTECTED]**

AARVEE
Energy Controls

Door No: 37/1673-A,OPP. GAJANAN Appartments,
Nethaji Nagar Road, Jawahar Nagar,
Kadavanthara, Ernakulam,Kerala-682020.
Phone : 9744301180,9447301180

**Published on 15/12/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 2, January 2019, Rs 15/-**
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com